
# അൽഫദ്

പുസ്തകം 20 | ലക്കം 1 | ജനുവരി 2012 | സുൽഹ് 1391 | സഫർ - റ.അവ്വൽ- 1433



## തിരുനബി(സ)യുടെ മഹത്വവും സൗന്ദര്യവും ലോകത്തു മുഴുവൻ പരത്തുവിൻ

ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

നമുക്ക് ഹദ്റത് മസീഹ് മൗഊദ്(അ) പഠിപ്പിച്ചുതന്ന മാർഗം, തിരുനബി(സ)ന്റെ മഹത്വങ്ങൾ പ്രകീർത്തിക്കാനും, തിരുനബിയുടെ സൗന്ദര്യത്തേയും, പ്രകാശിത വശങ്ങളേയും സംബന്ധിച്ച് ലോകത്തെ മനസിലാക്കി കൊടുക്കാനുമാണ്. അത് ഇന്ന് ലോകത്തിന്റെ കണ്ണുകളിൽ നിന്ന് മറഞ്ഞിരിക്കുകയാണ്.

ഞാൻ ജമാഅത്തിന്റെയും, പോഷകഘടകങ്ങളുടെയും ശ്രദ്ധ ക്ഷണിച്ചത്, തിരുനബി(സ)ന്റെ ജീവിതത്തിലെ മേന്മകളെക്കുറിച്ച് ലേഖനങ്ങളും, കത്തുകളും എഴുതാനാണ്. നമ്മുടെ ബന്ധങ്ങൾ വിശാലമാക്കണം.തിരുനബിയുടെ മനോഹരമായ ജീവിതത്തെ ലോകത്തിന് കാണിച്ചുകൊടുക്കേണ്ടതാണ്. അല്ലാഹു തിരുനബി(സ)നെ കുറിച്ച് പറഞ്ഞ് "വമാ അർസൽനാക്ക ഇല്ലാ റഹ്മത്തൻല്ലിൽ ആലമീൻ" (അമ്പിയാഅ്:108) നാം നിന്നെ ലോകത്തിന് മുഴുവനും കാരുണ്യമായിട്ടല്ലാതെ അയച്ചിട്ടില്ല എന്നാണ്. തിരുനബിയേക്കാളും വലിയതും, അനുഗ്രഹങ്ങൾ വിതരണം ചെയ്യുന്നതുമായ വ്യക്തി മുമ്പൊരിക്കലും ജനിച്ചിട്ടില്ല. ഇനി ജനിക്കുന്നതുമല്ല. അതേ, തിരുനബി(സ)ന്റെ മാതൃക മാത്രമാണ് എന്നെന്നും നിലനിൽക്കുക. അതിലൂടെ ചരിക്കാൻ ഓരോ മുസ്ലിമും ശ്രമിക്കേണ്ടതാണ്. ഇക്കാര്യത്തിലും അഹ്മദികൾക്ക് ഭാരിച്ച ഉത്തരവാദിത്വമാണുള്ളത്. *(ഖുത്ബ ജുമുഅ: 10.2.2006)*




5 തിരുനബിയെ അനുധാവനം ചെയ്യുവിൻ
13 ഐക്യത്തിന്റെ പ്രധാന്യം
18 മിഅ്റാജ് ഒരു ആത്മീയ ദർശനം
11 സ്വലാത്ത് ചൊല്ലുന്നതിന്റെ അനുഗ്രഹങ്ങൾ
15 ഖബർ സന്ദർശനം
21 നബിയെ മറന്ന നബിദിനാഘോഷം



# മുഹമ്മദ് നബി (സ)
## മാനവികതയുടെ പ്രവാചകൻ

**അല്ലയോ പ്രവാചകരേ,**
**താങ്കൾ ഉന്നത സദ്സ്വഭാവങ്ങളിൽ വിരാജിക്കുന്നു.** (68:5)

- മനുഷ്യകുലത്തെ സ്നേഹിക്കാൻ ഉപദേശിച്ചു
- അശരണരേയും രോഗികളേയും, വൃദ്ധരേയും, അഗതിക ളേയും സ്ത്രീകളേയും കുട്ടികളേയും, അനാഥരേയും സഹായിക്കാൻ എപ്പോഴും തയ്യാറായിരുന്നു.
- ഒരിക്കൽ പറഞ്ഞു: പെൺമക്കളെ നല്ലനിലയിൽ പോറ്റിവളർത്തുക.
- അനാഥ സംരക്ഷണത്തെ പ്രോത്സാഹിപ്പിച്ചു.
- യുദ്ധത്തിൽപോലും വൃദ്ധരേയും സ്ത്രീകളേയും അക്രമിക്കരുതെന്ന് ഉപദേശിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തു.
- അന്യന്റെ വിശപ്പടക്കാൻ സ്വയം വിശപ്പ് സഹിച്ചു.
- കർമ്മങ്ങൾ സ്വയം ചെയ്ത് മാതൃകയായി.
- അവിടന്ന് പറഞ്ഞു: സമുദായത്തിന്റെ നേതാവ് അവരുടെ സേവകനാണ്.
- ബന്ധികളോടുപോലും നല്ലനിലയിൽ വർത്തിച്ചു.
- സ്വയം പട്ടിണി കിടന്നും അവരെ പോറ്റി.
- മൃതദേഹങ്ങളെ ആദരിച്ചു. ജൂതന്റേതെന്നോ, മുസ്ലിമിന്റേതെന്നോ തരംതിരിവില്ലാതെ.
- ശത്രുനായകരേയും ആദരിച്ചു. അവിടന്ന് പറഞ്ഞു: ഒരു സമൂഹത്തിന്റെ നേതാവ് നിങ്ങളുടെ അടുക്കൽ വന്നാൽ നിങ്ങൾ അവരെ ആദരിക്കുക.
- അയൽവാസിയോട് നല്ലനിലയിൽ പെരുമാറാൻ കല്പിക്കു കയും നടപ്പിൽ വരുത്തുകയും ചെയ്തു.
- ഉറുമ്പിനെപോലും തീയിടുന്നത് വിലക്കി.
- പക്ഷികളേയും മൃഗങ്ങളേയും പീഡിപ്പിക്കുന്നത് വിലക്കി.
- കരയുന്ന തള്ളപക്ഷിക്ക് കുട്ടികളെ തിരിച്ചുകൊടുക്കാൻ അനുചരരോട് കല്പിച്ചു.
- ഒരു മൃഗം കാൺകെ മറ്റൊരു മൃഗത്തെ അറുക്കുന്നത് വിലക്കി.
- അറുക്കുമ്പോൾ മൂർച്ചയുള്ള കത്തി ഉപയോഗിക്കണം.
- വഴിയിൽ കിടക്കുന്ന മുള്ള് മാറ്റുന്നത് വിശ്വാസിയുടെ ധർമ്മമാണ്.
- ശത്രുക്കൾക്ക് മക്കാവിജയത്തിൽ പൊതുമാപ്പ് നൽകി.
- അതിൽ തന്റെ പിതൃവ്യന്റെ കരൾ ചവച്ച ഹിന്ദും ഉണ്ടായിരുന്നു.
- ബദ്ധശത്രുവായിരുന്ന അബൂജഹ്ലിന്റെ പുത്രൻ ഇക്‌രിമക്കും മാപ്പ് നൽകി.
- ഇക്‌രിമക്കുവേണ്ടി പ്രാർത്ഥിക്കുകയും പിതാവിനെ പറ്റി പറഞ്ഞ് അദ്ദേഹത്തെ വേദനിപ്പിക്കരുതെന്നും കല്പിക്കുകയും ചെയ്തു.
- കരാർ പാലനത്തിൽ അണുഅളവ് തെന്നിമാറുന്നത് ഇഷ്ടപ്പെട്ടില്ല.
- വിദ്യാസമ്പാദനം ഓരോ മുസ്ലിമിനും നിർബന്ധമാക്കി.
- അന്യന്റെ മുതൽ  പിടിച്ചുപറിക്കുന്നതിനെ വിരോധിച്ചു.
- കച്ചവടത്തിനുമേൽ കച്ചവടം നടത്തുന്നതും പൂഴ്ത്തിവെപ്പും നിയമാനുസൃതം തടഞ്ഞു.
- ഒരു ഭാഗത്ത് വിവാഹാലോചന നടക്കുമ്പോൾ മറ്റൊരാൾ അതേ വിവാഹം അന്വേഷിക്കുന്നത് വിലക്കി.
- പലിശ നിയമാനുസൃതം റദ്ദാക്കി
- കൃഷിഭൂമി തരിശിടുന്നത് വിലക്കി
- അടിമവിമോചനം ആദ്യമായി നടപ്പാക്കി അവർക്ക് സമൂഹത്തിൽ സാധാരണ ഏത് സ്വതന്ത്രമനുഷ്യനുമുള്ള സ്ഥാനം നൽകി.
- ബിലാൽ, ഇബ്നുസീരീൻ, ഖുത്ബുബുദ്ദീൻ ഐബക് തുടങ്ങിയ നക്ഷത്രങ്ങൾ അടിമകളിൽനിന്ന് ഉയർന്നുവന്നവരാണ്.
- പിന്തുടർച്ചാവകാശത്തിൽ സ്ത്രീകൾക്കും പങ്കാളിത്തം പ്രഖ്യാപിച്ചു.
- അന്യമതസ്തരുടെ ആരാധനാലയങ്ങളേയും പുരോഹിതന്മാ രേയും, മതപാഠശാലകളേയും അനുസ്യൂതം തുടരാൻ മദീനയിൽ അനുവദിക്കുകയും അതിൽ കൈകടത്തരുതെന്ന് കല്പിക്കുകയും ചെയ്തു.
- എല്ലാ ലഹരി പദാർത്ഥങ്ങളും നിഷിദ്ധമാക്കി.
- നരഹത്യയെ വെറുക്കുകയും അതിന്നെതിരെ അനുയായി കളെ ബോധവൽക്കരിക്കുകയും ചെയ്തു.
- തിന്മയെ നന്മകൊണ്ട് എതിർക്കാൻ പഠിപ്പിച്ചു.
- അനാവശ്യ ചെലവുകളുടെയും, അനാചാരങ്ങളുടെയും കുരുക്കുകൾ ഇല്ലാതാക്കി
- വിവാഹത്തിന് സ്ത്രീക്ക് മഹ്ർ കൊടുക്കണമെന്നും അവളോട് സ്ത്രീധനം ആവശ്യപ്പെടുന്നത് ലജ്ജാഹീനമായ പ്രവൃത്തിയാണെന്നും ഉദ്ബോധിപ്പിച്ചു.



**അതെ, ആ പുണ്യപ്രവാചകൻ സന്മാർഗ്ഗത്തിന്റെ സഞ്ചാരപഥത്തെ ക്ലിപ്തമായി നിർണ്ണയിച്ചുകൊണ്ട് മനുഷ്യകുലത്തെയാകമാനം മൃഗീയതയിൽനിന്ന് മനുഷ്യത്വവും അവിടെനിന്ന് ദൈവവർണമുള്ളവരും ആക്കിത്തീർത്തു.**



# തിരുനബി ചരിത്രം: ഒറ്റനോട്ടത്തിൽ

## ജനനം

ഗജവത്സരം 1 റബീഉൽ അവ്വൽ 12 (570 എ.ഡി)
ഒരു മാസത്തിനുശേഷം ഉമ്മു ഹലീമയുടെ അടുത്തേക്ക് സ്തന്യപാനത്തിന്

**വയസ്സ്**

5 - മാതാവിന്റെ മടിത്തട്ടിലേക്കുള്ള തിരിച്ചുവരവ്
6 - മാതാവിന്റെ വിയോഗം
8 - പിതാമഹൻ അബ്ദുൽ മുത്വലിബിന്റെ വേർപാട്
12 - ആദ്യമായി കച്ചവടാവശ്യാർത്ഥം ശാമിലേക്കുള്ള യാത്ര.
25 - ഹദ്റത്ത് ഖദീജ(റ)യെ വിവാഹം കഴിക്കുന്നു.
30 - സമൂഹം അൽ അമീൻ (വിശ്വസ്തൻ) എന്ന് സ്ഥാനപ്പേര് നല്കുന്നു.
35 - എല്ലാ ഗോത്രക്കാരുടെയും വിധികർത്താവ് എന്ന നിലയിൽ കഅ്ബയുടെ ചുമരിൽ ഹജ്റെ അസ്വദ് വെക്കുന്നു.
37 - ഹിറാഗുഹയിൽ പ്രാർത്ഥനകളും ഏകാന്തവാസവും
40 - വഹ്‌യ്‌യുടെ (വെളിപാട്) ആരംഭം



House of Haleema

## നുബുവ്വത്തിനുശേഷം

*നബ്‌വി* **വയസ്സ്**

3 - 43 : 40 സ്ത്രീപുരുഷന്മാർ ഇസ്‌ലാംമതം സ്വീകരിക്കുന്നു.
5 - 45 : ഹബ്ശയിലേക്ക് നബിയുടെ അനുയായികൾ പലായനം ചെയ്യുന്നു.
6 - 46 : ഹദ്റത്ത് ഹംസയും ഹദ്റത്ത് ഉമറും ഇസ്‌ലാംമതം വിശ്വസിക്കുന്നു.
7 - 47 : മക്കക്കാരുടെ ബഹിഷ്കരണവും തടവും.
10 - 50 : സാമൂഹ്യബഹിഷ്കരണം അവസാനിക്കുന്നു.
അബൂത്വാലിബിന്റെയും ഹദ്റത്ത് ഖദീജ(റ)യിടെയും വിയോഗം.
ഇസ്‌ലാം മതപ്രചാരണാർത്ഥം ത്വായിഫ് യാത്ര.
ഹദ്റത്ത് ആയിശയുമായുള്ള നിക്കാഹ് (വിവാഹം നാല് വർഷത്തിനുശേഷം)
മിഅ്റാജ്.
11 - 51 : 6 മദീനാവാസികളുടെ ഇസ്‌ലാം ആശ്ലേഷണം
12 - 52 : 12 മദീനാവാസികളുടെ ഇസ്‌ലാം ആശ്ലേഷണം.
13 - 53 : 72 മദീനാവാസികളുടെ ഇസ്‌ലാം ആശ്ലേഷണം

## ഹിജ്റത്തിനുശേഷം

**ഹിജ്റ വയസ്സ്**

1 54 : മദീനയിലേക്ക് പലായനം
2 55 : ആദ്യപ്രതിരോധയുദ്ധം - ബദ്ർ. മുസ്‌ലിം സൈന്യബലം: 313 ശത്രുസേനാബലം - 1000
3 56 : രണ്ടാമത്തെ പ്രതിരോധയുദ്ധം ഉഹദ്. ആമിർഗോത്രത്തിന്റെ വഞ്ചന.
4 57 : ഖാരി (ശരിയായ ഉച്ചാരണത്തോടെ ഖുർആൻ ഓതുന്നവർ) മാരുടെ ശഹാദത്ത് - വീരമൃത്യു
5 58 : ഖന്തഖ് യുദ്ധം (ശത്രുസേനാബലം 12000-15000)
6 59 : ഹുദയ്ബിയാ സന്ധി (തിരുനബിയോടൊപ്പം 1800 സ്വഹാബാക്കൾ ഉണ്ടായിരുന്നു)
7 60 : ഖയ്ബർ പിടിച്ചടക്കുന്നു. രാജാക്കന്മാരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തുകൾ അയക്കുന്നു.
8 61 : മുഅ്ത്താ യുദ്ധം, മക്കാവിജയം, ഹുനയ്ൻ യുദ്ധം.
9 62 : തബൂക്ക്, മുസ്‌ലിംകൾ ഹജ്ജ് നിർവഹിക്കുന്നു. ജനങ്ങൾ ഇസ്‌ലാമിലേക്ക് വരുന്നു.
10 63 : ഹജ്ജത്തുൽ വിദാഅ്, അവസാനത്തെ ഖുത്വ്ബ - പ്രഭാഷണം.
11 64 : രോഗവും, വിയോഗവും.



The-cave-Hira



Badr



Arafa

## Glass, Handle with Care

ഹ. അനസ് (റ) നിവേദനം ചെയ്യുന്നു, നബി തിരുമേനി(സ) ഒരു യാത്രക്കായി പുറപ്പെടുകയായിരുന്നു. അഞ്ചാശാ എന്നു പേരുള്ള ഒരു നീഗ്രോ അടിമയാണ് ഒട്ടകത്തെ തെളിച്ചിരുന്നത്. ഒട്ടകം വേഗത്തിൽ നടക്കാൻ തുടങ്ങിയപ്പോൾ നബി(സ) ആ നീഗ്രോ അടിമയോട് പറഞ്ഞു: അഞ്ചാശാ, സാവധാനത്തിൽ, ഒട്ടകപ്പുറത്ത് പളുങ്ക് പാത്രമാണുള്ളത്.

**Glass, Handle with Care** എന്ന ശൈലി ഇന്ന് പൊതുവിൽ ഉപയോഗിക്കപ്പെടുന്നു. വാസ്തവത്തിൽ ഈ ശൈലി ആദ്യമായി പ്രയോഗിച്ചത് റസൂൽ തിരുമേനി(സ) ആയിരുന്നു. സ്ത്രീകളുടെ ഓമനത്വത്തേയും കോമളത്വത്തേയും മുൻനിർത്തിയാണ് നബി(സ) ഇത് പറഞ്ഞത്. അവരുടെ മനസും ശരീരവും ഉടയാതെ സൂക്ഷിക്കേണ്ടതിലേക്ക് ഇത് സൂചിപ്പിക്കുന്നു. ആയതിനാൽ അവരോട് കരുണയോടും അനുകമ്പയോടും കൂടി പെരുമാറേണ്ടതാണ്.

*ഖുത്ബ 21.01.2000 – ഹ. ഖലീഫത്തുൽ മസീഹ് റാബിഅ് ( റഹ് ) – വിവ. മൗ.മുഹമ്മദ് ഉമർ സാഹിബ്)*



**ഹദ്റത്ത് മുഹമ്മദ് നബി(സ)**

**മുഴുലോകത്തിനും അനുഗ്രഹമായിട്ടല്ലാതെ നാം നിന്നെ നിയോഗിച്ചിട്ടില്ല** (21:108)
**ഓ, മനുഷ്യകുലമേ, ഞാൻ നിങ്ങളിലേക്ക് എല്ലാവരിലേക്കുമായി നിയോഗിക്കപ്പെട്ടിരിക്കുന്നു.** (7:159)

# തിരുനബി(സ)യെ മാതൃകയാക്കി വിപത്തുകളെ നേരിടാൻ സജ്ജരായിരിക്കുക

## ഖാദിംകളോട്

**ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)**



നൂറ് ശതമാനം ആളുകളെയും ഖുർബാനിക്ക് സജ്ജരാക്കുക എന്നതാണ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്ഥാപന ഉദ്ദേശ്യം
ഹുസൂർ പറയുകയുണ്ടായി, ഖുർബാനി (ത്യാഗം) ചെയ്യേണ്ട അവസരം വന്നാൽ 99 അല്ല മറിച്ച് 100 പേരേയും അതിനായി തയ്യാറുള്ളവരാക്കുക എന്നതാണ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്ഥാപനോദ്ദേശ്യം. ഈയൊരാത്മാവ് നിങ്ങളിൽ ഉണ്ടായാൽ ലോകത്തുള്ള ഒരു സമുദായത്തിനും നിങ്ങളെ എതിരിടാൻ സാധ്യമല്ല. ദുനിയാവിലെ ഒരു ശക്തിയും നിങ്ങളുടെ വഴിയിൽ തടസ്സമാവില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിങ്ങളിൽ അധികപേരും വസിക്കുന്നത് ജനാധിപത്യത്തിന്റെ ഇസ്‌ലാമിക നിയമങ്ങൾ അനുസരിച്ചതുകൊണ്ട്, ഒരു പരിധിവരെ അക്രമവും അനീതിയും അനുവദിക്കാത്ത ഭരണകൂടത്തിന് കീഴിലാണ്. എന്നാൽ നിങ്ങൾ ഒരു രാജ്യത്ത് മാത്രം പരിമിതമാകരുത്. നിങ്ങൾ മുഴുലോകത്തും ഇസ്‌ലാമിന്റെ പതാക നാട്ടേണ്ടതാണ്. ഇന്നും ലോകത്ത് മതത്തിന്റെ പേരിൽ അക്രമങ്ങൾ നടക്കുന്ന രാജ്യങ്ങളുണ്ട്. അവിടങ്ങളിൽ വാളിന്റെ ശക്തികൊണ്ട് വിശ്വാസത്തെ മാറ്റിമറിക്കാൻ ശ്രമിക്കുന്നു. അതുകൊണ്ട് ഇത്തരം രാജ്യങ്ങളിലെ അവസ്ഥയെ നേരിടാൻ തയ്യാറായിരിക്കുക എന്നതും നിങ്ങളുടെ ഉത്തരവാദിത്തമാണ്..........

### ത്യാഗങ്ങൾക്ക് തയ്യാറാകൂ

അതുകൊണ്ട് ഇങ്ങനെയുള്ള അവസ്ഥകളെ തരണം ചെയ്യാൻ തങ്ങളെ തയ്യാറാക്കുക എന്നത് നിങ്ങളുടെ ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്. എന്തുകൊണ്ടെന്നാൽ ഒരുഭാഗത്ത് വിശ്വാസമാണ്. മറുഭാഗത്ത് വാളും. ഞങ്ങൾ ജീവൻ നൽകികൊണ്ട് വിശ്വാസത്തിൽ നിലനിൽക്കുമെന്ന് ഒരു പക്ഷേ, ഈ സമയത്ത് നിങ്ങളിൽ ഓരോരുത്തരും ആവേശത്തോടെ പറഞ്ഞേക്കാം. എന്നാൽ യാഥാർത്ഥ്യമെന്താണെന്നു വച്ചാൽ ഓരോ കാര്യത്തിനും തയ്യാറെടുപ്പും അതിന്റേതായ സമയവുമുണ്ട്. ഈ വർഷം ഏതൊരു അവസ്ഥയാണോ സംജാതമായിരിക്കുന്നത് അതുമുഖേന നിങ്ങളുടെ യൗവ്വന ആരംഭത്തിൽ തന്നെ അല്ലാഹു നിങ്ങളെ ജാഗരൂകരാക്കിയിരിക്കുന്നു. വരാൻ പോകുന്ന വിപത്തുകളെ നേരിടാൻ നിങ്ങൾ തയ്യാറാകുന്നതിന് വേണ്ടി 12-ാം വയസ്സിൽ യുവത്വത്തിൽ എത്തിനിൽക്കേ എല്ലാവിധ അപകടങ്ങളും നേരിടാനുള്ള ബുദ്ധിവികാസം നിങ്ങൾക്ക് ഉണ്ടായിട്ടുണ്ടോ എന്നാണ് ഇനി നോക്കേണ്ടത്. വിശ്വാസി അല്ലാഹുവിന്റെ കല്പനക്കനുസൃതമായിട്ടാണ് തന്നെ സംരക്ഷിക്കുന്നത്. എന്നാൽ ഒരു ഭാഗത്ത് നിങ്ങളുടെ ജീവനും മറുഭാഗത്ത് വിശ്വാസവുമാണെങ്കിൽ, തങ്ങളുടേയും അല്ലാഹുവിന്റെയും ഇടയിൽ തടസ്സമായി നിൽക്കുന്നത് തങ്ങളുടെ ജീവനാണെന്ന് മനസ്സിലാക്കികൊണ്ട് ഒരു നിമിഷം പോലും വൈകാതെ, യാതൊരു ഒഴിവുകഴിവും പറയാതെ തങ്ങളുടെ ജീവൻ ത്യാഗം ചെയ്യാനുള്ള തീരുമാനമെടുക്കാൻ നിങ്ങളുടെ ആത്മാക്കൾ തയ്യാറാകുമോ?

### സമയം ശരിയായ രീതിയിൽ വിനിയോഗിക്കുക

അല്ലാഹു നിങ്ങളെ ജാഗരൂകരാക്കിയിരിക്കുന്നു. അതുകൊണ്ട് ഇനി നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളെ ശക്തമാക്കി വരാൻ പോകുന്ന വിപത്തുകളെ നേരിടാൻ തയ്യാറാവുക. ആ തയ്യാറെടുപ്പ് എന്ന് പറയുന്നത് നിങ്ങൾ സമയത്തെ ശരിയായ രീതിയിൽ വിനിയോഗിക്കുക എന്നതാണ്. അധികമായി തബ്‌ലീഗ് ചെയ്യുക, ധാരാളമായി ഖിദ്മത്തെ ഖൽഖിൽ ഏർപ്പെടുക. ഖിദ്മത്തെ ഹൽഖ് സംബന്ധമായ നിങ്ങളുടെ ജോലികൾ ഇപ്പോൾ വ്യക്തമല്ല. ഭൂകമ്പവും അതുപോലെയുള്ള മറ്റ് മുസീബത്തുകൾ വരുമ്പോഴും മററും മാതൃക കാണിക്കേണ്ടതാണ്. എന്നാൽ യഥാർത്ഥത്തിൽ അവരേക്കാൾ 100 മടങ്ങ് ഉന്നതമായ മാതൃകയാണ് കാണിക്കേണ്ടത്. അഹ്മദികൾക്ക് അല്ലെങ്കിൽ മുസ്‌ലിംകൾക്ക് മാത്രം സേവനം ചെയ്യുക എന്നല്ല ഖിദ്മത്തെ ഹൽഖ്കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. മറിച്ച് ജാതി, മത വ്യത്യാസമന്യേ ദൈവത്തിന്റെ മുഴുവൻ സൃഷ്ടികളുടെയും സേവനമാണ് ഞാൻ അർത്ഥമാക്കുന്നത്. എത്രത്തോളമെന്നാൽ ശത്രുവാണ് ആപത്തിൽ പെട്ടിരിക്കുന്നതെങ്കിൽ അവനേയും സഹായിക്കേണ്ടതാണ്. ഇതാണ് സൃഷ്ടി സേവനത്തിന്റെ യഥാർത്ഥ വികാരം.

### തിരുനബിയുടെ മാതൃക

ഒരിക്കലും തന്നെ ഭീരുത്വം കാണിക്കാത്ത ദൃഢവിശ്വാസമുള്ള സ്ഥാനത്ത് നിങ്ങളെ എത്തിക്കുക. അതിനായി തയ്യാറാവുക. എന്നാൽ ഈ തയ്യാറെടുപ്പ് ഇസ്‌ലാമിക രീതിക്ക് അനുസൃതമായിരിക്കണം. ഇത്തരം തയ്യാറെടുപ്പുകൾ ചെയ്യുന്നതിനായി ലോകത്ത് രണ്ട് രീതികളാണ് അവലംബിക്കാറുള്ളത്. ഒന്ന് ശരീരത്തെ ആരോഗ്യമുള്ളതാക്കിതീർക്കുക. ഇതിനുള്ള ഉദാഹരണം നെപ്പോളിയനിലും, ഹിറ്റ്ലറിലും, ചെങ്കിസ്ഖാനിലും തൈമൂറിലുമെല്ലാം കാണാൻ സാധിക്കുന്നു. മറ്റൊന്ന് റൂഹിനെ ആരോഗ്യവും പരിശുദ്ധവുമാക്കുന്നതു മുഖേന ലഭിക്കുന്നതാണ്. അതിനുള്ള സുവ്യക്തവും, അത്യുത്തമവുമായ ഏറ്റവും വലിയ ഉദാഹരണം ഹ.മുഹമ്മദ് നബി(സ) തിരുമേനിയുടെ പരിശുദ്ധ വ്യക്തിത്വത്തിൽ കാണാം. അതുകൊണ്ട് നിങ്ങൾ ഹിറ്റ്ലർ, നെപ്പോളിയൻ, ചെങ്കിസ്ഖാൻ അല്ലെങ്കിൽ തൈമൂർ എന്നിവർക്ക് പകരം റസൂൽ(സ)തിരുമേനിയുടെ മാതൃക മുന്നിൽവെച്ച്കൊണ്ട് തയ്യാറാവുക. ഈ മാതൃക ലോകത്തുള്ള ഉദാഹരണങ്ങളേക്കാൾ ആയിരം ഇരട്ടി ഉന്നതമായിട്ടുള്ളതാണ്. എത്രത്തോളമെന്നാൽ, മലക്കുകൾ ഇന്നും തിരുനബിയുടെ മേൽ ആശംസകൾ അർപ്പിച്ച് കൊണ്ടിരിക്കുന്നു.

*അവ: മശ്അലെ രാഹ്*
*വിവ: സി. മുബശ്ശിർ അഹ്മദ്, കൊച്ചി*

ഹ.ഖലീഫത്തുൽ മസീഹ് അവ്വൽ (റ)

തഫ്സീർ



قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي
يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ
وَاللَّهُ غَفُورٌ رَّحِيمٌ ﴿٣٢﴾ (3:32)

# തിരുനബിയെ അനുധാവനം ചെയ്യുവിൻ ദൈവസ്നേഹം കരസ്ഥമാക്കാം



സാത്വീകനായ ഒരാൾക്ക് സത്യസന്ധതയിൽ എത്രത്തോളം ശക്തി നൽകപ്പെടുന്നുവെന്നതിന്റെയും സാത്വിക ഗുണത്തിൽ എത്രത്തോളം ശക്തനാണ് എന്നതിന്റെയും ഏകദേശ രൂപം ഈ ആയത്തിലൂടെ ലഭിക്കുന്നു. മുഹമ്മദ് റസൂലുല്ലാ(സ)ക്ക് നൽകിയ നിർദ്ദേശം നീ വിളംബരപ്പെടുത്തുക, ഞാൻ അല്ലാഹുവിനെ പൂർണ്ണമായും അനുസരിച്ച് കൊണ്ട് ഈ സ്ഥാനം കരസ്ഥമാക്കി. ഇനി നിങ്ങളും എന്റെ പിറകെ തന്നെ നടക്കുക. എന്നാൽ നിങ്ങളും അല്ലാഹുവിന്റെ പ്രിയപ്പെട്ടവരായിത്തീരുന്നതാണ്. ഓരോ വ്യക്തിയുടെയും ജീവിത സൗഖ്യം എന്നത് അതേ പ്രദേശത്തുള്ള ............... കളുടെ കാരുണ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. പിന്നെ ആ ഗ്രാമത്തിലെ തലവന്റെയും മുകളിൽ പോകുകയാണെങ്കിൽ പിന്നെ ജില്ലയിലെ ഭരണാധികാരി അപ്പോൾ റബ്ബും (പരിപാലകൻ ) റഹ്മാനും (പരമകാരുണികൻ ) റഹീമും (കരുണാമയൻ ) പിന്നെ മാലിക്കു (എല്ലാറ്റിന്റെയും ഉടമസ്ഥൻ)മായ അല്ലാഹുവുമായുള്ള ബന്ധം എന്തുമാത്രം സുഖത്തിന് കാരണമായിത്തീരും. ഇവിടെ ബന്ധത്തിന്റെ വാഗ്ദാനമല്ല മറിച്ച് അല്ലാഹു നമ്മെ അവന്റെ സ്നേഹിതന്മാരാക്കുമെന്നാണ് പറയുന്നത്. ദൈവാരാധകർ അത് കണ്ട് കൊണ്ട് പരീക്ഷിച്ച് നോക്കുവാൻ വേണ്ടി. പരീക്ഷിച്ചറിഞ്ഞ എന്തു നല്ല ഔഷധമാണിത്. ....................

ഞാൻ മിക്ക സമയങ്ങളിലും ഈ ആയത്ത് പാരായണം ചെയ്ത് കൊണ്ട് അനിയന്ത്രിതമായി നബികരീം (സ) യുടെ മേൽ സ്വലാത്ത് ചൊല്ലാറുണ്ട് .

കുട്ടികൾ പഠിക്കുന്ന കാര്യത്തിൽ, അവർ ബി.എ കരസ്ഥമായി എന്തെങ്കിലും പദവി നേടിയെടുക്കുന്നതിനായി കഠിനാദ്ധ്വാനം ചെയ്യാറുണ്ട് ഏത് വരെയെന്നാൽ അവർക്ക് .................. പിടിപെടുന്നു. നോക്കുക. പാസാവുക എന്നത് ഊഹാധിഷ്ഠിതമായ ഒന്നാണ്. ആരോഗ്യവും അങ്ങനെ തന്നെയാണ്. പദവി കരസ്ഥമാകുന്നത് വരെ ജീവിക്കുക എന്നത് പോലും ഒരു വിചാരം മാത്രമാണ്. എന്നിട്ടും കുട്ടികൾ പരിശ്രമിക്കുന്നു. അപ്പോൾ എല്ലാ വിധ കഴിവുകളുമുള്ള അല്ലാഹുവിന്റെ പരിശുദ്ധ വാഗ്ദാനങ്ങൾക്ക് ഒരു വിലയും നൽകാത്ത ഒരു മനുഷ്യൻ എത്രമാത്രം ദൗർഭാഗ്യവാനാണ്. ശരീഅത്ത് പ്രയാസകരമാണെന്ന് അവർക്കും പറയാം. എന്നാൽ റസൂൽ (സ) വിളംബരം ചെയ്യുന്നു. നിങ്ങൾ എന്റെ പാത സ്വീകരിക്കുക. ഞങ്ങൾ പാപികളാണെന്നും ചിലർക്ക് പറയാം. എന്നാൽ റസൂൽ തിരുമേനി (സ) പറയുന്നു. നിങ്ങൾ എന്റെ നിറം ചാർത്തുക എന്നെ അനുസരിക്കുന്നവരാകുക. അല്ലാഹുവിന്റെ വാഗ്ദാനമാണ് ഞാൻ നിങ്ങളുടെ പാപങ്ങൾ മാപ്പാക്കിക്കൊണ്ട് നിങ്ങളെ വീണ്ടും ഞാനെന്റെ സ്നേഹിതന്മാരാക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ എന്റെ നാമം ഗഫൂറും (പൊറുത്തുകൊടുക്കുന്നവൻ) റഹീമും (കരുണ കാണിക്കുന്നവൻ) ആകുന്നു.

(ബദർ, ഖാദിയാൻ 1909 മെയ് 27)

മുഹമ്മദും അഹ്മദുമായ നബി (സ) തങ്ങളുടെ പരിശുദ്ധ അദ്ധ്യാപനങ്ങളും പാവനവും വിശുദ്ധവുമായ ജീവിതവും അന്യൂനമായ പെരുമാറ്റരീതിയും പ്രവർത്തന ശൈലിയും അതിന്റെ ഫലങ്ങളും മുഖേന കാണിച്ച് തന്നിരിക്കുന്നത് ***ഇൻകുൻതും തുഹിബ്ബൂനല്ലാഹ ............... യുഹ്ബിബ്ക്കുമുല്ലാഹ്*** ഞാൻ അല്ലാഹുവിന്റെ സ്നേഹിതനാണ്. നിങ്ങളും അവന്റെ പ്രിയപ്പെട്ടവരാകാൻ ആഗ്രഹിക്കുന്നുവെങ്കി ൽ അതിനുള്ള ഒരേയൊരു മാർഗ്ഗം എന്നെ പിൻപറ്റുക എന്നതാണ്. ഞാനെന്റെ അല്ലാഹുവിന്റെ പ്രിയപ്പെട്ടവനാണ്. ആരെങ്കിലും തന്റെ പ്രിയപ്പെട്ടവൻ പരാജയമടയുന്നത് കാണാൻ ആഗ്രഹിക്കുമോ. അല്ലാഹു എന്നെ ഒരിക്കലും പരാജയമടയാൻ വിടുകയില്ല. എന്റെ ശത്രുക്കൾ നിന്ദിതരും നാശമടയുന്നവരുമാണ്. ഇത് വളരെ സ്പഷ്ടമായ ഒരു വസ്തുതയാണ്. നിങ്ങൾ സ്വയം ഇതൊന്ന് ചെയ്ത് നോക്കുക. എന്നെ അനുസരിക്കുക എന്റെ കാലടികളിലൂടെ ചലിക്കുക. എന്നാൽ അല്ലാഹുവിന്റെ സ്നേഹിതരായിത്തീരുകയും നിങ്ങളുടെ ശത്രു ആട്ടിയോടിക്കപ്പെടുകയും നിന്ദ്യനും അപമാനിതനുമായി നശിച്ച് പോകുകയും ചെയ്യുന്നതാണ്.

(അൽ ഹക്കം 1901 മാർച്ച് 31)

നബി തിരുമേനി (സ) പരിപൂർണ്ണ മനുഷ്യനും അല്ലാഹുവിന്റെ യഥാർത്ഥ ഭക്തദാസനുമായിരുന്നു. നമ്മെ നന്നാക്കുവാനായി അല്ലാഹു അദ്ദേഹത്തെ അയക്കുകയുണ്ടായി. തിരുനബിയെ കൂടാതെ നമുക്ക് ദൈവ പ്രീതിയെക്കുറിച്ച് അറിയാൻ സാധിക്കുകയില്ല. അത് കൊണ്ട് തന്നെയാണ് പറഞ്ഞത് ***ഖുൽ ഇൻ കുൻത്തും*** അല്ലാഹു അവന്റെ ദൃശ്യമായതും തൃപ്തിയുടേതുമായ മാർഗ്ഗങ്ങൾ മുഹമ്മദ് റസൂലുള്ളാ (സ) മുഖേന പ്രകടമാക്കിയത് പോലെ ഇന്നും അവന്റെ ദാസരിൽ ആ എല്ലാ കാര്യങ്ങളും പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. നമ്മുടെ ഇടയിൽ ആരെങ്കിലും ആദമും ഇബ്രാഹീമും മൂസയും ഈസയും ദാവൂദും മുഹമ്മദും അഹ്മദുമായിട്ടുണ്ടെങ്കിൽ അത് മുഹമ്മദ് നബി(സ) ലൂടെയായിരിക്കും. അദ്ദേഹത്തിന്റെ പുതപ്പിന് കീഴെയായിക്കൊണ്ടായിരിക്കും ഉണ്ടാവുക. ഇന്ന് അതിന് ഏതെങ്കിലും വഴി തുറക്കപ്പെടുകയാണെങ്കിൽ അത് തുറന്നിട്ടുണ്ട്. അത് തിരുനബിയിലൂടെയായിരിക്കും. അല്ലാത്ത മറ്റു വഴികളെല്ലാം നിശ്ചയമായും അടഞ്ഞ് കിടക്കുകയാണ്. നേരിട്ട് അല്ലാഹുവിൽ നിന്നും അനുഗ്രഹങ്ങൾ നേടാൻ ആർക്കും സാദ്ധ്യമല്ല.

(അൽഹക്കം 1902 ഒക്ടോബർ 31)

ദൈവസവിധത്തിൽ പ്രിയപ്പെട്ടവരാകാൻ റസൂൽ (സ) യെ അനുധാവനം ചെയ്യേണ്ടത് അനിവാര്യമാണ്. ***ഇൻ കുൻതും.........*** നമ്മുടെ റസൂൽ(സ) യെ പിൻപറ്റുവാൻ ലോകത്തെ കൈവെടിയുക (ത്യാഗം ചെയ്യുക) നോക്കുക, ഇബ്രാഹിം എങ്ങനെയുള്ള ത്യാഗമാണ് ചെയ്തത് ഒടുവിൽ ആ ത്യാഗത്തിന്റെ മാർഗ്ഗത്തിലൂടെ അദ്ദേഹം അല്ലാഹുവിന്റെ പ്രിയരിൽ വെച്ച് സവിശേഷനായ ഒരു പ്രിയനായി കാണും വിധം ............ മേന്മ കരസ്ഥമാക്കി.

ത്യാഗം ചെയ്യുന്നവരിൽ അല്ലാഹു പ്രത്യേക അനുഗ്രഹം ചൊരിയുന്നു. അല്ലാഹു അവന്റെ സംരക്ഷകനും സ്നേഹത്തിന്റെ പ്രതിരൂപമാകുകയും ചെയ്യുന്നു. പിന്നീട് അല്ലാഹു അവർക്ക് യഥാർത്ഥ ദാസന്റെ പദവി നൽകി അനുഗ്രഹിക്കുന്നു. അനന്തമായ പുരോഗതിയുടെ സ്ഥാനമാണിത്.

നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ അവനുമായി യഥാർത്ഥ സ്നേഹബന്ധം ഉണ്ടാക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ റസൂൽ കരീം (സ) യെ പിൻപറ്റുക. അതിന്റെ ഫലമായി നിങ്ങൾ അല്ലാഹുവിന്റെ പ്രിയപ്പെട്ടവരായിത്തീരുന്നതാണ്. ഈ യാഥാർത്ഥ്യത്തിൽ നിന്നും സ്വഹാബാക്കൾ ഫലമെടുക്കുകയുണ്ടായി. അവരുടെ ജീവചരിത്രം പരിശോധിച്ചാൽ അത് മനസ്സിലാക്കാൻ സാധിക്കും

ഇസ്ലാം എന്നത് അനുസരണത്തിന്റെ പേരാണ്. ലോകത്തിന് മുഴുവനും ദൈവവചനങ്ങൾ കേൾക്കുവാനുള്ള അവസരമുണ്ടാവില്ല. അത്കൊണ്ട് ആദ്യം പ്രവാചകൻ കേൾക്കുകയും ശേഷം മറ്റുള്ളവരെ കേൾപ്പിക്കുകയും ചെയ്യുന്നു. അതിനാൽ ആദ്യപടി എന്നുള്ളത് നബിയോടൊപ്പം സഹവസിക്കുകയും അനുസരണത്തിന്റെ വഴികൾ കേൾക്കുകയും പഠിക്കുകയും ചെയ്യുക എന്നുള്ളതാണ്. ഈ അടിസ്ഥാനത്തിൽ നബികരീം (സ) നമുക്ക് മനസ്സിലാക്കിത്തരുന്നു. ***ഇൻ കുൻത്തും ........... യുഹ്ബിബ്ക്കുമുല്ലാഹ്*** അതായത് പൂർണമായും നിങ്ങൾ എന്നെ പിൻപറ്റുന്നവരാകുക എന്ന്. ഇത് പ്രാവർത്തികമാക്കേണ്ടതി ന്റെ ആവശ്യം മനസ്സിലാക്കി അവർ നബിതിരുമേനി പറഞ്ഞത് പോലെയെല്ലാം ചെയ്തു. കലിമ പഠിപ്പിച്ചപ്പോൾ കലിമ ചൊല്ലി. നമസ്ക്കാരം പഠിപ്പിച്ചപ്പോൾ നമസ്ക്കരിച്ചു. നോമ്പ്,ഹജ്ജ്,സക്കാത്ത് എല്ലാം ഏത് പോലെയാണോ പറഞ്ഞത് അപ്പടി പൂർത്തിയാക്കി. ഇതാണ് ഇസ്ലാം .

മനുഷ്യന് തന്റെ സ്രഷ്ടാവും അന്നദാതാവും ഔദാര്യവാനുമായവനോട് സ്നേഹമുണ്ടാകും. പക്ഷെ സ്നേഹത്തിന്റേതായ എന്തെങ്കിലും അടയാളവും കൂടി ഉണ്ടായിരിക്കേണ്ടതാണ്. അത് കൊണ്ടാണ് പറഞ്ഞത് ***ഇൻ കുൻത്തും .............. യുഹ്ബിബ്ക്കുമുല്ലാഹ്.*** അതായത് പറയുക നിങ്ങൾക്ക് നിങ്ങളുടെ അല്ലാഹുവിനോട് സ്നേഹമുണ്ട് എന്ന വാദമുണ്ടെങ്കിൽ അതിന്റെ അടയാളം എന്നെ പിൻപറ്റുക എന്നതാണ്. പിന്നെ നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നവർ മാത്രമല്ല അല്ലാഹുവിന്റെ സ്നേഹിതരായിത്തീരുന്നതാണ്.

(ഹഖായിഖുൽ ഫുർഖാൻ വാള്യം 1)

*ആശയാനുവാദം- കെ. നജ്മുദ്ദീൻ മുറിയക്കണ്ണി*



# ഇമാമുസമാന്റെ ഫത്‌വകൾ

## നമസ്കാരങ്ങളെ ജംഅ് ചെയ്യൽ

നോക്കുക,നമ്മളും ഇളവുകൾ എടുക്കാറുണ്ട്. രണ്ട് മാസത്തിലധികമായി നമസ്കാരങ്ങളെ ജംഅ് ആക്കികൊണ്ടിരിക്കുകയാണ്. സൂറത്ത് ഫാത്തിഹയുടെ വ്യാഖ്യാനം എഴുതുന്നതുകൊണ്ടും രോഗം കാരണമായും, മറ്റു പല തിരക്കുകൾ കാരണമായും ഇങ്ങനെ സംഭവിച്ചു കൊണ്ടിരിക്കുകയാണ്. **തുജ്മഉ ലഹുസ്സലാത്തു** എന്ന ഹദീസ് ഇങ്ങനെ നമസ്കാരങ്ങൾ ജംഅ് ചെയ്യുന്നതിലേക്ക് വെളിച്ചം വീശുന്നുണ്ട്. അതായത് മസീഹ് മൗഊദിന് വേണ്ടി നമസ്കാരങ്ങൾ ജംഅ് ചെയ്യപ്പെടുന്നതായിരിക്കും. അതുപോലെ തന്നെ, മസീഹ് മൗഊദ് നമ്കാര സമയത്ത് നേതൃത്വം (ഇമാമത്ത്) വഹിക്കുകയില്ലയെന്നും മറ്റാരെങ്കിലും ആയിരിക്കും നേതൃത്വം(ഇമാമത്ത്) വഹിക്കുകയെന്നും ഈ ഹദീസിൽ നിന്ന് മനസ്സിലാകുന്നുണ്ട്. ആ ഇമാം (നമസ്കരിപ്പിക്കുന്ന ആൾ) മസീഹ് മൗഊദിന് വേണ്ടി നമസ്കാരങ്ങൾ ജംഅ് ആക്കുന്നതായിരിക്കും. ഇപ്പോൾ ഇങ്ങനെ തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്. കഠിനമായ രോഗത്താൽ ഏതെങ്കിലും ദിവസം എനിക്ക് ഒട്ടും വരാൻ കഴിഞ്ഞില്ലെങ്കിൽ ആ ദിവസം നമസ്കാരം ജംഅ് ആക്കാറില്ല. ഹദ്റത്ത് നബി (സ) **അദ്ദേഹത്തിന് വേണ്ടി അങ്ങനെയായിരിക്കും** എന്ന് പറഞ്ഞിട്ടുള്ളത്, വളരെയധികം സ്നേഹത്തോടെയാണെന്നാണ് ഈ ഹദീസിന്റെ വാക്കുകളിൽ നിന്ന് മനസ്സിലാകുന്നത്. ഹദ്റത്ത് നബി (സ)യുടെ ഈ പ്രവചനങ്ങളെ വളരെ ബഹുമാനത്തോടേയും അന്തസ്സോടേയും കാണേണ്ടതാണ്. അതിനെ അവഗണിക്കരുത്. ഹദ്റത്ത് നബി(സ)യുടെ പ്രവചനങ്ങളെ ഇകഴ്ത്തി കാണുകയാണെങ്കിൽ അത് വലിയ പാപമായിരിക്കും. ഇത്രയും കാലമായി നമസ്കാരങ്ങൾ ജംഅ് ആയി നമസ്കരിക്കുന്നതിനുള്ള സാഹചര്യങ്ങൾ അല്ലാഹു തന്നെ ഒരുക്കിയിരിക്കുകയാണ്. അല്ലാതെ ഒന്നോ രണ്ടോ ദിവസത്തേക്ക് മാത്രമായിരുന്നെങ്കിൽ അതൊരു അടയാളമായിരിക്കുകയില്ല. നാം ഹദ്റത്ത് നബി (സ)യുടെ ഓരോ വാക്കിനെയും അക്ഷരത്തെയും ബഹുമാനിക്കുകയാണ് ചെയ്യുന്നത്.

## തസ്ബീഹിനെ കുറിച്ചുള്ള വിധി

തസ്ബീഹിനെ കുറിച്ച് ഹുസൂറിന്റെ അഭിപ്രായമെന്താണെന്ന് ഒരാൾ മസീഹ് മൗഊദിനോട് ചോദിച്ചു:

അപ്പോൾ പറഞ്ഞു: തസ്ബീഹ് ചെയ്യുന്ന ആളുടെ യഥാർത്ഥ ഉദ്ദേശ്യം എണ്ണം പൂർത്തീകരിക്കുകയെന്നതായിരിക്കും. നിങ്ങൾ ഒന്ന് ചിന്തിച്ചുനോക്കുക അയാൾ എണ്ണം പൂർത്തീകരിക്കുമോ,അല്ലെങ്കിൽ അതിലേക്ക് ശ്രദ്ധിക്കുമോ?എണ്ണം പൂർത്തീകരിക്കാൻ ശ്രമിക്കുന്നവന് യഥാർത്ഥ തൗബ ചെയ്യാൻ സാധ്യമല്ലെന്ന കാര്യം വളരെ സ്പഷ്ടമാണ്. അല്ലാഹുവിന്റെ സ്നേഹത്തിൽ അഭിനിവേശമുള്ള, അല്ലാഹുവിന്റെ സ്നേഹത്തിൽ ലീനരായിട്ടുള്ള പ്രവാചകൻമാർ എണ്ണം കണക്കാക്കിയിട്ടില്ല. അതിന്റെ ആവശ്യം ഉള്ളതായി അവർക്ക് തോന്നിയിട്ടുമില്ല. അല്ലാഹുവിന്റെ ആളുകൾ എല്ലായിപ്പോഴും അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുന്നവരാണ്. അവരെ സംബന്ധിച്ചെടുത്തോളം എണ്ണത്തെ കുറിച്ചുള്ള ചോദ്യവും, ചിന്തയും അപ്രസക്തമാണ്. ആരെങ്കിലും തന്റെ പ്രിയതമനെ എണ്ണി എണ്ണി ഓർക്കാറുണ്ടോ? അല്ലാഹുവിനോട് സത്യമായ സ്നേഹവും, പൂർണ്ണമായ അർപ്പണവും ഉണ്ടെങ്കിൽ പിന്നെ എണ്ണത്തിന്റെ ചിന്ത എങ്ങ നെയാണ് ഉണ്ടാകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഈ ദിക്ർ തന്നെ ആത്മാവിന്റെ ഭക്ഷണമായി അവർ മനസ്സിലാക്കുന്നു.

## മസീഹ് മൗഊദും ഇമാമത്തും

ഒരാൾ ചോദിച്ചു. ഹുസൂർ എന്തുകൊണ്ടാണ് നമസ്കാരത്തിന് ഇമാമത്ത് നിൽക്കാത്തത്? മറുപടി പറഞ്ഞു: വരാനുള്ള മസീഹ് മറ്റുള്ളവരുടെ പിന്നിൽ നിന്നുകൊണ്ടാണ് നമസ്കരിക്കുകയെന്ന് ഹദീസിൽ വന്നിട്ടുണ്ട്.

(ബദർ 29/10/1903 –പേജ് 322)

*ഫത്താവാ അഹ്മദിയ്യ വിവ: മുഹമ്മദ് നജീബ് ഖാൻ*




## ആ സലാം വേണ്ട

ഒരിക്കൽ ഹ. മസീഹ് മൗഊദ്(അ) യാത്രയിലായിരുന്നു. ലാഹോറിൽ ഒരു സ്റ്റേഷനടുത്തുള്ള മസ്ജിദിൽ വുളുചെയ്യുകയായിരുന്നു.



ആ സമയത്ത് പണ്ഡിത് ലേഖ്റാം, ഹുസൂറിനെ സന്ദർശിക്കാൻ വന്നു. സലാം പറഞ്ഞു. പക്ഷേ ഹുസൂർ(അ) മറുപടിയൊന്നും പറഞ്ഞില്ല. കേൾക്കാത്തതുകൊണ്ടായിരിക്കും മറുപടി ഇല്ലാത്തതെന്നു കരുതി ലേഖ്റാം മറുഭാഗത്ത് വന്ന് വീണ്ടും സലാം പറഞ്ഞു. പക്ഷേ ഹ. മസീഹ് മൗഊദ്(അ) ശ്രദ്ധിച്ചതേയില്ല. അപ്പോൾ കൂട്ടത്തിലുണ്ടായിരുന്ന ഒരാൾ പറഞ്ഞു, പണ്ഡിത് ലേഖ്റാം സലാം പറയുന്നു.

ഹുസൂർ(അ) പറഞ്ഞു: നമ്മുടെ യജമാനനെ തെറി വിളിക്കുകയും നമുക്ക് സലാം പറയുകയുമാണോ?

## അതാണ് സുന്നത്ത്

മിർസാ ദീൻ മുഹമ്മദ് സാഹിബ് ലങ്കർവാൽ നിവേദനം ചെയ്യുന്നു. ഞാൻ ഹുസൂർ(അ)ന്റെ കൂടെ ഉറങ്ങുമ്പോഴൊക്കെ, അദ്ദേഹം എന്നെ തഹജ്ജുദിന് ഉണർത്തിയിരുന്നില്ല. പക്ഷേ സുബ്ഹിക്ക് തീർച്ചയായും ഉണർത്തുമായിരുന്നു. കൈ, വെള്ളത്തിൽ മുക്കി ചെറുതായി കുടഞ്ഞുകൊണ്ടാണ് ഉണർത്തിയിരുന്നത്. ഒരിക്കൽ ഞാൻ ചോദിച്ചു, അങ്ങ് എന്തുകൊണ്ട് വിളിച്ചു ഉണർത്തുന്നില്ല. എപ്പോഴും എന്താണ് വെള്ളം കുടയുന്നത്?

ഹുസൂർ(അ) പറഞ്ഞു, നബി(സ) ഇങ്ങിനെയാണ് ചെയ്തിരുന്നത്. വിളിച്ച് ഉണർത്തുമ്പോൾ ചില സമയത്ത് പേടിക്കാൻ സാധ്യതയുണ്ട്.

## സ്വല്ലല്ലാഹു അലയ്ഹിവസ്വല്ലം


ഹ. ഡോക്ടർ മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബ് നിവേദനം ചെയ്യുന്നു: ഹ. മസീഹ് മൗഊദ്(അ) തന്റെ പ്രഭാഷണത്തിലോ, സദസിലോ നബി(സ)നെ കുറിച്ച് പരാമർശിക്കുമ്പോൾ ചില സമയം സ്നേഹത്തോടുകൂടി നമ്മുടെ തിരുനബി എന്ന് പറയുമായിരുന്നു.



മാത്രമല്ല നബി(സ)ന്റെ പേര് എഴുതുമ്പോൾ സ എന്ന് മാത്രം എഴുതാതെ സ്വല്ലല്ലാഹു അലയ്ഹിവസ്വല്ലം എന്ന് മുഴുവനായി എഴുതിയിരുന്നു.

ഹദ്റത് മിർസാ നാസിർ അഹ്മദ് (റഹ്)



# ഇന്നമാ ബുഇസ്തു ലിഉതമ്മിമ മഖാരിമിൽ അഖ്‌ലാഖ്

*ഞാൻ ഉന്നതമായ സ്വഭാവഗുണങ്ങളുടെ പൂർത്തീകരണത്തിനായിട്ടാണ് നിയോഗിക്കപ്പെട്ടിട്ടുള്ളത്*

നബിതിരുമേനി (സ) യുടെ പരിശുദ്ധ ജീവിതത്തെ അല്ലാഹു നമുക്ക് ഉൽകൃഷ്ടമാതൃകയായി നിശ്ചയിച്ചിരിക്കുന്നു. തിരുനബിയുടെ സ്നേഹത്തിൽ ലയിച്ചുകൊണ്ട് തിരുനബിയെ അനുധാവനം ചെയ്യുന്നതിലൂടെ, അല്ലാഹുവിനോടുള്ള സ്നേഹത്തിന്റേയും അവന്റെ സാമീപ്യത്തിന്റേയും കവാടങ്ങൾ മനുഷ്യർക്ക് മേൽ തുറക്കപ്പെടുന്നു. മനുഷ്യഹൃദയങ്ങളെ ജയിച്ചടക്കുന്നതിനും തന്നിലേക്ക് ആകർഷിക്കുന്നതിനുമായി നബി തിരുമേനിക്ക് നൽകപ്പെട്ടിരുന്ന രണ്ട് മഹത്തായ കഴിവുകളിൽ ഒന്ന്, ഉന്നതമായ ധാർമികഗുണങ്ങളുടെ കഴിവാകുന്നു. രണ്ടാമത്തേത്, സൽപെരുമാറ്റമാണ്. ഇവ രണ്ടും വ്യത്യസ്ഥ വാക്കുകളാണെങ്കിലും യഥാർത്ഥത്തിൽ ഒരേ ചിത്രത്തിന്റെ രണ്ട് മുഖങ്ങളാകുന്നു.

അല്ലാഹു വിശുദ്ധഖുർആനിൽ നബിതിരുമേനി (സ) യുടെ ഉന്നതമായ ധാർമികഗുണങ്ങളുടെ അൽഭുതദൃഷ്ടാന്തത്തെ പരാമർശിച്ചുകൊണ്ട് പറയുന്നു, **വഇന്നക്ക ലഅലാ ഖുൽഖിൻ അളീം** (അൽഖലം-5). ഹദ്റത്ത് മസീഹ് മൗഊദ് (അ) വ്യക്തമായും പറയുന്നു, അറബി ഭാഷയിൽ **അളീം** ഏതൊന്നിനെ സംബന്ധിച്ചാണോ പ്രയോഗിക്കപ്പെടുന്നത് അത് ആ ഇനത്തിൽ ഏറ്റവും മുന്തിയതും ഉന്നതവുമാകുന്നു എന്നർത്ഥത്തിലാണ്. ഉദാഹരണമായി, ഇവിടെ മരിയിൽ ചീലിന്റെ വൃക്ഷങ്ങൾ ധാരാളമുണ്ട്. ഏതെങ്കിലും ചീലിനെ സംബന്ധിച്ച് ഇത് ചീലിന്റെ അളീം വൃക്ഷമാണ് എന്നു പറഞ്ഞാൽ അതിന്നർത്ഥം ഈ പ്രദേശത്ത് ഇതിനേക്കാൾ വലിയ ചീലിന്റെ വൃക്ഷം വേറൊന്നില്ല എന്നതാണ്. അതായത് തനത് വർഗ്ഗത്തിൽ ഏതൊന്നിനാണോ ഏറ്റവും കൂടുതൽ മഹത്വമുള്ളത് അത് അളീം എന്ന് പറയപ്പെടുന്നു. കേവലം മഹത്വം ലഭിക്കുക എന്നത് അതിനെ അളീം ആക്കുകയില്ല. പ്രത്യുത ആർക്കാണോ ഏറ്റവും അധികം മഹത്വം ലഭിക്കുന്നത് അത് അറബിഭാഷയിൽ അളീം എന്ന് പറയപ്പെടുന്നു.

അല്ലാഹു നബി തിരുമേനി (സ) യെ അഭിസംബോധന ചെയ്തുകൊണ്ട് (യഥാർത്ഥത്തിൽ ലോകത്തോടു പറയുന്നതിനായി) പറഞ്ഞു, **വഇന്നക്ക ലഅലാ ഖുൽഖിൻ അളീം.** അല്ലയോ ദൂതരേ നിനക്ക് ഉന്നതമായ ധാർമിക ഗുണ ങ്ങളുടെ അതിമഹത്തായ ദൃഷ്ടാന്തം നൽകപ്പെട്ടിരിക്കുന്നു. മുമ്പുള്ള ഒരു പ്രവാചകനും ഈനിലയിൽ ഇത്ര മഹത്തരവും പ്രൗഢവുമായ ദൃഷ്ടാന്തം നൽകപ്പെട്ടിട്ടില്ല. ഇതിന്റെ ഫലമായി മനുഷ്യഹൃദയങ്ങൾ നിന്നിലേക്ക് ആകർഷിക്കപ്പെടുന്നതാണ്. ജനങ്ങൾ നീയുമായി സ്നേഹബന്ധം സ്ഥാപിക്കുന്നതാണ്. അവർ നിന്നിലൂടെ തങ്ങളുടെ ജീവനുള്ള ദൈവവുമായി ജീവസ്സുറ്റ ബന്ധം സ്ഥാപിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ ഖുർആനിക വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് എഴുതുന്നു, അല്ലാഹു നബിതിരുമേനി(സ)യ്ക്ക് നൽകിയിട്ടുള്ള അനേകം ആത്മീയ ദൃഷ്ടാന്തങ്ങളിൽ ഏറ്റവും മഹത്തായ ദൃഷ്ടാന്തം ധാർമികഗുണങ്ങളുടെ ദൃഷ്ടാന്തമാകുന്നു. തിരുനബിയുടെ ധാർമികഗുണങ്ങളുടെ ദൃഷ്ടാന്തം ലോകഹൃദയങ്ങളെ തന്നെ പിടിച്ചുകുലുക്കുകയുണ്ടായി. അവരെ അലസതയുടെ മറകളിൽ നിന്ന് പുറത്തുകൊണ്ടുവരികയും ചെയ്തു.

തിരുനബിയുടെ രണ്ടാമത്തെ ദൃഷ്ടാന്തം സൽപെരുമാറ്റത്തിന്റെ ദൃഷ്ടാന്തമാകുന്നു. യഥാർത്ഥത്തിൽ ഇത് ധാർമികദൃഷ്ടാന്തത്തിനൊപ്പം ഉള്ളതാണ്. നിന്നെ നാം **റഹ്മത്തുൻ ലിൽ ആലമീൻ** ആക്കി നിയോഗിച്ചിരിക്കുന്നു എന്ന വാക്കിലൂടെയാണ് അല്ലാഹു വിശുദ്ധഖുർ ആനിൽ ഇതിനെ പരാമർശിച്ചിരിക്കുന്നത്. മുഴുലോകത്തിനും അതായത് മുഴുവൻ മനുഷ്യത്വത്തിനും, അവർ വെളുത്തവരോ ചുവന്ന ഗോതമ്പ് നിറക്കാരോ കറുത്തവരൊ ആയിക്കൊള്ളട്ടെ, പൊക്കം കുറഞ്ഞവരോ കൂടിയവരോ ആയിക്കൊള്ളട്ടെ, സമ്പന്നരോ ദരിദ്രരോ ആയിക്കൊള്ളട്ടെ, വിദ്യാസമ്പന്നരോ നിരക്ഷരരോ വിദ്യാധനത്തിൽ നിന്ന് പിന്തള്ളപ്പെട്ടവരോ ആയിക്കൊള്ളട്ടെ, കഴിവുകളും ശക്തികളും ശരിയായ നിലയിൽ വളർച്ച പ്രാപിച്ചവരോ അല്ലാത്തവരോ ആയിക്കൊള്ളട്ടെ, നാം, എല്ലാ മനുഷ്യർക്കും വേണ്ടി നിന്നെ അനുഗ്രഹമായി നിയോഗിച്ചിരിക്കുന്നു. നബിതിരുമേനി (സ) യ്ക്ക് മഹത്തായ രണ്ട് ആയുധങ്ങൾ നൽകപ്പെട്ടിരിക്കുന്നു. ഒന്ന്, ഒരു കണ്ണും മറ്റൊന്നിലും തന്നെ ദർശിക്കാത്ത ധാർമികഗുണം. രണ്ടാമത്തേത്, മനുഷ്യത്വം അതിന്റെ പൂർണ്ണതയിൽ എത്തിയാൽപോലും പ്രകടിപ്പിക്കാൻ സാധ്യമാകാത്ത നിലയിലുള്ള സൽപെരുമാറ്റം. തിരുനബി മനുഷ്യപ്രകൃതത്തിന്റെ ഉത്തമമായ സാരാംശവും കേന്ദ്രബിന്ദുവുമായിരുന്നു. അവ്വലീംകൾക്കും ആഖരീംകൾക്കും അനുഗ്രഹത്തിന് ഹേതുവായിരുന്നു. മനുഷ്യകുലത്തിന് കാരുണ്യത്തിന്റെ സ്രോതസ്സായിരുന്നു.....

എന്നാൽ, ഇക്കാലഘട്ടത്തിലെ മനുഷ്യരുടെ ഉത്തരവാദിത്വമാണ് നമ്മിലുള്ളത്. ഈ നിലയിൽ നോക്കുമ്പോൾ ഈ ഉത്തരവാദിത്വം നമ്മിൽ ഭാവി മനുഷ്യരുടെ അതായത് അടുത്ത തലമുറയുടെതാണ്. ആ മനുഷ്യരുടെ തലകൾ കൊയതുകൊണ്ട് നമുക്ക് നബിതിരുമേനി(സ) യുടെ കാൽക്കൽ അവരുടെ തലകളുടെ മിനാരം ഉയർത്തേണ്ടതില്ല. നാം അതിനുവേണ്ടിയല്ല സൃഷ്ടിക്കപ്പെട്ടിരിക്കുന്നതും. നമുക്കതിനുള്ള കൽപ്പനയുമില്ല....... നബി(സ)യുടെ നിയോഗമനോദ്ദേശ്യം, തിരുനബി യുടെ കാരുണ്യത്താൽ മനുഷ്യഹൃദയങ്ങളിലെ അന്ധകാരങ്ങൾ അകറ്റപ്പെടുകയും, മനുഷ്യഹൃദയം തിരുനബിയുടെ പ്രവാചകത്വപ്രഭയാൽ പ്രശോഭിതമാകുകയും ചെയ്യുക എന്നതാണ്. ഏതൊരു ദൈവത്തിന്റെ അനുഗ്രഹത്താലും കാരുണ്യത്താലുമാണോ നബിതിരുമേനി (സ) യ്ക്ക് ഈ ഉന്നത പദവി കരസ്ഥമായത്, ആ ജീവനുള്ള ദൈവവുമായി മനുഷ്യൻ ബന്ധം സ്ഥാപിക്കാൻ നിർബന്ധിതമായിത്തീരുന്ന തരത്തിൽ ആ ഏറ്റവും വലിയ കാരുണ്യവാനോടുള്ള സ്നേഹം അലയടിക്കേണ്ടതാണ്.

(ഖുത്വുബ ജുമുആ, 1969 ആഗസ്റ്റ് 1)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

---

**ഹദ്റത് അഹ്മദ്(അ) പറയുന്നു:**

**തമ്മത്ത് അലയ്ഹി സ്വിഫാത്തു കുല്ലി മസിയ്യത്തിൻ ഖുതിമത്ത് ബിഹീ നഅ്മാഉ കുല്ലി സമാനീ**

തിരുനബി(സ)ൽ എല്ലാവിധ ഉൽകൃഷ്ട ഗുണങ്ങളും പരിപൂർണത പ്രാപിച്ചിരിക്കുന്നു. എല്ലാ കാലത്തേയും അനുഗ്രഹങ്ങൾ തിരുമേനി(സ)ൽ മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു.

അൽഹഖ്
വാർത്താപത്രിക
2012 ജനുവരി
പുസ്തകം 20 ലക്കം 1

യുഗനാദം
ഹദ്റത് അഹ്മദ്(അ)



# ഫഅത്തബിഊനീ യുഹിബിബ്ക്കുമുല്ലാഹ്

ഇസ്‌ലാം ജനനമരണദിനങ്ങൾ ആചരിക്കാൻ അനുവാദം നൽകുന്നില്ല. മാത്രമല്ല അതിന്റെ അയുക്തിയെ വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. കേവലം ജനനമരണദിനങ്ങളുടെ അവസരത്തിൽ മാത്രം ഒതുങ്ങുന്ന സ്നേഹത്തിന് യഥാർഥത്തിൽ യാതൊരു പ്രസക്തിയുമില്ല. അത് സ്നേഹത്തിന്റെ ആത്മാർത്ഥതയെയാണ് ചോദ്യം ചെയ്യുന്നത്.
അതുകൊണ്ട് തന്നെ ലോകാനുഗ്രഹിയും ഖാത്തമുന്നബിയ്യീനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയോടുള്ള സ്നേഹസ്മരണക്ക് കേവലം ഒരു ജന്മദിവസം നിജപ്പെടുത്തുന്നതിന്റെ അയുക്തി ഊഹിക്കാവുന്നതേയുള്ളൂ. മറുഭാഗത്ത് നബിതിരുമേനി (സ) യെ അധിക്ഷേപിച്ചും അവഹേളിച്ചും പ്രസിദ്ധീകരണങ്ങളും പ്രസംഗങ്ങളും ഇറങ്ങുകയും ചെയ്യുന്നു.
ഇത്തരമൊരു സന്ദർഭത്തിലാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് വർഷത്തിൽ ചുരുങ്ങിയത് നാല് തവണയെങ്കിലും സീറത്തുന്നബി സമ്മേളനങ്ങളും യോഗങ്ങളും സംഘടിപ്പിച്ച് തിരുനബി കീർത്തനങ്ങൾ ലോകം മുഴുവൻ പ്രചരിപ്പിക്കാൻ ആഹ്വാനം ചെയ്യുന്നത്.
മാത്രമല്ല ഏതെങ്കിലും ജനനമരണ ദിവസങ്ങൾ തിരുനബി (സ) യോ സ്വഹാബത്തോ ആചരിച്ചതായി ചരിത്രത്തിൽ എവിടെയും കാണുകയില്ല. അതാണ് തിരുനബിയുടെ മാതൃക. വിശുദ്ധ ഖുർആൻ നബി (സ) യോട് പ്രഖ്യാപിക്കാൻ ആജ്ഞാപിച്ചത് **ഫഅത്തബിഊനീ യുഹിബിബ്ക്കുമുല്ലാഹ്** എന്നെ പിന്തുടർന്നാൽ ദൈവിക സ്നേഹം കരസ്ഥമാക്കാം എന്നാണ്.
അതുകൊണ്ട് തന്നെ സീറത്തുന്നബിയെക്കുറിച്ച് പറയുമ്പോൾ ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ നാലാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) പറയുന്നു.
**നമ്മുടെ യജമാനനും നേതാവുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) യുടെ ജീവിതത്തിലെ ചെറിയ ചെറിയ സംഭവങ്ങളെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ പോലും അതിലൊക്കെ തിരുനബി(സ)ന്റെ പരിശുദ്ധ ജീവിതത്തിന്റെ മഹത്തായ ഭാഗങ്ങൾ കാണപ്പെടുന്നതാണ്. ഏറ്റവും പ്രധാനമായ ഒരു സംഗതി തിരുനബി ചരിത്രം അത് അർഹിക്കുന്ന വിധത്തിൽ നാം കേൾക്കുന്നില്ല. നിങ്ങൾ ഒരു കളികാണും പോലെ അതായത്, മറഞ്ഞിരുന്ന് കളികാണുന്നു. ഉദാഹരണമായി നല്ല ക്രിക്കറ്റ് കളി നടക്കുന്നു. നിങ്ങൾ പുറത്തിരുന്ന് ആനന്ദിക്കുകയും കളി കഴിഞ്ഞ് വീട്ടിലേക്ക് പോവുകയും ചെയ്യുന്നു. നിങ്ങൾക്ക് ബേറ്റ് പിടിക്കാൻ പോലും കഴിയില്ല. ആരെങ്കിലും നിങ്ങളോട് നിങ്ങൾ കളി നല്ലപോലെ ആസ്വദിക്കുന്നുണ്ടല്ലോ, ഈ ബേറ്റ് ഒന്ന് പിടിച്ചു കാണിക്കാമോ എന്ന് ചോദിച്ചാൽ നിങ്ങൾ പറയും നിങ്ങൾക്ക് ഭ്രാന്തൊന്നുമില്ലല്ലോ എനിക്ക് ഇതുമായി എന്തു ബന്ധം? ഞാൻ കളി കാണുകയായിരുന്നു. അതിൽ ആനന്ദിക്കാൻ എനിക്ക് അവകാശവുമുണ്ട്. എനിക്ക് കളിയുമായി ബന്ധമൊന്നുമില്ല. എന്നാൽ ചരിത്രത്തിന്റെ കാര്യത്തിൽ, ചരിത്രം അതും മാതൃകായോഗ്യമായിത്തീർന്ന പരിശുദ്ധ നബിചരിത്രത്തെക്കുറിച്ച് ഇങ്ങനെയൊന്നും പറയരുത്. അതിൽ ആ മറുപടി സ്വീകാര്യയോഗ്യമേ അല്ല. ഈ മറുപടി ബുദ്ധിക്കും എതിരാണ്. നിങ്ങൾ ആ പരിശുദ്ധ ചരിത്രത്തെ മുന്നിൽ വെച്ച് അതിന്റെ സൗന്ദര്യം വായിച്ചറിയുമ്പോൾ, അതേക്കുറിച്ച് സ്മരിക്കുമ്പോൾ തീർച്ചയായും അത് ജീവിതത്തിൽ സ്വാംശീകരിക്കാനും നിങ്ങൾ ബാധ്യസ്ഥരാണ്. തൗഫീഖ് അനുസരിച്ച് അത് സ്വാംശീകരിക്കണം. കഴിവും സൗഭാഗ്യവും അനുസരിച്ച് തീർച്ചയായും അതിൽ പാദമൂന്നി മുന്നേറേണ്ടതാണ്.**

# ഖാത്തമുന്നബിയ്യീൻ

നാം വിശുദ്ധ ഖുർആനെ ഗ്രന്ഥമെന്ന നിലക്കും മുഹമ്മദ് റസൂലുല്ലാഹ്(സ)നെ നബിയെന്ന നിലക്കും സ്വീകരിച്ചിരിക്കുന്നു. തിരുനബിക്കുശേഷം നാം യഥാർഥ നുബുവ്വത്ത് വാദിക്കുകയോ, വിശുദ്ധ ഖുർആനിൽ നസ്ഖ് ഉണ്ടെന്ന് വാദിക്കുകയോ ചെയ്യുന്നില്ല. മാത്രമല്ല മുഹമ്മദ് മുസ്തഫാ(സ) ഖാത്തമുന്നബിയ്യീനും ഖയ്റുൽ മുർസലീനും ശഫീഉൽ മുദ്നിബീനുമാണെന്ന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. (അൻവാറുൽ ഇസ്‌ലാം)
നമ്മുടെ വിശ്വാസം, നമ്മുടെ റസൂൽ(സ) എല്ലാ പ്രവാചകന്മാരേക്കാളും ഉന്നതനും, എല്ലാ പ്രവാചകന്മാരേക്കാളും ശ്രേഷ്ഠനും ഖാത്തമുന്നബിയ്യീനുമാണെന്നത്രെ. മാത്രമല്ല, കഴിഞ്ഞു കടന്നതും വരാനുള്ളതുമായ എല്ലാ പ്രവാചകന്മാരേക്കാളും ശ്രേഷ്ഠനുമാകുന്നു. (ആയിനയേ കമാലാത്തെ ഇസ്‌ലാം)

# ദൈവസാമീപ്യം

എന്റെ ഉറച്ച വിശ്വാസം, തിരുനബി(സ)യെ സത്യസന്ധമായി അനുസരിക്കുകയും പൂർണമായും സ്നേഹിക്കുന്നതിലൂടെയും മാത്രമേ ആർക്കും അനുഗ്രഹങ്ങളും ആശിസുകളും ദൈവിക സാമീപ്യവും കരസ്ഥമാക്കാൻകഴിയൂ. അല്ലാതെ ഒരിക്കലും സാധ്യമല്ല. തിരുനബിയുടെതല്ലാത്ത നന്മയുടെ ഒരു മാർഗവും ഇല്ല. (മൽഫൂസാത്ത് ഭാഗം : 8)

# നന്മകളുടെ മൂർത്തിമദ്ഭാവം

ഞാൻ എപ്പോഴും അത്ഭുതദൃഷ്ടിയോടെയാണ് നോക്കിക്കാണുന്നത്. മുഹമ്മദ് എന്നു പേരുള്ള ആ അറബിപ്രവാചകൻ (ആയിരമായിരം സ്ത്രോത്രങ്ങൾ അദ്ദേഹത്തിനുമേൽ വർഷിക്കുമാറാകട്ടെ) എത്രമേൽ ഉൽക്കൃഷ്ടപദവിയാർന്ന നബിയാണ്. അദ്ദേഹത്തിന്റെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്താൻ ആർക്കും സാധ്യമല്ലതന്നെ. അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോ! കഷ്ടം. അങ്ങയുടെ യഥാർത്ഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുന്നില്ല... തിരുനബി(സ) അല്ലാഹുവിനോട് അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപ്പണം ചെയ്തു... എല്ലാ നന്മകളുടെയും ഉറവിടം അവിടന്ന് മാത്രമാണ്... എല്ലാ നന്മകളുടെയും താക്കോൽ അദ്ദേഹത്തിന് നൽകപ്പെട്ടിരിക്കുന്നു. (ഹഖീഖത്തുൽ വഹ്‌യ് പേ. 118.119)

# സാഹിബെ ഖാത്തം

ആ മഹാത്മൻ - നബി(സ) - ഖാത്തമുൽ അമ്പിയാഅ് ആകുന്നു. മേലിൽ ആ പുണ്യാത്മാവിൽ നിന്ന് ആത്മീയ അനുഗ്രഹങ്ങൾ ഉണ്ടാവുകയില്ല എന്നതല്ല അതുകൊണ്ടുള്ള വിവക്ഷ. മറിച്ച് അതിന്റെ അർഥം, തിരുനബി സാഹിബെ ഖാത്തം അതായത് ആ പുണ്യ പ്രവാചകന്റെ മുദ്രകൂടാതെ യാതൊരു ദിവ്യാനുഗ്രഹവും ആർക്കും ലഭിക്കുകയില്ല എന്നാകുന്നു. ആ ദിവ്യാത്മാവിന്റെ ഉമ്മത്തിൽ ഖിയാമത്ത് വരേയും ഒരിക്കലും ദൈവിക സംഭാഷണത്തിന്റെയും സംബോധനയുടെയും കവാടങ്ങൾ കൊട്ടിയടക്കപ്പെടുന്നില്ല. നബിതങ്ങളല്ലാതെ മറ്റാരും ഖാത്തം എന്ന സ്ഥാനത്ത് ഇല്ല. ഇവിടുന്ന് മാത്രമേ ആ പദവിയിലുള്ളൂ. ആ ദിവ്യാത്മാവിന്റെ മുദ്രയോടുകൂടി നുബുവ്വത്ത് സിദ്ധിക്കുന്നതാണ്. പക്ഷേ അയാൾ ഉമ്മത്തി ആകേണ്ടത് അനിവാര്യമാണ്. (ഹഖീഖത്തുൽ വഹ്‌യ് പേജ് : 27,28)

# നബിതറാശ്

അല്ലാഹു ജല്ലശാനഹു നബിതിരുമേനി(സ)നെ സാഹിബെ ഖാത്തം അതായത് മുദ്രയുടെ ഉടമ ആക്കിയിരിക്കുന്നു. അതായത് തിരുനബിക്ക് അനുഗ്രഹസമ്പൂർത്തിയുടെ മുദ്ര നൽകപ്പെട്ടിരിക്കുന്നു. ഇത് തീർച്ചയായും മറ്റൊരു നബിക്കും ലഭിച്ചിട്ടില്ല. ഇക്കാരണം കൊണ്ട് തന്നെ അവിടുത്തെ നാമം ഖാത്തമുന്നബിയ്യീൻ എന്നായി. അതായത് അവിടുത്തെ അനുധാവനം നുബുവ്വത്താകുന്ന അഭ്യുന്നതി നൽകുന്നു. അവിടുത്തെ ആത്മീയശ്രദ്ധ നബിതറാശ് (നബി ഉണ്ടാക്കാൻ കഴിയുന്നത്) ആണ്. ഈ ദിവ്യശക്തി മറ്റൊരു നബിക്കും കിട്ടിയിട്ടില്ല. (ഹഖീഖത്തുൽ വഹ്‌യ്, പേജ് : 97 അടിക്കുറുപ്പ്)




# കച്ചവടത്തിൽ വ്യാപൃതനാവുന്നു

നേരത്തെ സൂചിപ്പിച്ചതുപോലെ തിരുനബി(സ) ഇപ്പോൾ യുവാവാണ്. കച്ചവടരംഗത്ത് സജീവമാകേണ്ട സമയമായിരിക്കുന്നു. മാത്രമല്ല അബൂത്വാലിബിന്റെ സാമ്പത്തികാവസ്ഥ അത്ര നല്ലതായിരുന്നില്ല. അതുകൊണ്ട് തന്നെ എന്തെങ്കിലും ഉചിതമായ ജോലിചെയ്ത് അദ്ദേഹത്തിന്റെ ഭാരം ലഘൂകരിക്കേണ്ടതും ആവശ്യമായിരിക്കുന്നു. അങ്ങിനെ അബൂത്വാലിബിന്റെ ആഗ്രഹവും ആഹ്വാനവുമനുസരിച്ച് തിരുനബി(സ) കച്ചവടം ആരംഭിച്ചു.

മക്കയിൽ നിന്ന് കച്ചവട സംഘങ്ങൾ വ്യത്യസ്ഥ സ്ഥലങ്ങളിലേക്ക് പോയിരുന്നു. തെക്ക് യമനിലേക്കും, വടക്ക് ശ്വാമിലേക്കും സ്ഥിരമായി കച്ചവടക്കാർ പോകാറുണ്ടായിരുന്നു. കൂടാതെ ബഹ്റയ്നുമായും കച്ചവടബന്ധം നിലനിന്നിരുന്നു. നബി(സ) പൊതുവിൽ കച്ചവടാവശ്യാർഥം എല്ലാ സ്ഥലത്തും പോയിട്ടുണ്ട്. എല്ലാ അവസരത്തിലും, വളരെ വിശ്വസ്തതയോടേയും ആത്മാർത്ഥതയോടേയും സന്തോഷപൂർവം, പ്രത്യേക നൈപുണ്യത്തോടെ തന്റെ കടമ നിറവേറ്റുകയും ചെയ്തിട്ടുണ്ട്.

മക്കയിലും തിരുനബിയുമായി ഇടപെടേണ്ടിവന്നവരൊക്കെ നബിയെ സ്തുതിക്കുന്നതിൽ വാചാലരായിരുന്നു. ഒരിക്കൽ സാഇബിനെ കുറിച്ച് ഇസ്‌ലാം സ്വീകരിച്ച അവസരത്തിൽ തിരുനബിയുടെ സവിധത്തിൽ ചിലർ അദ്ദേഹത്തെ പരിചയപ്പെടുത്തുകയായിരുന്നു. നബി(സ) പറഞ്ഞു: എനിക്ക് അദ്ദേഹത്തെ നിങ്ങളേക്കാളും നല്ലവണ്ണം അറിയാം. അപ്പോൾ സാഇബ് പറഞ്ഞു: അതേ, യാറസൂലല്ലാഹ്, എന്റെ മാതാപിതാക്കൾ അങ്ങേക്ക് തെണ്ടമായിരിക്കട്ടെ, താങ്കൾ ഒരിക്കൽ എന്റെ കച്ചവടപങ്കാളിയുമായിരുന്നു. താങ്കൾ എപ്പോഴും ഇടപാടുകൾ ഏറ്റവും സുതാര്യമായാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

മറ്റൊരു സ്വഹാബിയായ അബ്ദുല്ലാഹ്ബ്നു അബിയിൽ ഹംസാഅ് പറയുന്നു: തിരുനബിയുടെ ദൗത്യപ്രഖ്യാപനത്തിന് മുമ്പൊരിക്കൽ ഞാൻ തിരുനബിയുമായി ഒരു കച്ചവട കാര്യത്തിൽ ഏർപ്പെട്ടിരുന്നു. എന്റെ പക്കൽ തിരുനബിയുടെ കുറച്ച് കണക്ക് ബാക്കിയുണ്ടായിരുന്നു. ഞാൻ പറഞ്ഞു: താങ്കൾ ഇവിടെ നിൽക്കുക, ഞാൻ ഉടനെ വരാം. പക്ഷേ ഞാൻ ഇക്കാര്യം മറന്നുപോയി. മൂന്ന് ദിവസം കഴിഞ്ഞ് ഞാൻ ആ വഴി വന്നപ്പോഴും നബി(സ) അവിടെ നിൽക്കുന്നുണ്ടായിരുന്നു. തിരുനബി(സ) എന്നോട് പറഞ്ഞു: നിങ്ങളെന്നെ ബുദ്ധിമുട്ടിച്ചു. ഇവിടെ മൂന്ന് ദിവസമായി ഞാൻ നിങ്ങളെ കാത്തു നിൽകുകയാണ്.

നബി(സ) അവിടെതന്നെ നിന്നു എന്ന അർഥത്തിലല്ല. മറിച്ച്, മനസിലാക്കാൻ കഴിയുന്നത്. തിരുനബി(സ) ഉചിതമായ സന്ദർഭങ്ങളിൽ പലപ്രാവശ്യം അവിടെ വന്ന് അബ്ദുല്ലയെ പ്രതീക്ഷിച്ചുനിന്നിരുന്നുവെന്നാണ്. അങ്ങിനെ അബ്ദുല്ലാഹ് തിരുനബിയെ അന്വേഷിച്ചു നടന്ന് ബുദ്ധിമുട്ടേണ്ടെന്ന് കരുതിയിട്ടുണ്ടാവും എന്നുമാണ്.

ഇത്തരത്തിലുള്ള സംഭവങ്ങൾ കാരണം മക്കക്കാർക്കിടയിൽ തിരുനബി(സ)ന്റെ പേര് ആമീൻ എന്ന് പ്രസിദ്ധമായി. തിരുമേനിയുടെ വിശ്വസ്ഥതയും ആത്മാർഥതയും കാരണം എല്ലാവരും നബി(സ)നെ അങ്ങേയറ്റം ആദരിക്കുകയും, തിരുനബി ഏറെ പരിശുദ്ധനും സത്യസന്ധനുമാണെന്ന് ഉറച്ച് വിശ്വസിക്കുകയും ചെയ്തിരുന്നു.

ബനൂ അസദ് ഗോത്രത്തിലെ കുലീനയും ആഭിജാത്യവുമുള്ള മഹിളാരത്നമായിരുന്ന ഖദീജ(റ) (ബിൻത്ത് ഖുവയ്‌ലദ്)ന് മക്കയിലെ കച്ചവടങ്ങളിൽ വലിയൊരു പങ്കുണ്ടായിരുന്നു. തിരുനബിക്ക് 25 വയസ് പ്രായമുള്ളപ്പോൾ അവർ കച്ചവടച്ചരക്കുമായി തിരുനബിയെ അയക്കുകയുണ്ടായി. അങ്ങിനെയാണ് തിരുനബിയുടെ കച്ചവട സംരംഭം തുടങ്ങുന്നത്. തന്റെ അടിമയായിരുന്ന മയ്സറയെയും തിരുനബിയോടൊപ്പം അയച്ചിരുന്നു. ഈ കച്ചവടത്തിൽ തിരുനബിയുടെ അധ്വാനവും വിശ്വസ്തതയും, അനുഗ്രഹവും കാരണം അല്ലാഹു കരുണചൊരിയുകയും ഒരുപാട് ലാഭം കിട്ടുകയും ചെയ്തു. അങ്ങിനെ തിരുനബി വിജയപൂർവം തിരിച്ചുവന്നു. ഇത്തരത്തിൽ രണ്ട് മൂന്ന് യാത്രകൾ മറ്റു സ്ഥലങ്ങളിലേക്കും ചെയ്തിരുന്നു.

## ആദ്യ വിവാഹം

ഹ. ഖദീജ(റ) വിധവയും മക്കളുള്ള സ്ത്രീയുമായിരുന്നു. നേരത്തെ രണ്ട് പ്രാവശ്യം വിവാഹം ചെയ്തിരുന്നെങ്കിലും രണ്ട് ഭർത്താക്കന്മാരും മരണപ്പെടുകയാണുണ്ടായത്. ഹ. ഖദീജ(റ) കുലീനയും ധനാഢ്യയും ആയിരുന്നു. അവരുടെ കുലീന സ്വഭാവം കാരണം ത്വാഹിറ എന്ന പേരിൽ അവർ പ്രസിദ്ധയായിരുന്നു. അതുകൊണ്ട് തന്നെ മക്കയിലുള്ള പലരും അവരുമായുള്ള വിവാഹത്തിന് സന്ദേശം നൽകിയിരുന്നെങ്കിലും അവർ അതൊക്കെ നിരാകരിക്കുകയാണുണ്ടായത്. നബി(സ)യുമായി കച്ചവടബന്ധം സ്ഥാപിക്കുകയും തിരുനബിയുടെ സ്വഭാവവൈശിഷ്ട്യവും യോഗ്യതയും കാണുകയും മയ്സറ തിരുനബിയെ കുറിച്ച് വാചാലനാവുന്നത് കേൾക്കുകയും ചെയ്തപ്പോൾ ഖദീജ(റ), തിരുമേനിക്ക് വിവാഹ സന്ദേശമയക്കുകയാണുണ്ടായത്. തിരുനബി(സ) അബൂത്വാലിബുമായി കൂടിയാലോചിച്ചശേഷം വിവാഹാഭ്യർഥന സ്വീകരിച്ചു. അങ്ങിനെ നബി(സ)ന്റെ കുടുംബക്കാരുടെയും, ഹ. ഖദീജയുടെ അടുത്ത ബന്ധുക്കളുടെയും സാന്നിധ്യത്തിൽ അബൂത്വാലിബ് നിക്കാഹ് വിളംബരപ്പെടുത്തി. 500 ദിർഹമായിരുന്നു മഹ്ർ. തിരുനബിക്ക് അപ്പോൾ ഇരുപത്തി അഞ്ചും, ഹ.ഖദീജ(റ)ക്ക് 40 വയസായിരുന്നു പ്രായം. അതായത് ഖദീജക്ക് തിരുനബിയേക്കാളും പതിനഞ്ച് വയസ് കൂടുതലായിരുന്നു.ഖദീജയുടെ പിതാവ് മരണപ്പെട്ടിരുന്നതിനാൽ പിതൃവ്യൻ അംറ്ബിന് അസദാണ് പങ്കെടുത്തത്.

## മക്കൾ

നബി(സ)ന്റെ മക്കളിൽ ഇബ്റാഹിം ഒഴികെ മറ്റെല്ലാവരും ഹ. ഖദീജ(റ)യിലാണ് ജനിച്ചത്. തിരുനബി(സ)ന്റെ വാർദ്ധക്യകാലത്ത് ജനിച്ച ഇബ്റാഹിമിന്റെ മാതാവ് ഹ. മാരിയ ഖിബ്ത്വിയ(റ) ആയിരുന്നു.

നബി(സ)ന് ഖദീജയിൽ 3 ആൺ മക്കളും 4 പെൺമക്കളും ജനിച്ചു. ആൺ മക്കളുടെ പേര് ഖാസിം, ത്വാഹിർ, ത്വയ്യിബ് എന്നിങ്ങനെയായിരുന്നു. ചില നിവേദനങ്ങളിൽ അബ്ദുല്ലാഹ് എന്ന പേരിൽ നാലാമതൊരു മകൻ കൂടി ഉണ്ടായിരുന്നു എന്ന് രേഖപ്പെട്ടിട്ടുണ്ട്. പക്ഷേ പൊതുവിൽ അറിയപ്പെടുന്നത് ത്വയ്യിബിന്റെ തന്നെ മറ്റൊരു പേരാണ് അബ്ദുല്ലാഹ് എന്നാണ്. പെൺമക്കളുടെ പേരുകൾ: സയ്നബ്, റുകിയ്യ, ഉമ്മുകുൽസു, ഫാത്വിമ. ഈ എല്ലാമക്കളും തിരുനബിയുടെ നുബുവ്വത്തിന് മുമ്പ് ജനിച്ചവരാണ്. തിരുനബി(സ)യെ മൂത്ത പുത്രന്റെ പേരിനോട് ചേർത്ത് അബുൽഖാസിം എന്ന് പറയാറുണ്ട്.

നബി(സ)ന്റെ ആൺമക്കളെല്ലാം ചെറുപ്രായത്തിൽതന്നെ വഫാത്തായി. പക്ഷേ പെൺമക്കൾ വലുതാവുകയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. ചെറിയ മകൾ ഫാത്വിമത്തുസ്സുഹ്റ(റ) ഒഴികെ മറ്റാരുടെയും തലമുറകൾ ഉണ്ടായില്ല. മൂത്തമകൾ സയ്നബിനെ അബുൽ ആസ്ബിനു റബീഅ് ആണ് വിവാഹം കഴിച്ചത്. അദ്ദേഹം ഹ. ഖദീജ(റ)യുടെ കുടുംബക്കാരനായിരുന്നു. ഇവർക്ക് ഒരാൺകുട്ടിയും പെൺകുട്ടിയും ജനിച്ചു. അലി, ഉമാമ എന്നായിരുന്നു അവരുടെ പേരുകൾ. ആൺകുട്ടി ചെറുപ്പത്തിൽ തന്നെ വഫാത്തായി. പക്ഷേ ഉമാമ വലുതാവുകയും, ഹദ്റത് ഫാതിമ(റ)യുടെ വഫാത്തിനുശേഷം ഹ. അലി(റ) അവരെ വിവാഹം കഴിക്കുകയും ചെയ്തു. പക്ഷേ അവർക്ക് തലമുറകൾ ഉണ്ടായില്ല. നബി(സ)ന് ഉമാമയെ വലിയ ഇഷ്ടമായിരുന്നു അബുൽ ആസ്

ഹിജ്റത്തിനുശേഷവും വളരെക്കാലത്തോളം ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല. അതുകാരണം സയ്നബ്(റ)ക്ക് ഒരുപാട് പ്രയാസങ്ങളും അനുഭവിക്കേണ്ടിവന്നിരുന്നു. ഇവർ നബി(സ)ന്റെ ജീവിതകാലത്ത് തന്നെ വഫാത്തായി.

നബി(സ)ന്റെ മറ്റ് രണ്ട് പുത്രിമാരായ റുകിയ്യയേയും ഉമ്മുകുൽസുവിനേയും യഥാക്രമം തിരുനബിയുടെ പിതൃവ്യനായ അബൂലഹബിന്റെ മക്കളായ ഉത്ബയുമായു ഉതയ്ബയുമായും നിക്കാഹ് നടത്തിയിരുന്നു. അബൂലഹബ്, നബി(സ)ന്റെ കഠിന വിരോധിയായിരുന്നു. അതുകൊണ്ട് തന്നെ വീട് കൂടുന്നതിന് മുമ്പേ ഈ രണ്ട് നിക്കാഹും ഫസ്ഖ് ആയി.

പിന്നീട് റുകിയ്യയേയും, ഉമ്മുകുൽസുവിനേയും ഒന്നിനുപിറകെ മറ്റൊന്നായി ഹ. ഉസ്മാൻ(റ) വിവാഹം കഴിച്ചു. അതുകൊണ്ട് തന്നെ അദ്ദേഹത്തെ ദുനൂറയ്ൻ (രണ്ട് പ്രകാശമുള്ളവൻ) എന്നറിയപ്പെടുന്നു. പക്ഷേ രണ്ട് പേർക്കും തലമുറകൾ ഉണ്ടായില്ല. റുഖിയ്യക്ക് ഒരു മകൻ – അബ്ദുല്ലാഹ് – ജനിച്ചെങ്കിലും ചെറുപ്പത്തിൽ തന്നെ മരണപ്പെട്ടു. ഉമ്മുകുൽസുവിന് മക്കളേ ഉണ്ടായില്ല. റുഖിയ്യ ബദ്ർയുദ്ധ കാലത്തും, ഉമ്മുകുൽസു മക്കാവിജയത്തിനുശേഷവും വഫാത്തായി.

ചെറിയ മകൾ ഹ. ഫാതിമ(റ)യെ നബി(സ)ന് ഏറെ ഇഷ്ടമായിരുന്നു. ഹിജ്റത്തിനുശേഷം ഇവരെ ഹ. അലി(റ)വിവാഹം കഴിച്ചു. ഇവർക്ക് ജനിച്ച മക്കളാണ് ഹ. ഇമാം ഹസൻ(റ)ഉം, ഹുസയ്ൻ(റ)ഉം. ഇവരുടെ തലമുറ സയ്യിദ് എന്നറിയപ്പെടുന്നു. ഹ. ഫാതിമ(റ) നബി(സ)ന്റെ വഫാത്തിന് ആറുമാസത്തിന് ശേഷം വഫാത്തായി.

ഹ. ഖദീജ(റ)ക്ക് ആദ്യ രണ്ട് ഭർത്താക്കന്മാരിൽ രണ്ട് ആൺമക്കളും – ഹിന്ദ്, ഹാല – ഒരു മകളും ഉണ്ടായിരുന്നു. എല്ലാവരും അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുസ്‌ലിംകളായി.

*(സീറത്ത് ഖാത്തമുന്നബിയ്യീൻ)*
*സമ്പാ : എ.എസ്*

# ഹദ്റത് സുബയ്ർ ബിനു അവ്വാം

- ഹദ്റത് സുബയ്ർ(റ)ന്റെ പിതാവിന്റെ പേര് അവ്വാം എന്നായിരുന്നു. നബി(സ)ന്റെ പിതൃസഹോദരി സഫിയ്യ(റ)യാണ് മാതാവ്. ഉമ്മുൽ മുഅ്മിനീൻ ഹ. ഖദീജ(റ)യുടെ സഹോദര പുത്രനായിരുന്ന ഇദ്ദേഹം ഉമ്മുൽ മുഅ്മിനീൻ ഹ. ആയിശ(റ)യുടെ സഹോദരി ഹ. അസ്മാഅ്(റ) യെയാണ് വിവാഹം കഴിച്ചത്.

**ഇസ്ലാം മതാന്വേഷണം**

ആദ്യകാല മുസ്ലിംകളിൽ ഒരാളായിരുന്നു ഹ. സുബയ്ർ(റ). ഹ. അബൂബക്കർ(റ)ന് ശേഷം നാലാമതോ അഞ്ചാമതോ ആണ് ബയ്അത്ത് ചെയ്തത്. ഹ. അബൂബക്കർ(റ)ന്റെ തബ്ലീഗിലൂടെ മുസ്ലിമായ ഇദ്ദേഹത്തിന് അന്ന് 15/16 വയസേ ഉണ്ടായിരുന്നുള്ളൂ.

മുസ്ലിമായ ആദ്യകാലത്ത്, പിതൃവ്യൻ അദ്ദേഹത്തെ പായയിൽ ചുരുട്ടി അതിനകത്തേക്ക് പുക കയറ്റുകയും ഇസ്ലാം ഉപേക്ഷിക്കാൻ നിർബന്ധിക്കുകയും ചെയ്തുകൊണ്ടിരുന്നു. അതിനദ്ദേഹം നൽകിയ മറുപടി ഞാൻ ഒരു കാരണവശാലും കുഫ്റിലേക്ക് മടങ്ങുകയില്ലെന്നാണ്.

മക്കയിൽ നബി(സ) ഇദ്ദേഹത്തിന് ഹ. ഇബ്നു മസ്ഊദുമായി (ചില നിവേദനങ്ങളിൽ ഹ. ത്വൽഹ(റ) എന്നുമുണ്ട്) സാഹോദര്യബന്ധം ഉണ്ടാക്കി. മദീനയിൽ മുസ്ലിംബിനു സലാം അൻസാരിയുമായാണ് സാഹോദര്യം ഉണ്ടാക്കിയത്.

**ഒന്നാമൻ**

അല്ലാഹുവിന്റെ മാർഗത്തിൽ ഏറ്റവും ആദ്യം ഉപയോഗിച്ചവാൾ സുബയ്ർ(റ)ന്റെതായിരുന്നു. നബി(സ)നെ ശത്രുക്കൾ പിടികൂടിയെന്ന് ഒരു കിംവദന്തി പരക്കുകയുണ്ടായി. ഉടൻതന്നെ സുബയ്ർ(റ) ഊരിയവാളുമായി സ്വഫ്ഫുകൾ മറികടന്ന് നബി(സ)ന്റെ സവിധത്തിലെത്തി. നബി(സ) എന്താണ് സംഗതിയെന്ന് ചോദിച്ചപ്പോൾ അദ്ദേഹം കാര്യം പറഞ്ഞു. നബി(സ) അദ്ദേഹത്തിനും വാളിനും വേണ്ടി ദുഃആചെയ്തു.

- എല്ലാ യുദ്ധങ്ങളിലും നബി(സ)ന്റെ കൂടെയുണ്ടായിരുന്നു.
- കച്ചവടത്തിൽ അല്ലാഹു അനിതര സാധാരണമായ അനുഗ്രഹം നൽകിയിരുന്നു.
- ഒരിക്കൽ നബി(സ) എന്റെ ഹവാരി എന്ന് അദ്ദേഹത്തെ സംബോധന ചെയ്തിരുന്നു.
- ഹിജ്റത്തിനുശേഷം മുസ്ലിം കുടുംബത്തിൽ ജനിച്ച ആദ്യ കുട്ടി സുബയ്ർ(റ)ന്റെ മകൻ അബ്ദുല്ലാഹ് ആണ്. നബി(സ)മാണ് അബ്ദുല്ലാഹ് എന്ന് പേരുവെച്ചത്.

**ബദ്ർയുദ്ധം**

- ഈ യുദ്ധത്തിൽ അദ്ദേഹം പച്ചത്തലപ്പാവ് ധരിച്ചാണ് പങ്കെടുത്തത്. നബി(സ)യുദ്ധത്തെക്കുറിച്ച് പറഞ്ഞത്, ഇന്ന് മലക്കുകളും സുബയ്റിന്റെ ചുറ്റും ഇറങ്ങിയെന്നാണ്.
- ബദ്ർ യുദ്ധത്തിൽ മുസ്ലിംകളുടെ പക്കൽ ആകെ രണ്ട് കുതിര സവാരി മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിലൊന്ന് ഹ. സുബയ്ർ(റ)ന്റെതായിരുന്നു.
- നിഷേധികളുടെ നേതാവായിരുന്നു ഉബയ്ദത്ത് ബിനു സഅ്ദ്ബിനു ആസ് ആപാദചൂഡം ലോഹ വസ്ത്രവിഭൂഷിതനായി മുസ്ലിംകളെ വകവരുത്താൻ എത്തിയതായിരുന്നു. തന്നെ എതിരിടാൻ ആരുണ്ട്! എന്ന് വെല്ലുവിളിച്ചുകൊണ്ടിരുന്നു. കണ്ണുകൾ മാത്രമേ പുറത്ത് കാണപ്പെട്ടിരുന്നുള്ളൂ. ഹ. സുബയ്ർ മുന്നോട്ട് കുതിച്ച് അയാളുടെ കണ്ണുകളിൽ തന്നെ അമ്പെയ്യുകയുണ്ടായി.
- നബി(സ) ഈ അമ്പ് അദ്ദേഹത്തോട് വാങ്ങി സൂക്ഷിച്ചിരുന്നു. തുടർന്ന് ഖുലഫാഉർറാശിദിംകളും സൂക്ഷിക്കുകയുണ്ടായി.

**ഉഹദ്യുദ്ധം**

- ഉഹദ്യുദ്ധത്തിൽ വിജയം പരാജയത്തിലേക്ക് നീങ്ങിയപ്പോൾ സ്വഹാബാക്കൾ നാലുപാടും ചിതറപ്പെട്ടു. ആ സന്ദർഭത്തിൽ നബി(സ)ന്റെ ചുറ്റിനും കാവൽ നിന്നവരിൽ ഹ. സുബയ്ർ(റ)ഉം ഉൾപ്പെടുന്നു.
- യുദ്ധാനന്തരം ശത്രുക്കൾ മദീനയെ ലക്ഷ്യമാക്കിയെങ്കിലോ എന്ന് ശങ്കയുണ്ടായി. ശത്രുനീക്കങ്ങളെ മനസിലാക്കാൻ നിയോഗിക്കപ്പെട്ട സംഘത്തിലും ഹ. സുബയ്ർ(റ)ഉണ്ടായിരുന്നു.

**ഖന്തഖ് യുദ്ധം**

- അഹ്സാബ്യുദ്ധം കിടങ്ങുകൾ കാരണം ഖന്തഖ് യുദ്ധം എന്നും അറിയപ്പെടുന്നു. ശത്രുപക്ഷത്തിന് കയറാൻ കഴിയാത്ത വിധം കിടങ്ങുകൾ കുഴിക്കണമെന്ന നിർദേശം ഹ. സൽമാനുൽ ഫാരിസിയാണ് ഉന്നയിച്ചത്.
- ഒരു ശത്രു കിടങ്ങ് ചാടിക്കടക്കാൻ ശ്രമിക്കുന്നതിനിടെ കിടങ്ങിൽ വീണു. ഉടൻതന്നെ സുബയ്ർ കിടങ്ങിലിറങ്ങി ശത്രുവിനെ കീഴ്പ്പെടുത്തുകയുണ്ടായി.
- ഇതേ സന്ദർഭത്തിൽ സുബയ്ർ(റ)ന്റെ മാതാവ് സ്ത്രീകളുടെ ഭാഗത്തേക്ക് എത്തിയ ശത്രുവിനെ വധിച്ച് ശത്രുഭാഗത്തേക്ക് വലിച്ചെറിയുകയുണ്ടായി.

**അംഗീകാരം**

- ഖന്തഖ് യുദ്ധത്തിനുശേഷം മദീനയിൽ ബനൂഖുറയ്സ ഗോത്രം നിഷേധികളെ സഹായിക്കുകയായിരുന്നു. മുസ്ലിം സ്ത്രീകളുടെ സംരക്ഷണ ചുമതല നൽകപ്പെട്ടവരിൽ ഒരാൾ ബാലനായിരുന്നു അബ്ദുല്ലാഹ്ബിൻ സുബയ്ർ ആയിരുന്നു.
- നബി(സ) ബനൂഖുറയ്സയെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കാൻ ആവശ്യപ്പെട്ടപ്പോൾ സുബയ്ർ(റ) വിവരങ്ങൾ ശേഖരിച്ച് നബി(സ)ന്റെ അടുക്കലെത്തി. നബി(സ) അതിൽ സന്തോഷിച്ചുകൊണ്ട് സുബയ്ർ(റ) നോട് പറഞ്ഞു: എന്റെ മാതാപിതാക്കൾ താങ്കൾക്ക് തെണ്ടമായിരിക്കട്ടെ.
- അഹ്സാബ്യുദ്ധത്തിനുള്ള തയ്യാറെടുപ്പ് വേളയിൽ ശക്തമായ കാറ്റും മഴയും ശത്രുസൈന്യത്തിന്റെ തീയണക്കുകയും അപശകുനമാണെന്ന് കരുതി ശത്രുക്കൾ നേരംപുലരും മുമ്പേ യുദ്ധമൈതാനത്തിൽ നിന്ന് രക്ഷപ്പെടാനും തുടങ്ങി.
- നബി(സ) ആ കൊടുംതണുപ്പിൽ ശത്രുപക്ഷത്തിന്റെ വിവരങ്ങളറിഞ്ഞ്വരാൻ സ്വഹാബാക്കളെ വിളിക്കുകയായിരുന്നു. പക്ഷേ അതിശൈത്യം കാരണം ആരുടെയും ശബ്ദം പുറത്ത് വരുന്നുണ്ടായിരുന്നില്ല. അവസാനം സുബയ്ർ(റ)തിരുനബിയുടെ സന്നിധിയിലെത്തി. നബി(സ) പറഞ്ഞു: എല്ലാ നബിമാർക്കും സഹായിയുണ്ട്. എന്റെ സഹായി സുബയ്ർ(റ) ആണ്.

**ഖയ്ബർയുദ്ധം**

- ഖയ്ബർ യുദ്ധത്തിൽ ശത്രു നേതാവായിരുന്ന മർഹബ്ബിനു ഹുമയ്ർ കൊല്ലപ്പെട്ടു. അയാളുടെ സഹോദരൻ ക്രൂദ്ധനായി യുദ്ധ മുഖത്ത് ഇറങ്ങുകയും മുസ്ലിംകളെ എതിരിടാൻ വെല്ലുവിളിക്കുകയുമായിരുന്നു.
- ഹദ്റത് സുബയ്ർ(റ), ആയാളെ നേരിടാൻ മുന്നോട്ട് കുതിച്ചു.
- തന്റെ മകൻ ഈ യുദ്ധത്തിൽ ശഹീദാവുമെന്ന് സഫിയ്യ(റ) നബി(സ) നോട് പറഞ്ഞപ്പോൾ നബി(സ) പറഞ്ഞു: ഇല്ല, സുബയ്ർ എതിരാളിയെ കൊലപ്പെടുത്തുന്നതാണ്.
- അതേ, സുബയ്ർ(റ)ന്റെ കൈകൊണ്ട് ആ കഠിനവിരോധിയും കൊല്ലപ്പെട്ടു.

**ഫത്ഹ് മക്ക**

- മക്കാ വിജയത്തിൽ നബി(സ) ഉണ്ടായിരുന്ന അണിയിൽ കൊടി പിടിച്ചിരുന്നത് ഹ. സുബയ്ർ(റ) ആയിരുന്നു.

**ഹുനയ്ൻ യുദ്ധം**

- ഹുനയ്ൻ യുദ്ധത്തിൽ ശത്രുപക്ഷത്തിന്റെ അപ്രതീക്ഷിതമായ ആക്രമണവും, രണ്ടായിരത്തോളം നവമുസ്ലിംകളും കാരണം ഒരു സന്ദർഭത്തിൽ നബി(സ) യുദ്ധമുഖത്ത് ഒറ്റക്കായ സന്ദർഭവും ഉണ്ടായി.
- ശത്രുനേതാവ് മാലിക്ബിൻ ഔഫ് കുറച്ച് പടയാളികളോ

11

# സ്വലാത്ത് ചൊല്ലുന്നതിന്റെ അനുഗ്രഹങ്ങൾ



**ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ രാജകി (റ)**

നബി(സ) തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലുന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ഇപ്രകാരം വഹ്‌യ് (ബോധനം) ഉണ്ടായി. ***സ്വല്ലി ഇന്നീ റാഫിഉക്ക് ഇലയ്യ വൽഖയ്തു അലയ്ക്ക മുഹബ്ബത്തൻ ന്നീ*** അതായത് മുഹമ്മദിന്റെയും മുഹമ്മദിന്റെ കുടുംബാദികളുടെയും മേൽ സ്വലാത്ത് ചൊല്ലുവിൻ. സ്വലാത്ത് തന്നെയാണ് ശിക്ഷണം നൽകി അഭിവൃദ്ധിയും പരിപൂർണതയും പ്രദാനം ചെയ്യുന്നത്. ഞാൻ നിന്നെ ഉയർത്തുന്നതാണ്. ഞാൻ നിന്നെ സ്നേഹത്തിന്റെ ആട അണിയിക്കുന്നതാണ്. ഈ തർജമ ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്വന്തം ചെയ്തതാണ്. ഇതിനോടൊപ്പം പറയുന്നു. നബി (സ)യുടെ മേൽ സ്വലാത്ത് ചെയ്യുന്നതുകൊണ്ട് മനുഷ്യന് ഈസാ (അ) എന്നല്ല മൂസാ (അ) യുടെ സ്ഥാനം പ്രാപിക്കാൻ കഴിയില്ല. ഇതിൽ നിന്നെ ഞാൻ തെളിവാക്കുന്നതാണ്.

(ബറാഹീനെ അഹ്മദിയ്യ പേജ് 239)

ഒരിക്കൽ സ്വലാത്ത് ചൊല്ലുന്നതിൽ അതായത് നബി (സ) മേൽ സ്വലാത്ത് ചൊല്ലുന്നതിൽ ദീർഘകാലം ഞാൻ മുഴുകി, കാരണം അല്ലാഹുവിനെ പ്രാപിക്കാനുള്ള വഴികൾ അതിസൂക്ഷ്മങ്ങളാണെന്ന് എനിക്കറിയാമായിരുന്നു. നബി (സ) യുടെ മധ്യസ്ഥം കൂടാതെ അത് ലഭിക്കുമായിരുന്നില്ല. ***വബ്തഗൂ ഇലയ്ഹിൻ വസീലത്*** എന്ന് അല്ലാഹു പറഞ്ഞതുപോലെ. അതായത് അല്ലാഹുവിനെ പ്രാപിക്കുന്നതിൽ മധ്യസ്ഥം അന്വേഷിച്ച് കണ്ടെത്തുക. അപ്പോൾ കുറെ കാലത്തിനുശേഷം ജാഗ്രദർശനത്തിൽ ഞാൻ കണ്ടു. വെള്ളം കോരിക്കൊണ്ടുവരുന്ന രണ്ടുപേർ വന്നു. ഒരാൾ ഉള്ളിലെ വഴിയിലൂടെയും മറ്റെയാൾ വെളിയിലെ വഴിയിലൂടെയും വന്ന് എന്റെ വീട്ടിൽ പ്രവേശിച്ചു. അവരുടെ ചുമലുകളിൽ പ്രകാശത്തിന്റെ തോൽപാത്രങ്ങൾ ഉണ്ടായിരുന്നു. അവർ പറയുകയാണ്. ***ഹാദാ ബിമാ സ്വല്ലയ്ത്ത അലാ മുഹമ്മദിൻ***. നീ മുഹമ്മദിന്റെ മേൽ സ്വലാത്ത് ചൊല്ലിയ കാരണത്താലാണിത്.

സ്വലാത്ത് ചൊല്ലുന്നതുകൊണ്ട് ഒരുപാട് നേട്ടങ്ങളുണ്ട്. സ്വലാത്തിന്റെ പ്രാർഥന സ്വീകരിക്കപ്പെടുന്നതായ കാരണത്താൽ, നമ്മുടെ വ്യക്തിഗതമായ പ്രാർഥനകൾക്ക് മുമ്പേയും അതിനുശേഷവും അത് ചൊല്ലുകയാണെങ്കിൽ, അത് നബി (സ) യുടെ ശിപാർശയുടെ അർഥങ്ങളിൽ, പ്രാർത്ഥന സ്വീകരിക്കുന്നതിനുള്ള മാർഗമായിത്തീരുന്നു.

നബി(സ) മനുഷ്യകുലത്തിനോടുള്ള അനുകമ്പ കാരണത്താൽ, ഓരോ മനുഷ്യനും അവന്റെ ജീവിതത്തിന്റെ ഉന്നതമായ ആത്മീയഭൗതിക ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കണമെന്ന് ആഗ്രഹമാണുണ്ടായിരുന്നത്. അതുകൊണ്ട് നബി (സ)യുടെ തന്നെ ഉദ്ദേശ്യങ്ങളിൽ നമ്മുടെ ഉദ്ദേശ്യങ്ങളും ഉൾപ്പെടുത്തി സ്വലാത്ത് ചൊല്ലുകയാണെങ്കിൽ ഇതും പ്രാർത്ഥന സ്വീകാര്യതയുടേയും ഉദ്ദേശ്യസാഫലത്യത്തിന്റെയും അർത്ഥങ്ങളിൽ അങ്ങേയറ്റം ഫലപ്രദമായിത്തീരുന്നതാണ്. ലഭ്യമാകാൻ സാധ്യതയില്ലാത്ത പ്രയാസകരമായ കാര്യങ്ങളും സ്വലാത്ത് ചൊല്ലുന്നതുകൊണ്ട് ലഭ്യമാകുന്നതാണ്. സ്വലാത്ത് ചൊല്ലുന്നതുകൊണ്ട് പത്തിരട്ടി പുണ്യം പ്രതിഫലമായി ലഭിക്കുന്നു. പ്രയാസങ്ങൾ പരിഹരിക്കപ്പെടുമ്പോൾ,തീർച്ചയായും വിജയം ലഭിക്കുന്നതുമാണ്.

(ഹയാത്തെ ഖുദ്സി ഭാഗം 5 പേജ് 146,147)

വിവ. മുഹമ്മദ് ഇസ്മാഈൽ, ആലപ്പി)

---

ടൊപ്പം യുദ്ധഗതി നോക്കുകയായിരുന്നു.

- ആദ്യം രണ്ട് ഗ്രൂപ്പുകൾ പോകുന്നത് കണ്ടപ്പോൾ അയാൾ പറഞ്ഞു, ഇവരെ കൊണ്ട് നമുക്ക് ദോഷമൊന്നും ഉണ്ടാകില്ല.
- തുടർന്ന് ഒരാൾ വരുന്നത് കണ്ടപ്പോൾ അതാരാണെന്ന് അയാൾ സുഹൃത്തുക്കളോട് ചോദിച്ചു. അവർ പറഞ്ഞു: ഒരു പടയാളി, ഉയരമുള്ള ശരീരം, തോളിൽ അമ്പുമുണ്ട്.
- മാലിക് പറഞ്ഞു. അത് സുബയ്ർബിൻ അവ്വാം ആണ്. അയാൾ നിങ്ങൾക്ക് പ്രയാസമുണ്ടാക്കും.
- സുബയ്ർ(റ) നേരെ ശത്രുനിരയിലേക്ക് കയറിച്ചെന്ന് ശത്രുമൂപ്പനെ ഇല്ലാതാക്കി.

**യർമുക്ക്‌യുദ്ധം**

- യർമുക്ക് യുദ്ധത്തിൽ സുബയ്ർ(റ) തന്റെ ഭാര്യയേയും മകൻ അബ്ദുല്ലാഹ്(റ)നേയും കൊണ്ടുവന്നിരുന്നു.
- ഈ യുദ്ധത്തിൽ സുബയ്ർ(റ)ന്റെ ശരീരത്തിൽ ആഴത്തിൽ മുറിവ് പറ്റിയിരുന്നു. അദ്ദേഹത്തിന്റെ മകൻ മർവ(റ) പറയുന്നത് ചെറുപ്പകാലത്ത് ഞാൻ അദ്ദേഹത്തിന്റെ ഈ കുഴിഞ്ഞ മുറിവുകളിൽ കൈ ഇടാറുണ്ടായിരുന്നുവെന്നാണ്.

**ആയിരം പേർക്ക് തുല്യം**

- ഹ. ഉമർ(റ) തന്റെ കാലത്ത് അയച്ച സൈന്യത്തിൽ ഒരു പടനായകൻ ഹ. സുബയ്ർ(റ) ആയിരുന്നു
- അദ്ദേഹം അവരെപറ്റി പറഞ്ഞത്, ഓരോ സൈന്യാധിപനും ആയിരം പേർക്ക് തുല്ല്യരാണ് എന്നായിരുന്നു.

**ശഹാദത്ത്**

- ഹ. അലി(റ)ന്റെ കാലത്ത് നടന്ന ജമൽ യുദ്ധത്തിൽ എതിർപക്ഷത്തായിരുന്നു സുബയ്ർ(റ).
- ഹ. അലി(റ)യുദ്ധമുഖത്ത് നിന്ന് വിളിച്ചു ചോദിച്ചു, സുബയ്ർ, നബി (സ) ന്റെ കൂടെ നമ്മൾ രണ്ട് പേർ മാത്രമായ ഒരു സന്ദർഭത്തിൽ നീ അലിയുമായി യുദ്ധം ചെയ്താൽ അക്രമിയാകും എന്ന് നബി(സ) പറഞ്ഞത് ഓർമയില്ലേ?
- ഇതുകേട്ടതും അദ്ദേഹം യുദ്ധത്തിൽ നിന്ന് പിന്മാറി.
- തിരിച്ചു പോരുമ്പോൾ ഇബ്നു ജർമൂസ് എന്നൊരാളും കൂടെ ഉണ്ടായിരുന്നു.
- വഴിയിൽ സുബയ്ർ(റ) നമസ്കരിച്ചുകൊണ്ടിരിക്കേ അയാൾ പിന്നിൽ നിന്ന് അക്രമിക്കുകയും ഉടലിൽ നിന്ന് ശിരസ് വേർപ്പെടുത്തുകയും ചെയ്തു.
- തന്റെ വീരകൃത്യം അലി(റ)ന് മുന്നിൽ അവതരിപ്പിച്ചപ്പോൾ അലി(റ)പറഞ്ഞു. നീ നരകത്തെ പ്രതീക്ഷിച്ചിരിക്കുക.
- അലി(റ) സുബയ്റിന്റെ ഖബറിൽ എത്തി ദീർഘനേരം കരഞ്ഞുകൊണ്ടിരുന്നു.

**ഖിലാഫത്ത് കമ്മിറ്റി**

- ഹ. ഉമർ(റ)തന്റെ വിയോഗവേളയിൽ ഉണ്ടാക്കിയ ഖിലാഫത്ത് കമ്മിറ്റിയിലെ ഒരാൾ ഹ. സുബയ്ർ(റ) ആയിരുന്നു.

**അമീൻ**

- വിശ്വസ്തനായിരുന്ന സുബയ്ർ(റ)നെയാണ് ഹ. ഉസ്മാൻ(റ), ഹ. അബ്ദുർറഹ്മാൻബ്നു ഔഫ്(റ) തുടങ്ങിയ നിരവധി സ്വഹാബാക്കൾ മരണസമയത്ത് തങ്ങളുടെ കുടുംബത്തിന്റെ സംരക്ഷണ ചുമതല ഏൽപ്പിച്ചിട്ടുണ്ടായിരുന്നത്.

**സമ്പാദ്യവും കടവും**

- ഹ. സുബയ്ർ(റ)ന്റെ സ്ഥാവരജംഗമ സ്വത്തുക്കളുടെ മൂല്യം അഞ്ച്കോടി രണ്ട്ലക്ഷം ദീനാർ ആയിരുന്നു.
- എങ്കിലും തികച്ചും ലളിത ജീവിതമായിരുന്നു അദ്ദേഹം നയിച്ചത്.
- അവസാനനാളുകളിൽ കടക്കാരനായിട്ടാണ് മരണപ്പെട്ടത്.
- സമ്പത്തിലെ നല്ലൊരു പങ്കും ഇസ്‌ലാമിന്‌വേണ്ടി ചെലവഴിച്ചതായിരുന്നു.
- അദ്ദേഹം മകനോട് പറഞ്ഞത്, എന്റെ ഏത്കടം വീട്ടാനും എന്റെ മൗലയോട് ചോദിക്കണമെന്നായിരുന്നു. മകൻ ആരാണ് 'മൗല' എന്ന് ചോദിച്ചപ്പോൾ അല്ലാഹ് എന്നാണ് മറുപടികൊടുത്തത്.
- എല്ലാ സന്ദർഭത്തിലും, സുബയ്റിന്റെ മൗലയോട് ചോദിച്ചാണ് കടങ്ങൾ വീട്ടിയതെന്ന് മകൻ നിവേദനം ചെയ്യുന്നു.
- മൗലാ എന്നവാക്കിന് യജമാനൻ, സുഹൃത്ത് എന്നൊക്കെ അർഥമുണ്ട്.

**സുവാർത്ത**

- സ്വർഗത്തെക്കുറിച്ച് സുവാർത്ത നൽകപ്പെട്ട 10 സ്വഹാബാക്കളിൽ ഹ. സുബയ്ർ(റ)ഉം ഉൾപ്പെടുന്നു.

(അവ: റോഷൻ സിത്താരെ,by ഗുലാം ബാരിസൈഫ്, റബ്വ ആശയാനുവാദം:എ. നാസിർ)

പ്രത്യേക അഭിമുഖം 9.2.2008

സമ്പാ: കെ.വി.ഹസ്സൻകോയ

# സാർവദേശീയ പ്രശ്നങ്ങൾ

**പ്രതിനിധി: ഉന്നതരായിക്കരുതപ്പെടുന്ന കഴിഞ്ഞ കാലത്തെ ഏതെങ്കിലും നേതാക്കളിലോ ഇപ്പോഴത്തെ രാഷ്ട്രീയ നേതൃത്വത്തിലോ തങ്ങളുടെ അവകാശവാദങ്ങളിൽ നല്ലവരായ ആരെങ്കിലുമുണ്ടോ?**

ഹുസൂർ :- ലോകത്തിന്റെ പ്രശ്നങ്ങൾ വളരെ വ്യത്യസ്തമാണ്. വിവിധ രാജ്യങ്ങളിലുള്ള പ്രശ്നങ്ങളാണ് ഒന്ന്. പിന്നെ ആ രാജ്യങ്ങൾ രണ്ടു വിധമുണ്ട്. വികസനമില്ലാത്ത രാജ്യങ്ങളും വികസനം പ്രാപിച്ച രാജ്യങ്ങളും. വികസനമില്ലാത്ത രാജ്യങ്ങൾക്ക് അവരുടെ സാമ്പത്തിക പ്രശ്നങ്ങളുണ്ട്. അതിനുകാരണം സ്വന്തം ജനങ്ങളുടെ അഴിമതിയും ഉന്നതരാജ്യങ്ങളുടെ ചൂഷണവുമാണ്. നിങ്ങൾ സ്വയം മാറ്റം വരുത്തുന്നില്ലെങ്കിൽ ആർക്കും നിങ്ങളെ മാറ്റാൻ സാധ്യമല്ല.


മൂന്നാം ലോകത്തിന്റെ അഥവാ അവികസിത രാജ്യങ്ങളുടെ നേതൃത്വം ഒരേപോലെയല്ല. അവരെല്ലാവരും തങ്ങൾ ജനങ്ങൾക്കുവേണ്ടിയാണെന്നും ജനാധിപത്യത്തിനുവേണ്ടിയാണെന്നും അവകാശപ്പെടുന്നുണ്ടെങ്കിലും യഥാർത്ഥ ജീവിതത്തിൽ അവരൊന്നും അങ്ങനെയല്ല. ഇതുവരെ ജനാധിപത്യം കാണപ്പെടുന്നത് ഇന്ത്യയിൽ മാത്രമാണ്. അവരുടെ നേതൃത്വം വിജയപൂർണ്ണവുമാണ്. ആ അർത്ഥത്തിൽ മൂന്നാംലോക രാജ്യങ്ങളുടെ നേതാക്കളിൽ ഏറ്റവും നല്ലവർ ഇന്ത്യൻ നേതാക്കളാണ്. നിർഭാഗ്യവശാൽ തങ്ങളുടെ രാജ്യങ്ങളോട് ആത്മാർത്ഥതയും വിശ്വസ്തതയും പുലർത്തുന്ന ഏതെങ്കിലും വ്യക്തിയെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അതാതു രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്തവർ ഇതിൽ നിന്നൊഴിവാണ്. ഉദാഹരണമായി ഘാനയിൽ ക്വാമിനക്രൂമ വളരെ ആത്മാർത്ഥതയുള്ള ആളും രാജ്യത്തോട് വിശ്വസ്തത പുലർത്തുകയും ചെയ്തിരുന്നു. അല്ലാത്തപക്ഷം അങ്ങനെയുള്ള രാജ്യസ്നേഹികൾ ആണ്. സിറാലിയോണിലെ നേതാവ് ആരാണെന്നെനിക്കറിയില്ല. യഥാർത്ഥത്തിൽ മുഴുവൻ ആഫ്രിക്കയുടെയും സ്വാതന്ത്ര്യത്തിന്റെ അടിത്തറയിട്ടത് ക്വാമിനക്രൂമയായിരുന്നു. പാശ്ചാത്യ ലോകത്തും നിരവധി നേതാക്കൾ ഉണ്ട്.

ഇസ്ലാമിക രാജ്യങ്ങളിലെ നേതാക്കന്മാർ സ്വയം ആത്മാർത്ഥതയുള്ളവരും അല്ലെങ്കിൽ ജനങ്ങളോട് ആത്മാർത്ഥതയുള്ളവരുമായിരുന്നുവെങ്കിൽ മതപരമായ ജീവിതം നയിച്ചിരുന്നെങ്കിൽ ചുരുങ്ങിയത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ പിന്തുടർന്നിരുന്നെങ്കിൽ ഇസ്ലാമിക രാഷ്ട്രങ്ങളിൽ ഒരുവിധ ദ്രോഹങ്ങളും ഉണ്ടാകുമായിരുന്നില്ല. എവിടെയെങ്കിലും ക്രമസമാധാനഭഞ്ജനം ഉണ്ടായാൽ അതിക്രമം ചെയ്യുന്ന രാജ്യമോ ഗവൺമെന്റോ മറ്റു രാജ്യത്തോട് അതിക്രമം കാണിച്ചാൽ ബാക്കിയുള്ള എല്ലാവരും ഒരുമിക്കുകയും അതിക്രമിക്കെതിരിൽ കാര്യങ്ങൾ നേരെയാവുന്നതുവരെ നടപടി കൈക്കൊള്ളുക യും വേണം. അങ്ങനെ കാര്യം നേരെയായിക്കഴിഞ്ഞാൽ പിന്നെ ആർക്കെതിരിലും പ്രതികാരവും ശത്രുതയും ഉണ്ടാവരുത് എന്ന് വിശുദ്ധഖുർആൻ അനുശാസിക്കുന്നു. പിന്നെ ആ രാജ്യത്തെ വളരാൻ സഹായിക്കുകയും സ്വയം നന്നാക്കുകയും വേണം. ഇത് വളരെ ദൈർഘ്യമുള്ള ചോദ്യവും ദൈർഘ്യമേറിയ ഉത്തരവുമാണ്. ചോദ്യം വളരെ നീണ്ടതാണ് എന്നല്ല ഞാനുദ്ദേശിക്കുന്നത്. പക്ഷേ, അതിന് ദൈർഘ്യമേറിയ ഉത്തരം ആവശ്യമാണ്. നിരവധി തരത്തിലുള്ള നേതാക്കന്മാരെ നിങ്ങൾ പരിഗണിക്കണം. പക്ഷേ, നിങ്ങൾക്കറിയാം പാശ്ചാത്യ ശക്തികൾക്ക് രണ്ടു തുലാസുകളാണുള്ളത്. ഒന്ന് തങ്ങൾക്ക് സ്വന്തവും ഒന്ന് മറ്റുള്ളവർക്കും, ഒന്ന് ദരിദ്രർക്കും ഒന്ന് ധനവാന്മാർക്കും. അവർ ലോകത്തുള്ള എല്ലാ ജനങ്ങളോടും ഒരേ രീതിയിലാണ് പെരുമാറുന്നതെങ്കിൽ ലോകത്ത് സമാധാനം സ്ഥാപിക്കുന്ന കാര്യത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ പാശ്ചാത്യശക്തികളുടെ പെരുമാറ്റം നിങ്ങൾ കാണുകയാണെങ്കിൽ, ആഫ്രിക്കയോടും ചില ഏഷ്യൻ രാജ്യങ്ങളോടും പൗരസ്ത്യ മുസ്ലിം യൂറോപ്യൻ രാജ്യങ്ങളോ ബോസ്നിയ, സെർബിയ എന്നീ രാജ്യങ്ങളോ കാണുകയാണെങ്കിൽ എന്താണ് സംഭവിക്കുന്നതെന്ന് നിങ്ങൾക്ക് കാണാൻ കഴിയും. ആ വിധം ആത്മാർത്ഥതയില്ലൊന്നാണിത് കാണിക്കുന്നത്.



**പ്രതിനിധി: ഹുസൂർ, പാശ്ചാത്യ ലോകത്ത് ലൗകിക കാര്യങ്ങളിൽ മികവുകാട്ടുന്നതിൽ ചിലപ്പോൾ മതം ഒരു തടസ്സമായി കാണാൻ സാധിക്കും. ഇക്കാര്യത്തിൽ അങ്ങയുടെ ഉപദേശം എന്താണ് ?**

ഹുസൂർ:- ഖുർആനികാദ്ധ്യാപനങ്ങൾ വളരെ വ്യക്തമാണ്. നിങ്ങൾ വിശുദ്ധ ഖുർആൻ പഠിപ്പിക്കുക. ആധുനിക ശാസ്ത്രം, പ്രപഞ്ചം, ടെക്നോളജി അങ്ങനെ എല്ലാറ്റിനെക്കുറിച്ചും അത് നിങ്ങ ൾക്ക് പറഞ്ഞുതരും. വാഗ്ദത്ത മസീഹ് (അ) ആദ്യമേ പറഞ്ഞിട്ടുണ്ട് മതത്തിന് ആധുനിക ശാസ്ത്രവുമായി ചെറുത്തുനില്ക്കാൻ പറ്റില്ല എന്നത് തെറ്റാണെന്ന്. ഇതാണ് താങ്കളുടെ ചോദ്യം. എന്താണ് താങ്കൾ പറയാൻ ഉദ്ദേശിക്കുന്നത്?



**പ്രതിനിധി: ചിലപ്പോൾ പാശ്ചാത്യ ലോകത്ത് ജീവിച്ചാൽ ഭൗതിക കാര്യങ്ങളിലും ജോലിയിലുമുള്ള പുരോഗതിക്ക് മതം ഒരു തടസ്സമായി കണക്കാക്കേണ്ടിവരും.**

ഹുസൂർ: - എന്ത് തടസ്സമാണ് നിങ്ങൾക്ക് മുമ്പിൽ സൃഷ്ടിക്കുന്നത് ?

**പ്രതിനിധി: എനിക്ക് വ്യക്തിപരമായല്ല.**

ഹുസൂർ:- ഇതാണ് ഞാൻ ചോദിക്കുന്നത്. നിങ്ങ ൾ ഒരു അഭിഭാഷകനാണെങ്കിൽ നിങ്ങൾ അഭിഭാഷകന്മാരാകരുതെന്ന് മതം പറയുന്നില്ല. ആരെങ്കിലും ഒരു ഡോക്ടറാണ് അല്ലെങ്കിൽ എഞ്ചിനീയറാണെങ്കിൽ നിങ്ങൾ അങ്ങനെയാവരുതെ ന്ന് മതം പറയുന്നില്ല. ഇസ്ലാം മതം നിങ്ങൾക്ക് മാർഗ്ഗദർശനം നൽകുകയാണ് ചെയ്യുന്നത്. വിശുദ്ധഖുർആൻ ആധുനിക ശാസ്ത്രത്തിലേക്ക് പോലും നിങ്ങൾക്ക് മാർഗ്ഗദർശനം നല്കുന്നു. മാർഗ്ഗതടസ്സം സൃഷ്ടിക്കാൻ അതിനെങ്ങ നെ കഴിയും? അഥവാ നിങ്ങളുടെ ലൗകിക കാര്യങ്ങളിൽ തടസ്സം സൃഷ്ടിക്കാൻ എങ്ങനെ സാധിക്കും? ഇതാണോ താങ്കൾ ചോദിക്കുന്നത്?

**പ്രതിനിധി: അതെ, ഹുസൂർ.**

ഹുസൂർ: - ന്യൂസിലണ്ടുകാരനായ ജോൺക്ലമന്റ് എന്ന ജ്യോതിശാസ്ത്രജ്ഞൻ 1908ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ വന്നു. ആഫ്രിക്കയിൽ ഉണ്ടായിട്ടുള്ള എല്ലാ ചുഴലിക്കാറ്റിന്റെയും പേരുകൾ അദ്ദേഹം പറഞ്ഞു. ശാസ്ത്രത്തെക്കുറിച്ച് മതം എന്തെങ്കിലും പറയുന്നുണ്ടോ എന്നന്വേഷിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തോട് പറഞ്ഞത്, താങ്കൾ എല്ലാ ടെക്നോളജിയേയും ആധുനിക ശാസ്ത്രത്തേയും പര്യവേക്ഷണം നടത്തുകയും അവയെ പിന്തുടരുകയും ചെയ്യണമെന്നാണ്. അതിനാൽ ഒരു തടസ്സവും ഉണ്ടാവാൻ പാടില്ല. ആധുനിക ശാസ്ത്രത്തിന് മതം ഒരു തടസ്സമല്ല. അദ്ദേഹം പറഞ്ഞത് രണ്ടും ഒരുമിച്ചു പ്രവർത്തിക്കുന്നു എന്നാണ്. മതം നമ്മോട് ശാസ്ത്രത്തെക്കുറിച്ചു പറയുന്നു. ശാസ്ത്രം

13

ശതാബ്ദം
1911-ജനുവരി

# ഐക്യത്തിന്റെ പ്രധാന്യം

എസ്.

**1912 ജനുവരി 25ലെ ബദ്റിൽ വന്ന വാർത്ത**

*ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ ജൽസാ സാലാനയിൽ ജമാഅത്തിൽ ഐക്യത്തിന്റെ പ്രധാന്യത്തെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് പറഞ്ഞു:*

ഞാൻ ഖലീഫത്തുൽ മസീഹാണ്. അല്ലാഹുവാണ് എന്നെ തിരഞ്ഞെടുത്തത്. എനിക്ക് ഇതിന് ആഗ്രഹമേ ഇല്ലായിരുന്നു. ഒരിക്കലും ഉണ്ടായിട്ടുമില്ല. അല്ലാഹു എന്നെ ഈ വസ്ത്രം അണിയിച്ചിരിക്കുകയാണ്. ഞാൻ വഴക്കുകളെ വെറുക്കുന്നു. അതിനെ അനിഷ്ടകരമായി മനസിലാക്കുന്നു. വഴക്കിന് കാരണമാകുന്ന ഒരു കാര്യവും നിങ്ങളിൽ ഉണ്ടാകരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു.... സമൂഹത്തിൽ വിള്ളലിനെ കുറിച്ച് ചിന്ത വരുമ്പോൾ തന്നെ എന്റെ ഹൃദയത്തിൽ എന്താണ് ഉണ്ടാകുന്നതെന്ന് നിങ്ങൾക്ക് എന്തറിയാം? എനിക്കുണ്ടാകുന്ന പ്രയാസത്തെ നിങ്ങൾക്ക് മനസിലാക്കാൻ സാധ്യമല്ല. ഞാൻ ആഗ്രഹിക്കുന്നത് നിങ്ങളിൽ ഭിന്നിപ്പിന്റെയും വഴക്കിന്റെയും ഒരു കാര്യവും കേൾക്കരുതെന്നാണ്. അത് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് മാത്രമേ സാധ്യമാകൂ. വഅ്തസിമൂ ബി ഹബ്ലില്ലാഹി ജമീആ വലാ തഫർറഖൂ എന്നതിന്റെ ജീവൽ സ്വരൂപങ്ങളായി നിങ്ങൾ മാറുന്നത് എനിക്കെന്റെ കണ്ണു കൊണ്ട് കാണുമാറാകണം.

സ്വഹാബാക്കളുടെ ചരിത്രം പഠിക്കുക.... സ്വഹാബാക്കൾ തങ്ങളുടെ അഭിരുചിക്ക് അനുസരിച്ച് ചിലകാര്യങ്ങളിൽ താൽപര്യം കാണിച്ചിരുന്നു. പക്ഷേ അക്കാര്യങ്ങളൊന്നും തന്നെ അവരിൽ ഭിന്നിപ്പിന് കാരണമായിട്ടില്ല.

ഞാൻ വീണ്ടും നിങ്ങളോട് പറയുകയാണ്, കേൾക്കുന്നവർ കേൾക്കട്ടെ, മറ്റുള്ളവർക്ക് എത്തിക്കട്ടെ, നിങ്ങൾ ഒരിക്കലും വഴക്കിടരുത്.... ഞാൻ ഹദ്റത് അബൂബക്കർ(റ)നെപോലെ വളരെ എളുപ്പത്തിൽ ഖലീഫയായെന്നാണോ നിങ്ങൾ ധരിക്കുന്നത്! നിങ്ങൾക്ക് അതിന്റെ യാഥാർഥ്യം മനസിലാവില്ല. എനിക്ക് മേലുള്ള ദുഃഖത്തേയും ഭാരത്തേയും കുറിച്ച് നിങ്ങൾക്ക് അനുമാനിക്കാനും സാധ്യമല്ല. അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടാണ് എനിക്കതെല്ലാം സഹിക്കാൻ കഴിയുന്നത്. നിങ്ങൾക്ക് ആർക്കും അത് സഹിക്കാനോ അതേകുറിച്ച് ചിന്തിക്കാനോ തന്നെ സാധ്യമല്ല. ലക്ഷക്കണക്കിന് ആളുകളുമായി ബന്ധമുള്ള ഒരു മനുഷ്യന് സ്വസ്ഥമായി ഉറങ്ങാൻ സാധ്യമാണോ?



---

നമ്മോട് മതത്തെക്കുറിച്ച് പറയുന്നു. അതുകൊണ്ടാണ് ഡോ.സലാം വിശുദ്ധ ഖുർആന്റെ വചനങ്ങളുടെ അടിസ്ഥാനത്തിൽ പരീക്ഷണം നടത്തിയത്. പരിശുദ്ധമായ മതം അദ്ദേഹം നടത്തിക്കൊണ്ടിരുന്ന ഗവേഷണത്തിനെതിരായിരുന്നുവെങ്കിൽ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനത്തെ അടിസ്ഥാനമാക്കി അദ്ദേഹത്തിനെങ്ങനെ ഗവേഷണം നടത്താൻ സാധിച്ചു.

അതെ, നിങ്ങൾ വ്യഭിചരിക്കുകയോ മോശമായ കാര്യങ്ങളോ ചെയ്യരുത്. മതം പറയുന്നു. ഇതൊന്നും തടസ്സങ്ങളല്ല, ധാർമ്മികാദ്ധ്യാപനങ്ങളാണ്. ബീർ കുടിക്കുന്നതിൽ നിന്ന് മതം നമ്മെ തടയുന്നു. നിങ്ങളെ ലഹരി പിടിപ്പിക്കുന്ന ഒന്നും ചെയ്യരുതെന്നും പറയുന്നു. അത് കൊണ്ട് മതം നിങ്ങളെ തടയുന്നു. അധാർമ്മികമായ പ്രവർത്തികളാണെങ്കിൽ അതെ, മതം അവ നിരോധിക്കുന്നു!

**പ്രതിനിധി: ലോകജനതക്കും അവരുടെ നേതൃത്വത്തിനും അങ്ങ് എന്തുപദേശമാണ് നൽകാൻ ആഗ്രഹിക്കുന്നത്?**

ഹുസൂർ :- ഞാൻ നിരവധി പ്രാവശ്യം ഉപദേശം നല്കിയിട്ടുണ്ട്. അവർ അല്ലാഹുവുമായി അടുക്കണമെന്ന് ഞാൻ മുമ്പേ പറഞ്ഞിട്ടുണ്ട്. തങ്ങളുടെ സ്രഷ്ടാവിന്റെ അദ്ധ്യാപനങ്ങൾ പിന്തുടരാൻ ശ്രമിക്കുകയും അത് മനസ്സിലാക്കുന്നതു വരെ അവരിൽ നിന്ന് ദൈവം ഇച്ഛിക്കുന്നത് ചെയ്യുന്നതു വരെ ലോകത്ത് സമാധാനം ഉണ്ടാവില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഞാൻ വന്നിട്ടുള്ളത് രണ്ടുദ്ദേശ്യങ്ങളോടെയാണ്. ഒന്ന് ലോകജനതയെ അല്ലാഹുവുമായി അടുപ്പിക്കാനാണ്. രണ്ടാമതായി അവരുടെ സഹജീവികളോടുള്ള കർത്തവ്യങ്ങൾ അവരെ മനസ്സിലാക്കാനാണ്.

**പ്രതിനിധി: ഹുസൂർ, വളരെ തുറന്ന നിലയിൽ ലോകനേതാക്കൾ പറയുന്നത് കാലാവസ്ഥാ മാറ്റത്തെ സംബന്ധിച്ചാണ്. നോക്കുന്നിടത്തെല്ലാം കാലാവസ്ഥാമാറ്റത്തെ സംബന്ധിച്ചാണ് സംസാരം. നമുക്ക് നടപടി കൈക്കൊള്ളേണ്ടതുണ്ട്. ഈ പ്രശ്നത്തിൽ എന്തെങ്കിലും അഭിപ്രായം മുന്നിൽ വെക്കാൻ ഹുസൂർ ആഗ്രഹിക്കുന്നുവോ?**

ഹുസൂർ: - ഇതെല്ലാം ഒരു സമ്പ്രദായമാണ്. നിങ്ങൾ സ്യഷ്ടാവ് നല്കിയിട്ടുള്ള ബാലൻസ് തെറ്റിക്കാൻ ശ്രമിച്ചാൽ അല്പം ചില അസ്വസ്ഥതകളുണ്ടാവും. പക്ഷേ, ഇപ്പോൾ അവർ അവ രുടെ നിലപാടിൽ പുതിയ ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ മാറ്റം വരുത്തിയിരിക്കുകയാണ്. ഇന്ധനവും ഗ്യാസും മരം മുറിക്കലുമൊന്നുമല്ല കാരണമെന്ന്. ഏതായാലും പ്രത്യേകിച്ചും ആഫ്രിക്കൻ ഏഷ്യൻ രാജ്യങ്ങളിൽ വനങ്ങൾ വളരെവേഗം മുറിക്കുകയാണ് അതും വളരെ ക്രൂരമായ രീതിയിൽ. പക്ഷേ മരങ്ങൾ നട്ടുപിടിപ്പിക്കുന്നില്ല എന്ന് ഞാൻ പറയട്ടെ. വനനവീകരണം നടത്തുന്നില്ല. വനം വകുപ്പ് രൂപീകരിച്ച വനനവീകരണസ്റ്റേഷനുകൾ ഉണ്ടെങ്കിലും അവ ർക്ക് നല്കപ്പെട്ട ജോലി അവർ ചെയ്യുന്നില്ല. ഇവിടെയും ജനസംഖ്യ വർദ്ധിക്കുന്നതിനനുസരിച്ച് വനങ്ങൾ വെട്ടിമാറ്റുകയാണ് ഈ സിറ്റികളിലും ടൗണുകളിൽ പോലും വൃക്ഷങ്ങൾ നടാൻ സാധിക്കും. പക്ഷേ അവരത് ചെയ്യുന്നില്ല. അതേസമയം ജനസംഖ്യവർദ്ധിക്കുന്നതിനനുസരിച്ച് ജനങ്ങളുടെ അലസത വർദ്ധിക്കുന്നു. ആധുനിക ടെക്നോളജി കാരണമായി ഓരോരുത്തരും കാറി ൽ യാത്രചെയ്യാൻ ഇഷ്ടപ്പെടുന്നു. നൈജീരിയപോലുള്ള മൂന്നാംലോക രാജ്യങ്ങളിൽ പോലും ഒരു തരത്തിലുള്ള മാറ്റം നടത്തുന്നു. കാറുകളുടെ ഒറ്റ നമ്പർ മാറ്റി ഇരട്ട നമ്പറാക്കാൻ ശ്രമിക്കുന്നു. ആ പ്രശ്നം ജനങ്ങൾ എങ്ങനെ പരിഹരിക്കും. എന്തെന്നാൽ ആ സമയത്ത് അവരുടെ കയ്യിൽ പണമുണ്ടായിരുന്നു. എനിക്കറിയില്ല എന്താണെ ന്ന് ഓരോ വീട്ടിലും രണ്ടു കാറുകൾ ഉണ്ടാവും ഒന്ന് ഇരട്ട നമ്പർ




വേറൊന്ന് ഒറ്റ നമ്പർ. വാതകങ്ങൾ പുറത്തുവരുന്നു. ജനബാഹുല്യം കാലാവസ്ഥയെ കൂടി ബാധിക്കുന്നു. വനം മുറിക്കുന്നതും യന്ത്രങ്ങൾ ഉപയോഗിക്കുന്നതും ഫാനുകളും വെളിച്ചവും പോലും ഗ്രീൻ ഹൗസ് ഗ്യാസുകളെ ബാധിക്കുന്നു. ഇക്കാര്യത്തിൽ എന്താ ണ് ചെയ്യേണ്ടത് എന്താണെന്ന് നിങ്ങൾ ചിന്തിക്കണം. ഇപ്പോൾ തന്നെ ഊർജ്ജമുള്ള ബൾബുകളാണ് ഉപയോഗിക്കുന്നത്. 2015 ആവുമ്പോഴേക്കും ഓരോ രാജ്യത്തും അവർക്കത് ചുരുക്കാ ൻ കഴിയുമെന്ന് അവർ വിചാരിക്കുന്നു. പക്ഷേ വൃക്ഷങ്ങൾ നടൽ ഒരു ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്.

ഞാനോർക്കുകയാണ് എന്റെ ചെറുപ്പകാലത്ത് റാവൽപിണ്ടി കടന്നുകഴിഞ്ഞാൽ ഉടനെ നിങ്ങൾക്ക് നിബിഡവനങ്ങൾ കാണാൻ സാധിക്കും. നിങ്ങൾ മുമ്പിലേക്ക് പോകുമ്പോൾ മലകൾ കയറണം. ഇപ്പോൾ അവിടെയെല്ലാം തരിശുഭൂമിയാണ്.

**അടുത്ത ലക്കത്തിൽ**
**- അഭിമുഖം അവസാനഭാഗം**

പുണ്യാത്മാക്കൾ

# ഹദ്റത് മൗലാനാ അബ്ദുൽകരീം സാഹിബ്(റ) സിയാൽകോട്ടി

ജനനം: 1858, വഫാത്ത് : 11.10.1905 (ബുധൻ)
ആദ്യത്തെ പേര് കരീം ബക്ശ് എന്നായിരുന്നു. ഹ. മസീഹ് മൗഊദ്(അ) ആണ് അബ്ദുൽ കരീം എന്ന് പേര് മാറ്റിയത്.

### വിദ്യാഭ്യാസം

- പ്രാഥമിക വിദ്യാഭ്യാസം അക്കാലത്തെ സമ്പ്രദായമനുസരിച്ച് പള്ളി ദർസിലാണ് നേടിയത്. വിശുദ്ധ ഖുർആനും ഫാർസി ആദ്യ പാഠാവലികളും പഠിച്ചു.
- തുടർന്ന് അറബിയിലും ഫാർസിയിലും സ്വകാര്യപഠനം നടത്തി രണ്ട് ഭാഷയിലും പ്രാവീണ്യം നേടി.
- അമേരിക്കൻ മിഷൻ സ്കൂൾ സിയാൽകോട്ടിൽ ഫാർസി അധ്യാപകനായി നിയമിക്കപ്പെട്ടു.
- ഒരിക്കൽ ഒരു വിദ്യാർഥി വിശുദ്ധ ഖുർആനെ നിന്ദിച്ച് പറഞ്ഞപ്പോൾ മൗലവി സാഹിബ് അതിൽ ശക്തിയായി പ്രതികരിക്കുകയുണ്ടായി. അതേ തുടർന്ന് അദ്ദേഹത്തിന് ജോലി നഷ്ടപ്പെടുകയും ചെയ്തു.
- തുടർന്ന് ബോർഡ് മിഡിൽ സ്കൂളിൽ ജോലിനോക്കിയെങ്കിലും രാജിവെക്കുകയാണുണ്ടായത്.

### ഖുർആൻ പാരായണം

- ശ്രുതിമാധുര്യത്തോടെ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിൽ മൗലവി സാഹിബിന് പ്രത്യേകം പാടവമുണ്ടായിരുന്നു.
- അന്യമതസ്ഥർ പോലും അദ്ദേഹത്തിന്റെ തിലാവത്ത് കേൾക്കാൻ കൂടിയിരുന്നു.

### പ്രഭാഷണങ്ങൾ

- സ്കൂൾ ജോലി വിട്ടശേഷം മൗലവി സാഹിബ് സ്വന്തമായി പ്രഭാഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു.
- അറബി, ഉർദു, ഫാർസി, ഇംഗ്ലീഷ് ഭാഷകളിൽ അദ്ദേഹം അനിതരസാധാരണമായ നിലയിൽ പ്രാഗത്ഭ്യം നേടുകയുണ്ടായി.
- അമേരിക്ക മിഷൻ സ്കൂളിൽ വീണ്ടും നിയമിക്കാൻ അധികൃതർ ശ്രമിച്ചെങ്കിലും അദ്ദേഹം തയ്യാറായില്ല.
- ഇക്കാലത്ത് ഹദ്റത് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ)വുമായി സൗഹൃദബന്ധം ഉണ്ടാവുകയും, മൗലവി സാഹിബ് അദ്ദേഹത്തിന്റെയടുത്ത് കശ്മീരിൽ 6 മാസത്തോളം താമസിക്കുകയുമുണ്ടായി.

### ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ സവിധത്തിൽ

- 1888 മാർച്ചിലാണ് ഹദ്റത് മസീഹ് മൗഊദ്(അ)നെ കാണാൻ ഭാഗ്യം ലഭിച്ചത്.
- 1898 സെപ്തംബറിൽ ഖാദിയാനിൽ സ്ഥിരതാമസമാക്കി.
- ഹുസൂറിന്റെ വീടിന്റെ മുകൾ ഭാഗത്തായിരുന്നു താമസത്തിന് സൗകര്യമൊരുക്കിയിരുന്നത്.
- മരണം വരേയും ഇമാമത്തും, ഖുത്ബയും മൗലവി സാഹിബിന്റെ തന്നെ ചുമതലയിലായിരുന്നു.
- തുടക്കത്തിൽ നിരീശ്വരവാദിയും സർ സയ്യിദ് അഹ്മദ്ഖാന്റെ ആശയങ്ങളുമായി താൽപര്യമുള്ളയാളും ആയിരുന്നു.
- ഹദ്റത് മസീഹ് മൗഊദ്(അ)മായി ആദ്യകാലങ്ങളിൽ ചൂടുപിടിച്ച ചർച്ചകളും നടത്തിയിരുന്നു.
- പിന്നീട് കാര്യങ്ങൾ വ്യക്തമായപ്പോൾ അദ്ദേഹത്തിനുണ്ടായ പരിവർത്തനത്തെ ഹുസൂർ(അ) വിവരിക്കുന്നത് ഇങ്ങിനെയാണ്:

എന്റെ എല്ലാ നിർദ്ദേശങ്ങളേയും അഭിപ്രായങ്ങളേയും അതേപടി ഉൾക്കൊണ്ടിരുന്നു. എത്രത്തോളമെന്നാൽ പകൽ നക്ഷത്രങ്ങളും, രാത്രിയിൽ സൂര്യനുമാണുള്ളതെന്ന് പറഞ്ഞാലും അത് സ്വീകരിക്കുമായിരുന്നു. നമുക്കെതിരായ അഭിപ്രായം സ്വീകരിക്കുന്നത് കുഫ്ർ ആണെന്ന് മനസിലാക്കിയിരുന്നു.

### സേവനങ്ങൾ

- ഹുസൂർ(അ)ന്റെ ഇസ്ലാമീ ഉസൂൽകീ ഫിലാസഫി ലാഹോറിലെ സർവമത സമ്മേളനത്തിൽ വായിച്ചത് മൗലാനാ സാഹിബായിരുന്നു.
- കൂടാതെ, ഹുസൂർ(അ)ന്റെ ഗ്രന്ഥമായ അയ്യാമുസ്സുൽഹും, ആയിനയേ കമാലാത്തെ ഇസ്ലാമിലെ തബ്ലീഗ് എന്ന ഭാഗവും ഫാർസിയിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി.

### രചനകൾ

- പാപത്തെക്കുറിച്ച് പ്രഭാഷണം
- ഹ. മസീഹ് മൗഊദ്(അ) ചെയ്ത പരിഷ്കരണപ്രവർത്തനങ്ങൾ
- സീറത്ത് മസീഹ് മൗഊദ്(അ)
- ഖലീഫ ഹ. അബൂബക്കറിന്റെയും ഹ. ഉമറിന്റെയും (റളിയല്ലാഹു അൻഹു) ഖിലാഫത്തിന്റെ സാധൂകരണം
- ഖിലാഫത്തെ റാശിദ(ഭാഗം - ഒന്ന്)
- ഹ. മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവുകൾ
- ഖുത്ബാത്തെ കരീമിയ
- മൗലവി സാഹിബ് എഴുത്തിലും വായനയിലും വൈജ്ഞാനിക മേഖലയിലുമാണ് തന്റെ അധികസമയവും ചെലവഴിച്ചിരുന്നത്.

### പ്രമേഹം

- 1905 തുടക്കത്തിൽതന്നെ കൂടെ കൂടെ മൂത്രശങ്കയുടെ അസുഖം ആരംഭിച്ചിരുന്നു.
- 1905 ആഗസ്റ്റ് 12ന് പുറം ഭാഗത്ത് തോളുകൾക്കിടയിൽ ഒരു വ്രണം പ്രത്യക്ഷപ്പെട്ടു.
- തുടക്കത്തിൽ അത് നിസാരമായി ഗണിച്ചെങ്കിലും തുടരെത്തുടരെ അത് ഭയാനകമായി മാറുകയായിരുന്നു.
- കുറച്ച് ദിവസങ്ങൾക്കകം അത് Carbonicle (പ്രമേഹക്കുരു) ആയിമാറി.
- 1905 സെപ്തംബർ 4ന് ചെയ്ത ഓപ്പറേഷന് ശേഷം മൗലവി സാഹിബിന്റെ കൈകാലുകൾ മരവിക്കുകയും നാഡിമിടിപ്പ് ഏകദേശം ഇല്ലാത്ത അവസ്ഥയിലേക്കെത്തുകയും ചെയ്തു.
- ഹ. മസീഹ് മൗഊദ്(അ)ന്റെ ദുഃആയുടെ ഫലമായി പ്രമേഹക്കുരു പൂർണമായും ഭേദമായി. രോഗാവസ്ഥയിലും പ്രകടമായ മാറ്റങ്ങൾ ഉണ്ടായി.

### ഇൽഹാമുകൾ/വഫാത്ത്

- 1905 സെപ്തംബർ 12ന് 47 വയസ് ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. എന്ന് ഹുസൂർ(അ)ന് ഇൽഹാമുണ്ടായി. (മൗലവി സാഹിബിന് 47 വയസായിരുന്നു പ്രായം)
- തുടർന്ന് അദ്ദേഹം സുഖപ്പെടുകയില്ല, കഫനിൽ പൊതിയപ്പെട്ടു, ഇന്നൽ മനായാ ലാ തത്വീഷ്ഠ സിഹാമുഹാ (മരണത്തിന്റെ ശരം ഉന്നം പിഴക്കില്ലാ). തുടങ്ങിയ ഇൽഹാമുകൾ അടുത്തടുത്ത ദിവസങ്ങളിൽ ഉണ്ടായിക്കൊണ്ടിരുന്നു.
- രോഗം നാൾക്കുനാൾ അധികരിച്ചുകൊണ്ടിരുന്നു. 1905 ഒക്ടോബർ 11ന് മൗലാനാ സാഹിബ് ഇഹലോകവാസം വെടിഞ്ഞു. (ഇന്നാലില്ലാഹി)

### ഖബറടക്കം



- ഹ. മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശപ്രകാരം ആദ്യം പെട്ടിയിലാക്കി അമാനത്തായി ഖബറടക്കി.
- തുടർന്ന് ജൽസാ വേളയിൽ 1905 ഡിസംബർ 27ന് ഹുസൂർ(അ) ജനാസ നമസ്കരിപ്പിച്ച് ബഹിശ്തി മഖ്ബറയിൽ ഖബറടക്കി.
- ബഹിശ്തി മഖ്ബറയിലെ ആദ്യത്തെ ഖബ്ർ മൗലാനാ സാഹിബിന്റെതാണ്.

### യഥാർഥ സ്നേഹം

- മൗലാനാ സാഹിബിന് ഹുസൂറിനോട് അത്യധികമായ അനുരക്തിയായിരുന്നു. രോഗാവസ്ഥയിൽ ബോധംവരുമ്പോഴൊക്കെ അടുത്ത് പോകണമെന്ന് പറഞ്ഞുകൊണ്ടിരുന്നു.
- ഹുസൂർ(അ)നും തന്റെ ഈ പ്രീതശിഷ്യനോട് അതിരറ്റ സ്നേഹമായിരുന്നു.
- പലപ്പോഴും ഹുസൂർ രാത്രികളിൽ നല്ലൊരു പങ്കും ഈ സ്നേഹിതന് വേണ്ടി ദുഃആയിൽ മുഴുകിയിരുന്നു.
- ഹദ്റത് മുസ്ലിഹ് മൗഊദ്(റ) ഇരുവരുടെയും സ്നേഹത്തെ അനുസ്മരിച്ചുകൊണ്ട് എഴുതുന്നു: മൗലാനാ സാഹിബിന് രണ്ട് കാര്യങ്ങളോട് പ്രത്യേകം താൽപര്യമായിരുന്നു. ഒന്ന് തണുത്ത വെള്ളം, രണ്ട് ഹദ്റത് മസീഹ് മൗഊദ്(അ). ഹുസൂർ മൗലാനാ സാഹിബിന്റെ വിയോഗത്തിനു ശേഷം മഗ്രിബിന് ശേഷമുള്ള സദസുകൾ ഒഴിവാക്കി. അതേകുറിച്ച് ചോദിച്ചപ്പോൾ ഹുസൂർ പറഞ്ഞത് മൗലവി അബ്ദുൽ കരീം സാഹിബിന്റെ സ്ഥലം ഒഴിഞ്ഞ് കിടക്കുന്നത് കാണുമ്പോൾ വേദനയുണ്ടാവുന്നു എന്നായിരുന്നു.

### കാബൂൾ അമീറിന്റെ ഓഫർ

- ഒരിക്കൽ കാബൂൾ അമീർ അമാനുല്ലാഹ്ഖാൻ ദാറുത്തർജുമ എന്നൊരു വിഭാഗം ആരംഭിച്ചു.
- അതിലേക്ക് ക്ഷണിക്കപ്പെട്ട ഇന്ത്യൻ പണ്ഡിതന്മാരിൽ മൗലാനാ സാഹിബും ഉണ്ടായിരുന്നു. നല്ലൊരു സംഖ്യ പ്രതിഫലവും വാഗ്ദാനം ചെയ്തിരുന്നു.
- പക്ഷേ മൗലാനാ സാഹിബ് അത് തിരസ്കരിക്കുകയാണുണ്ടായത്.
- അദ്ദേഹം പറഞ്ഞു: **ഖാദിയാനിൽ കിട്ടിക്കൊണ്ടിരിക്കുന്ന ഖജനാവ് ഇന്ന് മറ്റെവിടേയും കിട്ടുന്നതല്ല. ആയിരത്തി മുന്നൂറ് വർഷങ്ങൾക്കുശേഷം അല്ലാഹു തന്റെ പ്രവാചകനെ നിയോഗിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ പരിശുദ്ധ സഹവാസം ഉപേക്ഷിച്ച് സ്വർണത്തിന്റെയും വെള്ളിയുടെയും നാണയങ്ങൾക്ക് വേണ്ടി പോകുന്നത് ഭൗതികതയിൽ മുഖം കുത്തുകയാണ്. അത് ഉന്നതമായതിനെ, തുഛമായതിനു പകരം വെക്കുകയാണ്. അല്ലാഹുവാണ് സാക്ഷ്യം, ലോകത്തുള്ള മുഴുവൻ സമ്പത്തും എനിക്ക് ഖാദിയാന് പകരമായി തരുകയാണെങ്കിൽ എനിക്ക് ആ സമ്പത്തിൽ മൂത്രമൊഴിക്കാൻ പോലും താൽപര്യമില്ല.**



## വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )

# ചില ഹദീസുകളിൽ തിരുനബി(സ)ക്ക് സിഹ്ർ ബാധിച്ചുവെന്ന് കാണുന്നു. എന്താണ് യാഥാർഥ്യം?

ഹദീസുകളെ സംബന്ധിച്ച അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണം വളരെ വ്യക്തവും ശക്തവുമാണ്. ഞങ്ങൾ പറയുന്നത് ഹദ്റത് മുഹമ്മദ് മുസ്തഫാ(സ) സിഹ്ർ ന്റെ പ്രഭാവത്തിൽനിന്ന് തികച്ചും മുക്തനും അതിജയിച്ചു നിൽകുന്ന ആളുമാണ്. ലോകത്തുള്ള ഒരു ശക്തിക്കും തിരുനബിക്ക് മേൽ സിഹ്ർ ചെയ്യാൻ കെൽപില്ല. അതുകൊണ്ട് തന്നെ ഞങ്ങൾ മനസിലാക്കുന്നത്, ചില യഹൂദികളുടെ ദുഷ്ടലാക്കാണ് മുസ്ലിംകളിൽ ഇത്തരം കാര്യങ്ങൾ കയറികൂടാൻ ഇടവരുത്തിയത്. അതുകൊണ്ട് ക്രിസ്ത്യാനികൾക്കും മറ്റ് മതസ്ഥർക്കും ആക്ഷേപിക്കാൻ അവസരം കിട്ടുമായിരിക്കും.

ഞങ്ങൾ വിശ്വസിക്കുന്നത്, റസൂൽ തിരുമേനി(സ), ഹ. മൂസാ(അ)നേക്കാളും വളരെ മഹത്വമാർന്ന വ്യക്തിത്വമാണെന്നാണ്. മൂസാ നബിയെ, അദ്ദേഹത്തിന്റെ സമൂഹത്തിന്റെ സിഹ്റിൽ നിന്ന് അല്ലാഹു രക്ഷിച്ചു എന്നിരിക്കെ നബി(സ)ന്മേൽ സിഹ്ർ ചെയ്യാൻ സാധ്യമേ അല്ല. ഇതിന് ശക്തമായ ഹദീസുകൾ ഉണ്ട്. നബി(സ)നെ അല്ലാഹു എല്ലാനിലക്കും സംരക്ഷിക്കുകയും സകല ദുഷ്പ്രഭാവങ്ങളിൽ നിന്നും, ശത്രുക്കളുടെ ശക്തിയിൽനിന്നും രക്ഷിക്കുകയും ചെയ്തിരുന്നു. മുഅ്ജിസാത്തുകൾ കാണിച്ചുകൊടുത്തു.

ഉദാഹരണമായി, തിരുനബി(സ) അബൂജഹ്ലിനെ സംബോധനചെയ്തുകൊണ്ട് ഇന്ന ആളുടെ അവകാശം കൊടുക്കുക എന്ന് പറഞ്ഞപ്പോൾ അയാളത് ഉടനെ അംഗീകരിച്ചു. നബി(സ) പോയപ്പോൾ അയാളുടെ കൂട്ടാളികൾ പറഞ്ഞു, നിങ്ങൾ വല്ലാത്ത കോമാളിയാണ്. ഞങ്ങളോട് പറയുന്നത് അദ്ദേഹത്തെ എതിർക്കണമെന്നും അങ്ങിനെ ചെയ്യണം ഇങ്ങനെ ചെയ്യണം എന്നൊക്കെയാണ്. പക്ഷേ നിങ്ങൾ അദ്ദേഹത്തിന്റെ വാക്കുകളെ അപ്പടി അനുസരിക്കുന്നു. അബൂജഹൽ പറഞ്ഞു, ദൈവത്താണെ, ഞാൻ അദ്ദേഹത്തെ എതിർക്കാൻ തുനിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഇരുവശത്തും ഭ്രാന്തുപിടിച്ച രണ്ട് ഒട്ടകങ്ങൾ ദേഷ്യത്തോടുകൂടി എന്റെ നേരെ കുതിക്കാൻ തുടങ്ങിയിരിക്കുന്നതാണ് ഞാൻ കണ്ടത്.

ചുരുക്കത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണം, പ്രവാചകന്മാർ, ഭൗതികരായ സിഹ്ർകാരുടെ വലയത്തിൽ പെടുന്നതിൽ നിന്നും സുരക്ഷിതരാണെന്നാണ്. ഇനി പറയപ്പെടുന്ന സിഹ്ർ എന്താണെന്ന് ഞാൻ പറയാം. സംഭവം ഇങ്ങിനെയാണ്, യഹൂദികൾ തിരുനബി(സ)ന് വിഷം നൽകുകയുണ്ടായി. അത് നബി(സ)ന്റെ ആമാശയത്തെബാധിച്ചു. മാത്രമല്ല കുറച്ച് നേരത്തേക്ക് ഓർമയും നഷ്ടപെട്ടു. ഹദീസുകളിൽ കാണപ്പെടുന്നത് തിരുനബി(സ) ചിലകാര്യങ്ങൾ മറന്നിരുന്നുവെന്നാണ്. ഈ സന്ദർഭത്തെ മുതലെടുത്തുകൊണ്ട്, യഹൂദികൾ ദുഷ്ടലാക്കോടെ ഒരു കിണറിൽ കുറച്ച് മന്ത്രവാദ സാധനങ്ങൾ ഇടുകയുണ്ടായി എന്നും ഇത് അവരുടെ മന്ത്രവാദത്തിന്റെ ഫലമായിരുന്നുവെന്നുമാണ്. യഥാർഥത്തിൽ അത് നബി(സ)ന് മേൽ ബാഹ്യമായി പ്രയോഗിച്ചതിന്റെ ഫലമായിരുന്നു. യഹൂദികൾ തിരുനബിയുടെ മറവിയെ സിഹ്റിന്റെ പ്രഭാവമാണെന്ന് പ്രചരിപ്പിക്കാൻ തുടങ്ങി. സ്വഹാബാക്കളോട്, ഞങ്ങൾ നിങ്ങളുടെ റസൂലിനെ സിഹ്ർ ചെയ്തു എന്ന് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തു.

യഥാർഥത്തിൽ ഖാത്തമുന്നബിയ്യീന് മേൽ സ്വിഹ്ർന്റെ പ്രശ്നംതന്നെ ഉദിക്കുന്നില്ല. അവർ കള്ളമാണ് പറയുന്നതെന്ന് വ്യക്തമാക്കാൻ പറയുന്നത്, നാം നിങ്ങളുടെ യാഥാർഥ്യം തുറക്കുകയാണെന്നാണ്. നബി(സ)നെ നേരത്തെ തന്നെ കിണറിൽ ഇന്നതാണെന്ന് അറിയിക്കുകയും അതിനെ ഇവർ സിഹ്ർ എന്നാണ് പറയുന്നത് സ്വഹാബാക്കളെ കൊണ്ട് പോയി അത് പുറത്തെടുത്ത് കാണിച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ ഒരിക്കലും നഊദുബില്ലാഹ് നബി(സ)ന് അതുകാരണം എല്ലാം മറന്നുപോയെന്ന് തെളിക്കപ്പെടുന്നേയില്ല. നേരത്തെ തന്നെ മറവിയുള്ളതായിരുന്നു. യഹൂദികൾ തങ്ങൾ സിഹ്ർ ചെയ്തുവെന്ന് പ്രചരിപ്പിക്കുകയാണുണ്ടായത്. (മജ്ലിസ് ഇർഫാൻ 27.2.1983 കറാച്ചി)

*സമ്പാ : അബൂസബാഹ്.*




# ഖബർ സന്ദർശനം

### ഖബർ സന്ദർശനത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

ഖബർസ്ഥാനിൽ ഒരാത്മീയത നിലനിൽക്കുന്നുണ്ട്. പ്രഭാത സമയത്ത് ഖബർ സന്ദർശിക്കുന്നത് ഒരു സുന്നത്താകുന്നു.ഇത് പുണ്യമുള്ള കാര്യമാണ്. ഇത് മുഖേന മനുഷ്യന് തന്റെ അവസ്ഥയെ പറ്റി ഓർമ്മ വരുന്നു. ഈ ലോകത്ത് മനുഷ്യൻ യാത്രക്കാരനായിട്ടാണ് വന്നിരിക്കുന്നത്. ഇന്ന് അവൻ ഭൂമിയിലാണെങ്കിൽ നാളെ അവൻ ഭൂമിക്കടിയിലാകുന്നു. ഖബർസ്ഥാനിൽ ചെല്ലുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കണമെന്ന് ഹദീസിൽ വന്നിരിക്കുന്നു. **അസ്സലാമു അലൈക്കും യാഅഹ് ലൽ ഖുബൂരി മിനൽ മുഅ്മിനീന വൽ മുസ്ലിമീന വഇന്നാ ഇൻശാ അല്ലാഹു ബിക്കും ലാഹിക്കൂൻ. അസ്അലുല്ലാഹു ലനാ വലകുമുൽ ആഫിയ.**

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഖബർസ്ഥാനിൽ നിന്ന് ചൊല്ലേണ്ട പ്രാർത്ഥനയെ പറ്റി പറയുന്നു. അവിടെ അടക്കം ചെയ്യപ്പെട്ടവരുടെ പാപപ്പൊറുതിക്കായി പ്രാർത്ഥിക്കേണ്ടതാണ്. സ്വയമായും ദൈവത്തോട് പ്രാർത്ഥിക്കണം. മനുഷ്യൻ സദാസമയവും ദൈവസവിധത്തിൽ പ്രാർത്ഥിക്കുവാൻ കടപ്പെട്ടവനാകുന്നു. *(ബദർ 1905) (ഫതാവാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പേജ് 99)*

അവിടെ നിന്ന് കൊണ്ട് ചെയ്യുന്ന പ്രാർത്ഥന ഇപ്രകാരമാണ്. മയ്യത്തിന്റെ പദവികൾ ഉയർത്തുന്നതിനും അയാൾ ചെയ്ത തെറ്റുകൾ പൊറുത്ത് കൊടുക്കുന്നതിനും അയാൾ വിട്ടേച്ച് പോകുന്നവരിൽ ദൈവം തന്റെ അനുഗ്രഹങ്ങൾ ചൊരിയുന്നതിന് വേണ്ടിയും ദുആ ചെയ്യേണ്ടതാണ്. പ്രാർത്ഥനയിൽ ഏത് ആയത്താണ് ചൊല്ലേണ്ടത് എന്ന ചോദ്യത്തിന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. ഇത് പ്രയാസമുള്ളതാണ്. നിങ്ങൾക്ക് നല്ലവണ്ണം അറിയുന്ന നിങ്ങളുടെ സ്വന്തം ഭാഷയിൽ, ഇതുവഴി നിങ്ങളിൽ താൽപര്യവും അഭിരുചിയും സംജാതമാകുന്നു. മയ്യത്തിന് വേണ്ടി ദുആ ചെയ്യേണ്ടതാണ്. *(ബദർ 1906 ഫതാവാ ഹദ്റത്ത് മസീഹ് മൗഊദ് (അ) പേജ് 109)*

ഖബർസ്ഥാനിൽ കൈ ഉയർത്തി ദുആ ചെയ്യുന്നത് അനുവദനീയമാണ്. (അൽഫസൽ 1916 മാർച്ച് 18) ഹദീസിൽ നിന്ന് ഇക്കാര്യം സ്ഥാപിതമാകുന്നുണ്ട്. ഇമാം ബുഖാരി റഹ്) തന്റെ *രിസാല റഫഉൽ യദയ്നിൽ* ഇത് ഉദ്ധരിച്ചിട്ടുള്ളതാണ്. ഹദ്റത്ത് ആയിശാ (റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ രാത്രി നബി(സ) വീട്ടിൽ നിന്ന് പുറത്തേക്ക് പോയി. നബി (സ) എങ്ങോട്ടാണ് പോകുന്നതെന്നറിയാൻ ഹദ്റത്ത് ആയിശാ (റ) തന്റെ ഭൃത്യ ബരീറയെ അവിടുത്തെ പിന്നാലെ അയച്ചു. ബരീറ മടങ്ങി വന്ന് പറഞ്ഞു. നബി (സ) ജന്നത്തുൽ ബഖീഇൽ പോകുകയും അവിടെ വെച്ച് കൈകൾ ഉയർത്തി പ്രാർത്ഥിക്കുകയും ചെയ്തു. പുലർച്ചെ ഹദ്റത്ത് ആയിശാ (റ) നബി (സ) തിരുമേനിയോട് ചോദിച്ചു. താങ്കളെന്തിനാണ് രാത്രി പുറത്തേക്ക് പോയത്. അവിടുന്നു പ്രതിവചിച്ചു, ജന്നത്തുൽ ബഖീഇൽ ഖബറടക്കം ചെയ്ത തന്റെ അനുചരന്മാർക്ക് വേണ്ടി പ്രാർത്ഥിക്കുവാനുള്ള കൽപന അല്ലാഹുവിൽ നിന്ന് എനിക്ക് ലഭിച്ചിരിക്കുന്നു.

*അവ.ഫിഖ്ഹ് അഹ്മദിയ്യാ ആശയാനുവാദം: ടി.കെ.മഹ്മൂദ്,കൽക്കുളം*




അബൂഅത്ത്വിയ

# തിരുനബി(സ)ഉം കുട്ടികളും

## നമസ്കാരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഹദ്റത് അനസ്(റ) തിരുനബി(സ)ന്റെ സേവകനായിരുന്നു. കുട്ടിക്കാലത്ത് 10 വർഷം തിരുനബിയുടെ കൂടെതന്നെ കഴിയാൻ ഭാഗ്യം ലഭിച്ചിട്ടുണ്ട്.

– ഒരിക്കൽ നബി(സ) പറഞ്ഞു: മോനേ, നമസ്കാരത്തിൽ സുജൂദ് ചെയ്യുന്ന സ്ഥലത്തേക്ക് മാത്രം ശ്രദ്ധിക്കുക. അങ്ങോട്ടും ഇങ്ങോട്ടും നോക്കരുത്.



– അഫ്ലഹ് എന്ന് പേരുള്ള ഒരു കുട്ടി നമസ്കാരത്തിൽ സുജൂദിൽ ഊതുന്നത് കണ്ടപ്പോൾ നബി(സ) പറഞ്ഞു: അഫ്ലഹ്, നമസ്കാരത്തിൽ ഇങ്ങനെ ഊതുന്നത് ശരിയല്ല. പൊടി പറ്റുന്നെങ്കിൽ അത് കാര്യമാക്കേണ്ട.

– ഹ. അബ്ദുല്ലാഹ്(റ) നബി(സ)ന്റെ പിതൃവ്യ പുത്രനായിരുന്നു. ചെറുപ്പകാലത്ത് ഒരിക്കൽ നബി(സ)ന്റെ കൂടെ താമസിക്കുമ്പോൾ, നബി(സ) തഹജ്ജുദിന് എഴുന്നേറ്റപ്പോൾ അബ്ദുല്ലാഹ്യും എഴുന്നേറ്റു. നബി(സ)ന്റെ കൂടെ വുളു ചെയ്ത് ഇടതുഭാഗത്ത് നമസ്കരിക്കാൻ നിന്നു. അപ്പോൾ നബി(സ) അദ്ദേഹത്തെ പിടിച്ച് വലതുഭാഗത്ത് നിർത്തുകയുണ്ടായി. (മിശ്കാത്ത്)

## ഭക്ഷണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

– നബി(സ) ഉമർ എന്ന് പേരുള്ള ഒരു കുട്ടിയെ വളർത്തിയിരുന്നു. ഭക്ഷണം കഴിക്കുന്ന സമയത്ത് കുട്ടി പാത്രത്തിൽ അവിടെയും ഇവിടെയും കയ്യിടുന്നത് കണ്ടപ്പോൾ നബി(സ) പറഞ്ഞു: അല്ലാഹുവിന്റെ നാമത്തോടെ ആരംഭിക്കുക. വലതുകൈകൊണ്ട് ഭക്ഷിക്കുക. (മിശ്കാത്ത്)



– ഹ. ഇബ്നു അബീസൽമ (റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ നബി(സ) ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ അവിടെ ചെന്നു. നബി (സ) പറഞ്ഞു:

**ഔനി യാ ഇബ്നി ബിസ്മില്ലാഹി വകുൽ യമീനിക്ക വകുൽ യലീക്ക** (തിർമിദി)

മോനേ, അടുത്തേക്ക് വരൂ, അല്ലാഹുവിന്റെ നാമത്തിൽ ഭക്ഷണം കഴിച്ചു തുടങ്ങുക. വലതുകൈകൊണ്ട് മുന്നിലുള്ളത് കഴിക്കുക.



– വലതുകൈകൊണ്ട് ഭക്ഷിക്കാനും കുടിക്കാനും നബി(സ) ഉപദേശിച്ചിരുന്നു. നബി(സ) പറഞ്ഞു, ശയ്ത്വാനാണ് ഇടതുകൈകൊണ്ട് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നത്.

– ഒരിക്കൽ ഒരു കുട്ടി ഈന്തപ്പഴം വീഴ്ത്താൻ മരത്തിലേക്ക് കല്ലെറിയുന്നത് കണ്ടപ്പോൾ ജനങ്ങൾ ആ കുട്ടിയെ നബി(സ)ന്റെ സവിധത്തിലെത്തിച്ചു. നബി (സ) പറഞ്ഞു: മോനേ, മരത്തിൽ നിന്ന് സ്വയം വീഴുന്നത് എടുത്ത് കൊള്ളുക. കല്ലെടുത്തെറിയരുത്. മാത്രമല്ല നബി(സ) ആ കുട്ടിയുടെ തലയിൽ തലോടുകയും ദുഃആ ചെയ്യുകയുമുണ്ടായി.

– ഒരിക്കൽ നബി(സ)ന്റെ ദൗഹിത്രൻ ഹ. ഹസൻ(റ) സദ്ഖയായി എത്തിയ ഈന്തപ്പഴത്തിൽനിന്ന് ഒന്നെടുത്ത് വായിലിട്ടു. നബി(സ) കുട്ടിയുടെ വായിൽ കയ്യിട്ട് അത് പുറത്തെടുത്ത് കളഞ്ഞുകൊണ്ട് പറഞ്ഞു: നമ്മൾ സദ്ഖ കഴിക്കാറില്ല. (മിശ്കാത്ത്)

## സലാം പറയുമ്പോൾ



– നബി(സ) കുട്ടികൾക്ക് അവർ സലാം പറയുന്നതിന് മുമ്പേ സലാം പറയുമായിരുന്നു. (മിശ്കാത്ത്)

– ഹ. അനസ്(റ) പറയുന്നു: നബി(സ) പറഞ്ഞു:

**യാ ബനിയ്യ ഇദാ ദഖൽത്ത അലാ അഹ്‌ലിക ഫസല്ലിം**

മോനേ, നീ വീട്ടിൽ പ്രവേശിക്കുമ്പോൾ നിന്റെ വീട്ടുകാർക്ക് നീ സലാം പറയുക.

## വിശുദ്ധ ഖുർആൻ

– ഹ. മുഹമ്മദ്ബ്നു മർയ ചെറുപ്പകാലത്ത് തന്നെ വിശുദ്ധഖുർആൻ മുഴുവനും മനഃപാഠമാക്കിയിരുന്നു. തഖ്‌വയും, ഭയഭക്തിയും കാരണം തന്റെ സമൂഹത്തിന്റെ ഇമാമും ആയിരുന്നു.



– ഹ. ഉസ്മാൻ ബിന് ആസ്(റ) നബി(സ)ന്റെ അവസാന കാലത്താണ് ഇസ്ലാം സ്വീകരിച്ചത്. വളരെ ചെറിയ പ്രായമായിരുന്നു. ഹ. ഉമർ (റ) പറയുന്നു: ഈ കുട്ടിക്ക് ഇസ്ലാമിക വിഷയങ്ങളിൽ അവഗാഹമുണ്ട്. ചെറിയ പ്രായമായിരുന്നിട്ടും അദ്ദേഹത്തെയാണ് നബി(സ) സഖീഫിന്റെ ഇമാമാക്കിയത്. (തഹ്ദീറുന്നാസ്)

## ഇബാദത്ത്

– ഹ. അലി(റ) വളരെ ചെറുപ്പത്തിൽതന്നെ ഇസ്ലാം സ്വീകരിച്ചിരുന്നു. പക്ഷേ ഇബാദത്തിലും തഖ്‌വ യിലും ഉന്നതനിലവാരം പുലർത്തിയിരുന്നു. ഒരിക്കൽ ഹ. ആയിശ(റ) പറയുകയുണ്ടായി:

**മാ അലിംത്തു സ്വാഇമൻവഖ്വാമൻ** (എന്റെ അറിവിൽ പെട്ടിടത്തോളം ഹ. അലി(റ) വളരെയേറെ നോമ്പെടുക്കുന്ന ആളും ഇബാദത്ത് ചെയ്യുന്ന ആളുമാണ്.)

– ഹ. അബ്ദുല്ലാഹ്ബിനു സുബയ്ർ, നബി(സ)ന്റെ കാലത്ത് വളരെ ചെറിയ കുട്ടിയായിരുന്നെങ്കിലും ഇബാദത്തിൽ വലിയ കണിശതയായിരുന്നു. നമസ്കാരത്തിൽ വളരെയധികം മുഴുകുമായിരുന്നു. നീണ്ട നീണ്ട സുജൂദുകൾ അനുഷ്ഠിച്ചിരുന്നു.

## ദീനീകാര്യങ്ങൾ

– ഹദ്റത് അനസ്(റ) നബി(സ)ന്റെ ഖാദിമായിരുന്നു. 8–10 വയസേ ഉണ്ടായിരുന്നുള്ളുവെങ്കിലും അദ്ദേഹം തന്റെ ജോലിയിൽ ബദ്ധശ്രദ്ധനായിരുന്നു. ഒരിക്കൽ അദ്ദേഹം വീട്ടിലേക്ക് പോകും വഴി കുറച്ചു കുട്ടികൾ കളിച്ചുകൊണ്ട് നിൽക്കുന്നത് കാണാനിടയായി. ഹ. അനസും കളികളിൽ മുഴുകി.

ഇതിനിടെ നബി(സ) അതുവഴി വരികയും അനസിനെ വിളിച്ച് എന്തോ ഒരു കാര്യം കാതിൽ പറയുകയും ചെയ്തു. അനസ് ഉടൻ തന്നെ കൂട്ടുകാരെ ഒഴിവാക്കി ഏൽപ്പിച്ച ജോലി ചെയ്തുവന്ന് നബി(സ)നെ വിവരമറിയിച്ചു.

വീട്ടിൽ വൈകിയെത്തിയ അനസിനോട് മാതാവ് വൈകാനുള്ള കാരണമന്വേഷിച്ചു. നബി(സ) ഒരു കാര്യത്തിന് വിട്ടതാണെന്ന് അറിയിച്ചപ്പോൾ മാതാവ് എന്തു ജോലി എന്ന് തിരക്കി. അനസ് പറഞ്ഞു: അത് ഞാൻ പറയില്ല. നബി(സ) എന്നോട് രഹസ്യമാക്കിവെക്കാൻ പറഞ്ഞതാണ്. ഉടനെ ഉമ്മ പറഞ്ഞു മോനേ, എന്നോടെന്നല്ല, ആരോടും നീയത് പറയരുത്. (മുസ്തദിരിക് ഹാകിം)

ദഅ്‌വത്തെ ഇലല്ലാഹ്



# തിരുനബിയുടെ ദഅ്‌വത്തെ ഇലല്ലാഹ്

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ)

മുഹമ്മദ് നബി (സ) തിരുമേനി ഒരു ശിഷ്യനേയും കൂട്ടി മക്കയിൽ നിന്നും ത്വായിഫിലേക്ക് പോയ സന്ദർഭം. ത്വായിഫ് കല്ലുകൾ നിറഞ്ഞതും ദുഷ്ക്കരവുമായ ഒരു മലയോര പ്രദേശമാണ്. പക്ഷെ ആ പാതയേക്കാൾ കഠിനഹൃദയരായിരുന്നു അവിടുത്തെ ജനങ്ങൾ. നബി കരീം (സ) ശാന്തിയുടെയും കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശവുമായിട്ടായിരുന്നു അങ്ങോട്ട് പോയത്. മനോവേദന ഉണ്ടാക്കുന്ന ഒരു കാര്യവും നബി (സ) പറഞ്ഞില്ല. ഏകനായ ദൈവത്തിലേക്ക് അവരെ ക്ഷണിച്ചപ്പോൾ നബിതിരുമേനിയെ അസഭ്യം പറഞ്ഞും കല്ലെറിഞ്ഞുമാണ് അവർ പ്രതികരിച്ചത്. തെരുവിന്റെ മക്കൾ സഞ്ചിയിൽ കല്ലുകൾ നിറച്ച് നബിയെ എറിഞ്ഞു ശരീരത്തിൽ നിന്നെല്ലാം രക്തം ഒഴുക്കിയാണ് തിരിച്ചയച്ചത്. നബിയുടെ ഷൂവിൽ തളം കെട്ടി നിന്നു. അതിന്റെ തെന്നൽ കാരണത്താൽ നടക്കുക പ്രയാസമായിരുന്നു. പക്ഷെ നബി(സ) തിരുമേനി തികഞ്ഞ ശാന്തതയോടും അൽപം പോലും ധൃതി കാണിക്കാതെയും ത്വായിഫിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് പുറത്തേക്ക് വന്നു. പുറത്ത് ഒരു തോട്ടത്തിൽ വിശ്രമിക്കാനിരുന്നു. ദുഃഖവും വേദനയും പേറുന്ന ഹൃദയത്തിന്റെ വല്ലാത്തൊരവസ്ഥയായിരുന്നു അത്. ഈ അവസ്ഥയിൽ പർവ്വതത്തിന്റെ മലക്കുകൾ നബി(സ) തിരുമേനിയുടെ മുന്നിൽ അവതരിച്ച് കൊണ്ട് പറഞ്ഞു. യാ റസൂലല്ലാഹ്, ഈ ഗ്രാമത്തിലുള്ളവരുടെ ഈ പ്രവൃത്തി കാരണത്താൽ അല്ലാഹു വളരെ കോപിച്ചിരിക്കുന്നു. ഇന്ന് മുഹമ്മദ്(സ) തിരുമേനി ആഗ്രഹിക്കുകയാണെങ്കിൽ ഇടതും വലതുമുള്ള മലകൾ കൊണ്ട് ഞെരുക്കി ആ ഗ്രാമത്തെ നാമാവശേഷമാക്കാൻ എന്നോട് കൽപ്പിച്ചിരിക്കുകയാണ്. മുറിവേറ്റ ഹൃദയത്തിന്റെ ഉടമ, അതിൽ നിന്നും രക്തം ധാരധാരയായി ഒഴുകുന്നു. അത് ഇപ്പോഴും ഉണങ്ങിയിട്ടില്ല. പ്രത്യക്ഷത്തിൽ അത് പ്രതികാരത്തിന്റെയും അക്ഷമ പ്രകടിപ്പിക്കുന്നതിന്റെയും സമയമാണ്. (നബിതിരുമേനി(സ) യുടെ മുൻപിൽ നമ്മുടെ ജീവനും ധനവും മാതാപിതാക്കളും തെണ്ടമായിരിക്കട്ടെ) ദുഃഖത്തിന്റെ അങ്ങേയറ്റത്തെ അവസ്ഥയിലും യാതൊരു അർഥനയും കൂടാതെതന്നെ അല്ലാഹു ആ സമൂഹത്തെ നശിപ്പിക്കാനായി തീരുമാനമെടുത്തപ്പോൾ നബി(സ) പറഞ്ഞു, അല്ലാഹുവേ.... എനിക്ക് ഇവരോട് യാതൊരു ശത്രുതയുമില്ല. എന്റെ ദുഃഖം ഞാൻ തന്നെ ഏറ്റെടുക്കുന്നു. ഇതായിരുന്നു നബി (സ) തിരുമേനിയുടെ അവസ്ഥ.




**അല്ലാഹുമ്മ ഹ്ദി ഖൗമി ഫ ഇന്നഹും ലാ യഅ്‌ലമൂൻ.** അല്ലാഹുവേ എന്റെ സമുദായത്തിന് നേർ മാർഗം നൽകേണമേ എന്നത് മാത്രമാണ് എന്റെ അപേക്ഷ. അജ്ഞത മൂലമാണ് അവർ ഈ പ്രവർത്തി ചെയ്യുന്നത് പ്രപഞ്ചനാഥനിൽ നിന്നുള്ള ഒരു പ്രതിനിധിയാണ് അവരോടൊപ്പമുള്ളതെന്ന് അവർക്ക് അറിയില്ല. ആർക്ക് വേണ്ടിയാണോ ഈ ലോകത്തെ തന്നെ സൃഷ്ടിച്ചിട്ടുള്ളത് അവനാണിതെന്ന അറിവും ഇവർക്കില്ല. **ലൗലാക്ക ലമ്മാ വലഖ്ത്തുൽ അഫ്‌ലാക്.**എന്നതിന്റെ ഫിലോസഫി സത്യമായും ഈ ജനങ്ങൾക്ക് അജ്ഞമാണ്. ആരോട് ഏത് രീതിയിലാണ് പെരുമാറുന്നതെന്ന് ഇവരറിയുന്നില്ല. അതിനാൽ അല്ലാഹുവേ നീ അവർക്ക് മാപ്പ് നൽകിയാലും. അവർക്ക് നീ സൻമാർഗം പ്രദാനം ചെ യ്യേണമേ. അവരുടെ തലമുറയിൽ നിന്ന് ആരാധിച്ചുകൊണ്ടിരിക്കുന്ന ആളുകളെ നീ ഉയർ ത്തേണമേ. നോക്കുക. മനസിന്റെ വേദനയിൽ ഹൃദയത്തിൽ നിന്നും വരുന്ന പ്രാർഥന, നബി(സ)യിൽ നിന്നും ഉയരുന്ന പ്രാർത്ഥന. കുറച്ച് വർഷങ്ങൾ പിന്നിട്ടതേയുള്ളൂ. ത്വയിഫിലെ ജനങ്ങൾ മുഴുവൻ ഇസ്‌ലാം മതം സ്വീകരിച്ചു. നബി(സ) യുടെ രക്തമൊഴുക്കാൻ വെമ്പൽ കൊണ്ടിരുന്നവർ തങ്ങളുടെ രക്തത്തിന്റെ അവസാന തുള്ളിയും ഇസ്ലാമിനു വേണ്ടി ഒഴുക്കാൻ സന്നദ്ധരായി. എന്നിട്ടും അവരിൽ ആ ദുഃഖം ബാക്കിയായി. തങ്ങൾ മുഹമ്മദ് നബി (സ)യോട് എന്തിന് അതിക്രമം പ്രവർത്തിച്ചു എന്ന ഓർമ്മ അവരുടെ ഹൃദയത്തെ ദുഃഖത്താൽ ഞെരുക്കുകയായിരുന്നു. അവർ പിന്നീട് വലിയ വലിയ ത്യാഗങ്ങൾ ചെയ്യുകയും ഇസ്ലാമിനുവേണ്ടി യാതൊരു മടിയും കൂടാതെ രക്തം ചൊരിയുകയും ചെയ്തു. പക്ഷെ അനീതിയുടെ ആ കറ ഒരിക്കലും മാഞ്ഞുപോകില്ല. ആയിരക്കണക്കിന് അക്രമത്തേക്കാൾ വലുതായ ആ അക്രമത്തിന്റെ ഓർമ്മ ഖിയാമത്ത് വരേയും ത്വായീഫിനൊപ്പം നിലകൊള്ളും.



ഇതാണ് നമ്മുടെ യജമാനനായ നബി (സ). അല്ലാഹുവേ ഈ പ്രപഞ്ചമുള്ള കാലമത്രയും അതിനുശേഷവും എല്ലായ്പ്പോഴും അളവറ്റ അനുഗ്രഹാശിസുകൾ മുഴുലോകത്തിനും കാരുണ്യവാനായ ഈ പ്രവാചകനുമേൽ വർഷിക്കേണമേ. അളവില്ലാത്തത്ര അനുഗ്രഹങ്ങൾ നബി(സ)തിരുമേനിക്ക് നൽകിയാലും. നിനക്കും നിന്റെ പ്രേമഭാജനവും ഞങ്ങളുടെ യജമാനരുമായ നബിതിരുമേനി(സ)ക്കും വേണ്ടി ഞങ്ങളുടെ ദുഃഖം ഞങ്ങൾ തന്നെ സഹിക്കുന്നതാണ്.

അല്ലാഹുവേ നീ ഈ സമൂഹത്തിന് കാരുണ്യം ചൊരിയേണമേ. അവരെന്താണ് പ്രവർത്തിക്കുന്നതെന്ന് അവരറിയുന്നില്ല. അവരുടെ നൻമയല്ലാതെ മറ്റൊന്നും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അവർക്കുവേണ്ടി കാരുണ്യത്തിന്റെ പ്രാർത്ഥനയല്ലാതെ മറ്റൊന്നും ഞങ്ങളുടെ പക്കലില്ല. അവരുടെ അക്രമത്തിന്റെ പ്രതിഫലമായി അവർക്ക് വേണ്ടി സൻമാർഗം പ്രദാനം ചെയ്യേണമേ.

*മശ്അലെ രാഹ്*

*വിവ. എ.നസീം അഹ്മദ് ചേലക്കര*

# മിഅ്റാജ് ഒരു ആത്മീയ ദർശനം

*(ഒരുപാട് അർഥതലങ്ങളുള്ള ഒരു ദിവ്യദർശനമായിരുന്നു മിഅ്റാജ്. അതിന് ഉപോൽബലകമായ തെളിവുകൾ)*

## ഹൃദയത്തിന്റെ കാഴ്ച

വിശുദ്ധ ഖുർആൻ മിഅ്റാജിനെകുറിച്ച് പറയുന്നു:

***മാ കദബൽ ഫുആദ മാ റആ*** (അന്നജ്മ്)

നബി തിരുമേനി(സ)ന്റെ ഹൃദയം കണ്ട കാഴ്ചയിൽ യാതൊരു കള്ളവുമില്ല.

ഹദീസ് :

***തനാമു അയ്നുഹു വലാ തനാമു ഖൽബുഹു വ കദാലിക്കൽ അമ്പിയാഉ തനാമു അയ്നുഹും വലാ തനാമു ഖുലൂബുഹും*** (ബുഖാരി, കിത്താബുത്തൗഹീദ്)

നബി(സ)ന് ഈ കാഴ്ച കാണിച്ചുകൊടുത്തപ്പോൾ തിരുനബിയുടെ കണ്ണുകൾ ഉറങ്ങുകയായിരുന്നു. പക്ഷേ ഹൃദയം ഉണർന്നിരുന്നു. പ്രവാചകന്മാരുടെ കണ്ണുകൾ ഉറങ്ങുമെങ്കിലും ഹൃദയം ഉറങ്ങാറില്ല.

## ഭൗതിക ശരീരം പോയില്ല

ഹദ്റത് ഉമ്മുൽ മുഅ്മിനീൻ ആഇശ സിദ്ദീഖ(റ) പറയുന്നു:

***വല്ലാഹി മാ ഫുഖിദ ജസദ റസൂലുല്ലാഹി(സ)***

***വലാക്കിൻ ഉറിജ ബി റൂഹിഹീ*** (തഫ്സീർ കശ്ശാഫ്)

അല്ലാഹുവാണ് സത്യം, തിരുനബി(സ)ന്റെ ശരീരം അപ്രത്യക്ഷമായിട്ടുണ്ടായിരുന്നില്ല. മറിച്ച് റൂഹാണ് ഉയർത്തപ്പെട്ടത്.

## സത്യസന്ധമായ സ്വപ്നം

ഹദ്റത് മുആവിയ(റ)നോട് മിഅ്റാജിനെകുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറയുന്നു:

***കാനത്ത് റൂയൻ സ്വാദിഖൻ*** (ദുർറെ മൻസൂർ)

അത് സത്യസന്ധമായ ഒരു സ്വപ്നമായിരുന്നു

ഹദ്റത് ഹസൻ ബസ്വരി(റഹ്) പറയുന്നു:

***കാന ഫിൽ മനാമി റൂഅ്യൻ റആഹു റസൂലുല്ലാഹി(സ)***

അത് നബി(സ) ഉറക്കത്തിൽ കണ്ട ഒരു ദർശനമായിരുന്നു.

## നബി(സ) ഉറങ്ങുകയായിരുന്നു

ബുഖാരി കിത്താബുത്തൗഹീദിൽ പറയുന്നു:

***വഹുവ നാഇമുൻ ഫിൽ മസ്ജിദിൽ ഹറാം.***

നബി(സ) മസ്ജിദുൽ ഹറാമിൽ ഉറങ്ങുകയായിരുന്നു.

***വസ്തയ്ഖള വഹുവ നാഇമുൻ ഫിൽ മസ്ജിദിൽ ഹറാം.***

നബി(സ) ഉണർന്നു. അദ്ദേഹം മസ്ജിദുൽ ഹറാമിൽ ഉറക്കത്തിലായിരുന്നു.

## ഈമാനും ഹിക്മത്തും പാത്രത്തിൽ

മിഅ്റാജ്ന്റെ ഹദീസിൽ പറയുന്നു:

മലക്കുകൾ നബി(സ)ന്റെ നെഞ്ച് പിളർക്കുകയും വൃത്തിയാക്കുകയും ചെയ്തു. ഹൃദയവും കഴുകുകയുണ്ടായി. തുടർന്ന് സ്വർണത്തിന്റെ പാത്രത്തിൽ ഈമാനും ഹിക്മത്തും കൊണ്ടുവന്ന് ഹൃദയത്തിൽ നിറച്ചു.

ഈമാനും ഹിക്മത്തും പാത്രത്തിൽ കൊണ്ടുവരാൻ പറ്റുന്ന ഭൗതിക സാധനങ്ങളല്ലെന്നത് സുവിദമാണല്ലോ!

## മുൻകാല പ്രവാചകന്മാരെ കാണുന്നു

നബി(സ) മിഅ്റാജിൽ ആദം(അ), ഇദ്രീസ്(അ), മൂസാ(അ), ഇബ്റാഹിം(അ), ഹാറൂൻ(അ), യൂസുഫ്(അ), യഹ്യാ(അ) എന്നിവരെ കാണുകയുണ്ടായി.

- ഈ പ്രവാചകന്മാരെല്ലാം മരണപ്പെട്ടവരാണ്. അതായത് അവിടെ അവരുടെ ആത്മാക്കൾ മാത്രമായിരിക്കും അവരുമായാണ് നബി(സ) സന്ധിച്ചത്. മരണപ്പെട്ട പ്രവാചകന്മാരെ സന്ധിച്ചുവെന്ന സംഭവം തന്നെ മിഅ്റാജ് ആത്മീയ ദർശനമാണ് എന്ന് വ്യക്തമാകുന്നു.
- ചില നിവേദനങ്ങളിൽ ഹ. ഈസാ(അ)നെ കുറിച്ചും പരാമർശമുണ്ട്. പക്ഷേ മറ്റ് പ്രവാചകന്മാരുടെ ആത്മാവിനേയും ഈസാ(അ)നെ ശരീരത്തോടുകൂടിയും കണ്ടുവെന്നും നബി(സ) പറഞ്ഞിട്ടില്ല.

## സ്വർഗസ്ഥരും നരകസ്ഥരും ഒരേ സ്ഥലത്ത്

ഹദീസിൽ പറയുന്നു:

- നബി(സ), ഹ.ആദം(അ)ന്റെ ഇരു പാർശ്വങ്ങളിലുമായി കുറച്ചു ആളുകളുടെ സംഘത്തെകാണുന്നു. ഹ.ആദം(അ) വലതുഭാഗത്തേക്ക് നോക്കുമ്പോൾ ചിരിക്കുകയും ഇടതുഭാഗത്തേക്ക് നോക്കുമ്പോൾ കരയുകയും ചെയ്യുന്നു.

ഹ. ജിബ്രീൽ(അ) നബി(സ)നോട് പറഞ്ഞു: വലതുഭാഗത്തുള്ളത് സ്വർഗസ്ഥരുടെ ആത്മാക്കളും, ഇടതുഭാഗത്തുള്ളത് നരകത്തിലെ ആളുകളുടെ ആത്മാക്കളുമാണ്. (ബുഖാരി കിത്താബുസ്സ്വലാത്ത്)

- മുസ്‌ലിംകൾ വിശ്വസിക്കുന്നത് സുകൃതവാൻമാരുടെ ആത്മാക്കൾ **അഅ്ലാ ഇല്ലിയ്യീനി**ലും, ദുഷ്കർമികളുടെ ആത്മാക്കൾ **സിജ്ജീനി**ലുമാണെന്നാണ്.
- ഇവിടെ രണ്ട് കൂട്ടരേയും ഒരേ സ്ഥലത്ത് കണ്ടത് വ്യക്തമാകുന്നത് ഇതൊരു ആത്മീയ ദർശനമാണെന്നാണ്.

## സ്വർഗത്തിൽ നിന്നും ആരും പുറത്ത് പോവില്ല

നബി(സ) പറയുന്നു:

***ഉദ്ഖിൽത്തുൽ ജന്നത്ത ഫ ഇദാ ഫീഹാ ഹബാഇലു ല്ലുഅ്ലുഇ***

***വ ഇദാ തുറാബുഹൽ മുസ്കു.*** (ബുഖാരി കിത്താബുസ്സ്വലാത്ത്)

ഞാൻ സ്വർഗത്തിൽ പ്രവേശിക്കപ്പെട്ടു. അവിടെ മുത്തുകളുടെ മാലകൾ കാണപ്പെട്ടു. സ്വർഗത്തിന്റെ മണ്ണിൽ നിന്ന് കസ്തൂരിയുടെ സുഗന്ധം വരുന്നുണ്ടായിരുന്നു

- തുടർന്ന് നബി(സ) സ്വർഗത്തിൽനിന്ന് പുറത്തേക്ക് വരുന്നതിനെകുറിച്ചും പറയുന്നു.
- വിശുദ്ധ ഖുർആൻ പറയുന്നു:

***മാ ഹും മിൻഹാ ബി മുഖ്റജീൻ*** (അൽ ഹിജ്ർ)

സ്വർഗത്തിൽ നിന്നും ആരും പുറത്തേക്ക് പോവുകയില്ല.

- ഹദീസുകളിൽ നിന്ന് മനസിലാവുന്നത് നബി(സ) പല തവണ ജാഗ്രതാ ദർശനത്തിലും സ്വപ്നത്തിലും സ്വർഗ നരകങ്ങൾ കണ്ടിട്ടുണ്ടെന്നാണ്.

ഒരിക്കൽ നബി(സ) പറഞ്ഞു:-

***ബയ്നാ അനാ നാഇമുൻ റഅയ്തുനീ ഫിൽ ജന്നഃ***

(ബുഖാരി ബാബുൽ വുളൂഇ ഫിൽ മനാം)

ഞാൻ ഉറങ്ങുകയായിരുന്നു. ഞാൻ സ്വർഗം കാണുകയുണ്ടായി.

ഒരിക്കൽ നബി(സ) മസ്ജിദുന്നബവിയിൽ സൂര്യഗ്രഹണം നമസ്കാരത്തിന് നേതൃത്വം നൽകുകയായിരുന്നു. നമസ്കാരത്തിന്നിടയിൽ നബി(സ) അൽപം മുമ്പോട്ടു നീങ്ങി പിന്നെ പിന്നിലേക്ക് തന്നെ വന്നു. നമസ്കാരത്തിനുശേഷം സ്വഹാബാക്കൾ അതേ കുറിച്ച് ചോദിച്ചപ്പോൾ നബി(സ) പറഞ്ഞു:

***ലഖദ് റഅയ്ത്തുൽ ആന മുൻദു സ്വല്ലയ്ത്തു ലക്കും***

***അൽ ജന്നത്തു വന്നാറു മുമസ്സലത്തയ്നി ഫീ ഖിബ്‌ലത്തി ഹാദൽ ജിദാറി*** (ബുഖാരി)

ഞാൻ നമസ്കാരത്തിൽ സ്വർഗവും നരകവും ഈ ചുമരിന് മുന്നിൽ സദൃശീകരിക്കപ്പെട്ട നിലയിൽ കണ്ടു.തുടർന്ന് പറഞ്ഞു, സ്വർഗം കണ്ടപ്പോൾ ***ഫതനാവൽത്തു മിൻഹാ ഉൻഖൂദാ.*** ഞാൻ അതിൽ നിന്ന് ഒരു കുല പറിക്കാൻ ആഗ്രഹിച്ചു.

## നൈലും യൂഫ്രട്ടീസും

നബി(സ) മിഅ്റാജിൽ രണ്ട് നദികൾ കണ്ടു. ജിബ്രീൽ(അ)നോട് ചോദിച്ചപ്പോൾ പറഞ്ഞു:

***ഹാദ ന്നീലു വൽ ഫുറാത്തു അൻസ്വറുഹുമാ*** (ബുഖാരി)

ഇത് നൈൽ നദിയുടെയും യൂഫ്രട്ടീസ് നദിയുടെയും ഉദ്ഭവമാണ്.

- രണ്ട് നദികളും ആകാശത്ത് നിന്ന് ഒഴുകി വരുന്നതല്ലെന്നത് സുവിദമാണ്.
- നൈൽ ഈജിപ്തിലും യൂഫ്രട്ടീസ് ഇറാഖിലുമാണ്.

## നബി(സ) പാൽ തിരഞ്ഞെടുത്തു

നബി(സ)ന്റെ സവിധത്തിൽ വെള്ളവും മദ്യവും പാലും സമർപ്പിച്ചു. നബി (സ) പാൽ സ്വീകരിച്ചു. ജിബ്രീൽ(അ) പറഞ്ഞു: താങ്കൾ ശരിയായ പ്രകൃതമാണ് എടുത്തത്. വെള്ളമെടുത്തിരുന്നുവെങ്കിൽ താങ്കളും ഉമ്മത്തും മുങ്ങിപ്പോകുമായിരുന്നു. ഇനി മദ്യം എടുത്തിരുന്നുവെങ്കിൽ താങ്കളും ഉമ്മത്തും വഴികേടിലായേനെ (ഇബ്നു ജരീർ)

- ഈ സംഭവത്തിന് മുമ്പും ശേഷവും നബി(സ) പല പ്രാവശ്യം വെള്ളം കുടിച്ചിട്ടുണ്ട്.
- മിഅ്റാജ് ഒരു ഭൗതിക സംഭവമായിരുന്നുവെങ്കിൽ അതിൽ പറയപ്പെട്ട സംഗതി ഒരിക്കലും ശരിയല്ല. കാരണം നബി(സ) ജീവിതത്തിൽ ഒരിക്കലും വെള്ളം കുടിക്കരുതായിരുന്നു. ഇത് വ്യക്തമാകുന്നത് മിഅ്റാജ് ആത്മീയ ദർശനമാണെന്നാണ്. അതുകൊണ്ടാണ് അത് വ്യാഖ്യാനിക്കപ്പെട്ടതും.
- ഭൗതിക വസ്തുക്കൾ അതിഥികൾക്ക് സമർപ്പിച്ചുകൊണ്ട് അതേകുറിച്ച് വ്യാഖ്യാനിക്കുന്നത് അർഥ ശൂന്യമാണ്.

## പ്രപഞ്ചം വൃദ്ധയുടെ രൂപത്തിൽ

നബി(സ) മിഅ്റാജ് യാത്രയിൽ ഒരു വൃദ്ധയെ കാണുകയുണ്ടായി. ഹ. ജിബ്രീൽ(അ) അതേകുറിച്ച് പറഞ്ഞത് അത് ഭൗതികലോകമാണെന്നാണ്. (ഇബ്നു ജരീർ)

- ഭൗതികമായ കണ്ണുകൾ കൊണ്ട് കാണുന്ന വസ്തുക്കളെ വ്യാഖ്യാനിക്കുന്നത് അർഥ രഹിതമാണ്.ഉദാഹരണമായി : നേർക്കുനേർ ആനയെ കാണുകയും അത് മറ്റൊരു വസ്തുവാണെന്ന് വ്യാഖ്യാനിക്കുകയും ചെയ്യുന്നത് എത്രമാത്രം ബുദ്ധിപരമാണ്!

- പ്രപഞ്ചം മുഴുവൻ എപ്പോഴെങ്കിലും മറ്റൊരു രൂപവും വർണവും സ്വീകരിക്കുക എന്നത് പ്രപഞ്ചസംവിധാനത്തെ തന്നെ തകിടം മറിക്കുന്നതാണ്.

## മേൽകൂര പൊളിഞ്ഞെന്നോ?

നബി(സ) പറയുന്നു:

***ഫുറിജ അൻ സഖ്ഫി ബയ്ത്തീ വ അനാ ബി മക്കത്ത ഫനസല ജിബ്രീൽ***

(ബുഖാരി കിത്താബുസ്സ്വലാത്ത്)

എന്റെ വീടിന്റെ മേൽകൂര പൊളിക്കപ്പെടുകയും ജിബ്രീൽ(അ) ഇറങ്ങുകയുമുണ്ടായി.

- ജിബ്രീലും മറ്റ് മലക്കുകളും മേൽകൂര പൊളിച്ചാണോ സാധാരണ വരാറുണ്ടായിരുന്നത്?

- മലക്കുകൾക്ക് അതിന്റെ ആവശ്യമുണ്ടോ?

- വിശുദ്ധ ഖുർആൻ മുഴുവനും നബി(സ)ന് ജിബ്രീൽ(അ) ആണ് എത്തിച്ചത്. ഒരിക്കലും മേൽകൂര പൊളിച്ചിരുന്നില്ല.

- ഇതിൽ നിന്ന് വ്യക്തമാകുന്നത് മിഅ്റാജ് ഒരു ആത്മീയ ദർശനമായിരുന്നുവെന്നും അതിൽ ഇത്തരം കാഴ്ചകൾ കാണുന്നത് അസംഭാവ്യമല്ലെന്നുമാണ്.

## സ്വർഗത്തിൽ ഏറ്റവും ആദ്യം എത്തിയത് ഇലന്ത മരം!

നിവേദനങ്ങളിൽ കാണുന്നത് സ്വർഗത്തിൽ ഇലന്തമരം (ഒരിനം മുൾച്ചെടി) ഉണ്ടായിരുന്നുവെന്നാണ്. അത് കടന്ന് പോയിട്ടാണ് നബി(സ) അല്ലാഹുവിന്റെ സവിധത്തിൽ എത്തിയത്.

- സൃഷ്ടികളിൽ നബി(സ)നെക്കാളും മുമ്പേ അവിടെ എത്താൻ ഇലന്ത മരത്തിന് എന്ത് സവിശേഷതയാണുള്ളത്?

- ഇതും വ്യക്തമാക്കുന്നത് മിഅ്റാജ് ആത്മീയ ദർശനമാണെന്നാണ്.

- സാധാരണ ഇലന്തമരം അതിർത്തിയിലാണ് വളർത്താറുള്ളത്. ആ അതിർത്തി കടന്ന് പോകാൻ നബി(സ)ന് മാത്രമേ കഴിയുമായിരുന്നുള്ളൂ. മലക്കുകൾക്ക് പോലും അവിടെക്ക് പ്രവേശനം ഇല്ല.

## ആകാശ കവാടങ്ങൾ!

ജിബ്രീൽ(അ) ഓരോ ആകാശത്തിന്റെ കവാടത്തിലെത്തുമ്പോഴും കതക് മുട്ടുന്നു. അപ്പോൾ അവിടെ നിയോഗിക്കപ്പെട്ട മലക്ക് ചോദിക്കുന്നു:

***വഖദ് ഉർസില ഇലയ്ഹി ഖാല നഅം*** (ബുഖാരി)

നബി(സ) ക്ഷണിക്കപ്പെട്ടതാണോ? ജിബ്രീൽ(അ) പറഞ്ഞു: അതേ.

- ആകാശത്ത് വാതിലുകൾ ഉണ്ടെന്ന പരാമർശം തന്നെ അത് ആത്മീയ ദർശനമാണെന്ന് വ്യക്തമാകുന്നു.

- നബി(സ) ക്ഷണിക്കപ്പെട്ടതാണെന്ന് മലക്കുകൾക്ക് അറിവുപോലുമില്ലെന്നോ?

## നബി(സ)ന്റെ ദൈവസാമീപ്യം മിഅ്റാജിൽ മാത്രമേ?

ഹദീസിൽ പറയുന്നു:

***ഹത്താ ജാഅ സിദ്റത്തുൽ മുൻതഹാ വ ദനാ അൽ ജബ്ബാറു റബ്ബുൽ ഇസ്സ: ഫ തദല്ലാ ഹത്താ കാന മിൻഹു ഖാബ ഖൗസയ്നി ഔ അദ്നാ*** (ബുഖാരി കിത്താബുത്തൗഹീദ്)

നബി(സ) സിദ്റത്തുൽ മുൻതഹയുടെ അടുത്ത് എത്തിയപ്പോൾ അല്ലാഹുവുമായി വളരെയേറെ അടുത്തു. അല്ലാഹു മേലെ നിന്ന് താഴേക്ക് വന്നു. രണ്ട് വില്ലുകൾ ചേരുമ്പോലെ അഥവാ അതിനേക്കാളും കുറഞ്ഞ അകലം മാത്രമായി.

- മിഅ്റാജിന് മുമ്പ് നബി(സ) അല്ലാഹുവിന്റെ സമീപത്തായിരുന്നില്ലേ!

- അല്ലാഹുവിനെ പറ്റി വിശുദ്ധ ഖുർആൻ പറയുന്നു:

***നഹ്നു അഖ്റബു മിൻ ഹബ്ലുൽ വരീദ്.***

നാം ജീവനാഡിയേക്കാളും മനുഷ്യനുമായി സമീപസ്ഥനാണ്.

- ഹദീസിൽ പറയുന്നു:

***മാ യസാലു അബ്ദീ യതഖർറബു ഇലയ്യ ബിന്നവാഫിലി ഹത്താ അഹ്സബ്ത്തുഹു ഫ ഇദാ അഹ്സബ്ത്തുഹു ഫകുൻതു സംഅഹുല്ലദീ യസ്മഉ ബിഹീ വബസ്വറഹുല്ലദീ യുബ്സ്വിറുഹു***

അല്ലാഹു പറയുന്നു: എന്റെ ദാസൻ നഫലുകൾ അനുഷ്ഠിച്ച്കൊണ്ട് എന്റെ പ്രിയപ്പെട്ടവനായിത്തീരുന്നു. എത്രത്തോളമെന്നാൽ ഞാൻ അവൻ കേൾക്കുന്ന കാതും, അവൻ കാണുന്ന കണ്ണുമായി മാറുന്നു....(ബുഖാരി)

വി.ഖുർആൻ നബി(സ)നെപറ്റി പറയുന്നു:

***മാ റമയ്ത്ത ഇദ് റമയ്ത്ത വലാക്കിന്നല്ലാഹ റമാ***

നീ മണ്ണെടുത്ത് എറിഞ്ഞപ്പോൾ നീ അല്ല എറിഞ്ഞത് അല്ലാഹുവാണ് എറിഞ്ഞത്.

***യദുല്ലാഹു ഫൗഖ അയ്ദീഹിം***

നബി(സ) ബയ്അത്ത് വാങ്ങുമ്പോൾ അവരുടെ കൈകൾക്ക് മീതെ നബി(സ)ന്റെ കയ്യാണുണ്ടായിരുന്നത്. അല്ലാഹു പറയുന്നു: അവരുടെ കൈകൾക്ക് മീതെ അല്ലാഹുവിന്റെ കയ്യാണുള്ളത്.

- ഹ. ആഇശ(റ) നിവേദനം ചെയ്യുന്നു:

***മൻ ഹദ്ദസക്ക അന്ന മുഹമ്മദൻ(സ) റആ റബ്ബഹു ഫഖദ് കദബ***

***വഹുവ യഖൂലു ലാ തുദ്രികുഹുൽ അബ്സ്വാറ*** (ബുഖാരി)

ആരെങ്കിലും നബി(സ) തന്റെ റബ്ബിനെ നഗ്ന നേത്രങ്ങൾ കൊണ്ട് കണ്ടു എന്ന് പറഞ്ഞാൽ അവൻ കള്ളമാണ് പറയുന്നത്. കാരണം അല്ലാഹു പറയുന്നു: കണ്ണുകൾക്ക് അവനെ കാണാൻ സാധ്യമല്ല.

- ശാസ്ത്രീയമായി കാണുക എന്നതിന്റെ വിവക്ഷ, പ്രകാശം ഏതെങ്കിലും വസ്തുവിൽ കൂടി കണ്ണിലേക്ക് തിരിച്ചുവരുകയാണ്. അല്ലാഹുവിനെ കുറിച്ചുള്ള ഇസ്ലാമിക വീക്ഷണം അല്ലാഹു ഭൗതിക ലോകത്ത് (Material world) ഉള്ളവനല്ല. മറിച്ച് ആത്മീയ ലോകത്ത് (Spiritual world) ൽ ഉള്ളവനാണ്. അതുകൊണ്ട് തന്നെ പ്രകാശം റിഫ്ളക്റ്റ് ചെയ്യുന്ന പ്രശ്നമേ ഉദിക്കുന്നില്ല.

## ചിറകുള്ള കുതിര!

നബി(സ) രണ്ട് ചിറകുകളുള്ള ബുറാഖ് എന്ന കുതിരപ്പുറത്താണ് യാത്ര ചെയ്തത് എന്ന് ഹദീസുകളിൽ കാണാം.

- ചിറകുള്ള കുതിരയുടെ യാഥാർഥ്യം ഹദീസുകൾ തന്നെ വിശദീകരിക്കുന്നുണ്ട്.

ഹദ്റത് ആഇശ(റ) നിവേദനം ചെയ്യുന്നു: നബി(സ) തബൂക്ക് യുദ്ധമോ ഹുനയ്ൻ യുദ്ധമോ കഴിഞ്ഞ് വന്നു. ഹ. ആശഇയുടെ മുറിയിലെ അലമാരക്ക് മേൽ വിരിയിട്ടിരുന്നു. കാറ്റടിച്ചപ്പോൾ അത് നീങ്ങി. അവിടെ ആഇശയുടെ കളിപ്പാവകൾ നബി(സ) കണ്ടു. നബി(സ) ചോദിച്ചു. ആഇശാ ഇതെന്താണ്? അവർ പറഞ്ഞു: ഇതെന്റെ കളിപ്പാവകളാണ്. ആ പാവകളിൽ ഒരു കുതിരയും അതിന് കടലാസിന്റെ രണ്ട് ചിറകുകളും ഉണ്ടായിരുന്നു. നബി (സ) ചോദിച്ചു: ഇതെന്താണ്? അവർ പറഞ്ഞു: കുതിര. തിരുനബി(സ) അതിന്റെ ചിറകുകളിലേക്ക് ചൂണ്ടിക്കൊണ്ട് ചോദിച്ചു. ഇതെന്താണ്? അവർ പറഞ്ഞു: അതിന്റെ ചിറകുകളാണത്. നബി(സ) അത്ഭുതത്തോടെ ചോദിച്ചു: കുതിരക്ക് ചിറകോ? ഹ.ആഇശ(റ) പറഞ്ഞു: ഹ. സുലയ്മാൻ(അ) ന്റെ കുതിരകൾക്ക് ചിറകുണ്ടായിരുന്നുവെന്ന് അങ്ങ് കേട്ടിട്ടില്ലേ? നബി(സ) അതുകേട്ട് കുലുങ്ങിക്കുലുങ്ങിച്ചിരിച്ചു. (അബൂദാവൂദ്)

- നബി(സ) അല്ലാഹുവിന്റെ അടുത്തേക്ക് കുതിരപ്പുറത്ത് പോയി എന്നതുതന്നെ വസ്തുതകൾക്ക് വിരുദ്ധമാണ്. നബി(സ)ന്റെ മിഅ്റാജ് തികച്ചും ആത്മീയ ദർശനമാണ് എന്ന കാര്യത്തിൽ ഇത് വ്യക്തത നൽകുന്നു.

## നമസ്കാരം അമ്പതിൽ നിന്ന് അഞ്ചിലേക്ക്!

ആദ്യം അമ്പത് നമസ്കാരങ്ങൾ നിർബന്ധമാക്കിയെന്നും തുടർന്ന് ഹ. മൂസാ(അ)ന്റെ അഭിപ്രായത്തെ മാനിച്ചുകൊണ്ട് നബി(സ) കൂടെ കൂടെ ദൈവ സവിധത്തിലെത്തി എണ്ണം കുറച്ചുവെന്നും ഹദീസിൽ പറയുന്നു. അവസാനം അത് അഞ്ചാക്കി നിജപ്പെടുത്തി.

- ഇതും വ്യക്തമാകുന്നത് ഭൗതികമായ ഒരു സംഭവമല്ലെന്നാണ്. കാരണം ഹ. മൂസാ(അ), നബി(സ) നേക്കാളും വളരെക്കാലം മുമ്പേ മരണമടഞ്ഞ പ്രവാചകനായിരുന്നു.

- നബി(സ) തന്നേക്കാളും പദവിയിൽ ചെറിയ ഒരു പ്രവാചകന്റെ അഭിപ്രായത്തിനനുസരിച്ച് കൂടെ കൂടെ ദൈവിക സവിധത്തിലെത്തി നമസ്കാരത്തിന്റെ എണ്ണം കുറക്കാൻ അപേക്ഷിച്ചു എന്ന് പറയുന്നതും ബുദ്ധിപരമായി അടിസ്ഥാനരഹിതമാണ്.

## ഹദ്റത് അഹ്മദ്(അ) പറയുന്നു:

**മിഅ്റാജ് യാത്ര ഭൗതിക ശരീരവും കൊണ്ടായിരുന്നില്ല. മറിച്ച് അത് ഒരു ഉന്നതമായ ആത്മീയ ദർശനമായിരുന്നു. അത് ഒരർഥത്തിൽ ജാഗ്രതാവസ്ഥ തന്നെയാണ്. ഇത്തരം ജാഗ്രതാ ദർശനത്തിൽ മനുഷ്യൻ ഒരു പ്രകാശ ശരീരവുമായി തന്റെ കഴിവനുസരിച്ച് ഉണർന്നിരിക്കുന്ന ആത്മാവുമായി വാനലോകത്തേക്ക് യാത്ര ചെയ്യുന്നു.**


**(ഇസാലെ ഔഹാം)**

**യഥാർഥത്തിൽ മിഅ്റാജ് ഒരു കശ്ഫ് ആയിരുന്നു. അത് വളരെ മഹത്വമാർന്ന തെളിഞ്ഞ ദർശനമായിരുന്നു. അത് സമ്പൂർണവും പരിപക്വവുമായിരുന്നു. കശ്ഫിൽ ഈ ശരീരത്തിന്റെ ആവശ്യമില്ല. കാരണം കശ്ഫിൽ നൽകപ്പെടുന്ന ശരീരത്തിന് യാതൊരു മറയുടെയും കാര്യമില്ല. മറിച്ച് വലിയ വലിയ കഴിവുകൾ അതോടപ്പമുണ്ട്. തിരുനബി(സ)ക്ക് മഹത്തായ കഴിവുകളുള്ള ഈ ശരീരവുമായാണ് മിഅ്റാജ് ഉണ്ടായത്. (ഫതാവ)**

*ക്രോഡീകരണം : ആഫ്താബ്*

ചരിത്രം
ഇഷ്

# സീറത്തുന്നബി (സ)



നബിതിരുമേനി(സ)നെ അധിക്ഷേപിച്ചു കൊണ്ട് രാജ്പാൽ എന്ന് പേരുള്ള ഒരു ദുർഭഗൻ രങ്കീലാറസൂൽ എന്ന പേരിൽ ഒരു പുസ്തകം ഇറക്കുകയുണ്ടായി. മാത്രമല്ല വർത്തമാൻ എന്ന പത്രത്തിലും തിരുനബി(സ)നെ അപഹസിച്ചുകൊ ണ്ട് ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു.

### കേസ്

ഇതിന്നെതിരെ ചിലർ കോടതിയിൽ കേസ് ഫയൽ ചെയ്തെങ്കിലും 1927 മെയ് അവസാനത്തിൽ പഞ്ചാബ് ഹൈക്കോടതി കേസ് തള്ളുകയാണുണ്ടായത്.

### നിയമനിർമാണം

1927 അവസാനത്തിൽ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ) ഇത്തരം പ്രസിദ്ധീകരണങ്ങൾ സമൂഹത്തിൽ കുഴപ്പങ്ങൾക്ക് കാരണമാകുമെന്നും, അഭിപ്രായ സ്വാതന്ത്ര്യം ഒരിക്കലും അന്യമതസ്ഥരുടെ മേലുള്ള കടന്നുകയറ്റമാകരുതെന്നും പരസ്പരം മതഗുരുക്കന്മാരെ ആദരിക്കുന്നതിന് നിയമം വേണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർക്കാറിന്റെ ശ്രദ്ധ ക്ഷണിച്ചിരുന്നു.

### രാജ്പാൽ കൊല്ലപ്പെടുന്നു

ഇതിനിടയിൽ ആലംദീൻ എന്ന് പേരുള്ള ഒരു യുവാവ് 1929 ഏപ്രിൽ മാസം രാജ്പാലിനെ പട്ടാപ്പകൽ കൊലപ്പെടുത്തുകയുണ്ടായി.

### ഖലീഫയുടെ പ്രതികരണം

ഈ സന്ദർഭത്തിൽ ഹുസൂർ(റ) കൊലപാതകത്തെ അപലപിക്കുകയും സർക്കാർ അഭിപ്രായസ്വാതന്ത്യത്തിന്റെ കാര്യത്തിൽ ക്ലിപ്തമായ നിയമനിർമാണം നടത്തണമെന്നും ആവശ്യപ്പെടുകയുണ്ടായി. ഇതേ തുടർന്ന് മതഗുരുക്കന്മാരെ പരസ്പരം ആദരിക്കണമെന്ന നിയമം സർക്കാർ പാസാക്കാൻ നിർബന്ധിതമായി.

### സീറത്തുന്നബി സമ്മേളനം

മറുഭാഗത്ത് ഹുസൂർ(റ) ലോകം മുഴുവൻ തിരുനബി(സ)ന്റെ പരിശുദ്ധ ജീവിതം പ്രകീർത്തിച്ചുകൊണ്ട് സീറത്തുന്നബി (നബിചരിത്രം) സമ്മേളനങ്ങൾ നടത്താൻ ആഹ്വാനം ചെയ്തു.

### ഹുസൂർ നൽകിയ പ്രോഗ്രാമുകൾ

- എല്ലാവർഷവും തിരുനബി(സ)ന്റെ പരിശുദ്ധ ജീവിതത്തിലെ പ്രധാന വശങ്ങളെ തിരഞ്ഞെടുത്ത് അതേകുറിച്ച് വിശദീകരിക്കുക.
- ഈ വിഷയങ്ങളിൽ പ്രഭാഷണം നടത്താൻ ഹുസൂർ ആയിരം പ്രഭാഷകന്മാർ വേണമെന്ന് ആവശ്യപ്പെട്ടു.
- മുസ്‌ലിംകൾ മാത്രമല്ല, അമുസ്‌ലിംകളേയും പ്രഭാഷണത്തിന് ആഹ്വാനം ചെയ്തു. കാരണം തിരുനബിയുടെ ഔദാര്യം മുഴുലോകത്തിനുമുള്ളതാണ്.
-അമുസ്‌ലിം പ്രഭാഷകരിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് യഥാക്രമം 100, 50, 25 രൂപ സമ്മാനമായി പ്രഖ്യാപിച്ചു.
- മീലാദുന്നബി(സ) എന്ന പേരിൽ നടത്തുന്ന പരിപാടികൾക്ക് പകരം വൈജ്ഞാനിക സമ്മേളനത്തിനാണ് ഹുസൂർ ഊന്നൽ നൽകിയത്.

### ആദ്യത്തെ സമ്മേളനം

റബീഉൽ അവ്വൽ 12 ന് പകരം മുഹർറം ഒന്നിന് (ജൂൺ 20) ആദ്യത്തെ സമ്മേളനത്തിന് വിളംബരം ചെയ്തു. പക്ഷേ ശിയാ വിഭാഗത്തിൽപെട്ടവർ അന്നത്തെ ദിവസം പങ്കെടുക്കാൻ സാധ്യമല്ലെന്ന് അറിയിച്ചതിനെ തുടർന്ന് പ്രോഗ്രാം ജൂൺ 17 ലേക്ക് മാറ്റി.
- പ്രോഗ്രാമിനെ കുറിച്ച് ജനങ്ങളേയും ഇതര മുസ്‌ലിം വിഭാഗങ്ങളേയും ബോധവൽക്കരിക്കാനും യോഗാധ്യക്ഷനായി സമൂഹത്തിൽ അംഗീകാരമുള്ള ആളുകളെ പങ്കെടുപ്പിക്കാനും ഹുസൂർ നിർദേശിച്ചിരുന്നു.
- ഒരേ സ്റ്റേജിൽ മുസ്‌ലിം കക്ഷികൾ അഭിപ്രായവ്യത്യാസം മാറ്റിവെച്ച് സീറത്തുന്നബി യെ കുറിച്ച് പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി.

---

ഹദ്റത് അഹ്മദ്(അ) പറയുന്നു:

## എന്റെ ഹൃദയവേദന

ഞാൻ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു പറയുന്നു. എന്റെ എല്ലാ മക്കളും മക്കളുടെ മക്കളും എന്റെ എല്ലാ സുഹൃത്തുക്കളും എന്റെ എല്ലാ സഹായികളും സന്തതസഹചാരികളും എന്റെ കൺമുമ്പാകെ അരുകൊല ചെയ്യപ്പെട്ടാലും എന്റെ കൈകാലുകൾ വെട്ടിമുറിക്കപ്പെട്ടാലും എന്റെ കൃഷ്ണമണികൾ ചൂഴ്ന്നെടുക്കപ്പെട്ടാലും എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളും വിനഷ്ടമായിപോയാലും എന്റെ എല്ലാ സുഖസൗകര്യങ്ങളും കവർന്നെടുക്കപ്പെട്ടാലും അവയെക്കാളൊക്കെ എനിക്ക് അസഹ്യമായനുഭവപ്പെടുക റസൂൽ തിരുമേനി(സ)ക്കെതിരായി ഉന്നയിക്കപ്പെടുന്ന നീചമായ ആരോപണങ്ങളാണ്. (ആയിനയെ കമാലാത്തെ ഇസ്‌ലാം)

## അവരുമായി മൈത്രിയില്ല

ഞാൻ സത്യമായും നിങ്ങളോട് പറയുന്നു. മരുഭൂമിയിലെ സർപ്പങ്ങളുമായും കാട്ടിലെ ചെന്നായ്ക്കളുമായും ഞങ്ങൾക്ക് ഐക്യഭാവത്തിലും സൗഹാർദ്ദത്തിലും വർത്തിക്കുവാൻ സാധിക്കുന്നതാണ്. പക്ഷേ, ഞങ്ങളുടെ ജീവനേക്കാളും, മാതാപിതാക്കളേക്കാളും ഏറ്റവും പ്രിയപ്പെട്ട പരിശുദ്ധ നബിതിരുമേനിയുടെ പേരിൽ ദൂഷ്യാരോപണം ചെയ്യുന്നവരുമായിട്ട് ഞങ്ങൾക്ക് മൈത്രിയിൽ കഴിഞ്ഞുകൂടുക അസാധ്യമാണ്. (പൈഗാമേ സുൽഹ്)

---

നുറുങ്ങുകൾ
എസ്.ഡി

## നുബുവ്വത്തും സിദ്ദീഖിയ്യത്തും

മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് (മർഹൂം)



ഒരിക്കൽ, പണ്ഡിതനായ ഒരു മാന്യ വ്യക്തി എന്നോട് പറഞ്ഞു, നാല് പദവികളിൽ നബി അസഹനീയമാണ്. ബാക്കി മൂന്ന് പദവികളെ പറ്റി വിശദീകരിച്ചാൽ മതി. ഞാൻ ചോദിച്ചു: സിദ്ദീഖ് വരാവുന്നതാണോ? അദ്ദേഹം പറഞ്ഞു: അതേ,
ഞാൻ ചോദിച്ചു: ആരെയാണ് സിദ്ദീഖ് എന്ന് പറയുക?
നബിയെ കണ്ട മാത്രയിൽ വിശ്വസിക്കുന്ന ആളാണ് സിദ്ദീഖ് എന്ന് അദ്ദേഹം മറുപടി പറഞ്ഞു.
ഞാൻ അദ്ദേഹത്തിന്റെ വിജ്ഞാനത്തെ ശ്ലാഘിച്ചുകൊണ്ട് പറഞ്ഞു, ഹ. ശാഹ്‌വലിയുല്ലാഹ് ദഹ്‌ലവി അദ്ദേഹത്തിന്റെ ഹുജ്ജത്തുൽ ബാലിഗയിലും, ഹ. ഇമാം സുയൂത്തി തഫ്സീർ ദുർറെ മൻസൂറിലും ..... ഒക്കെ ഇതേ വിശദീകരണമാണ് നൽകിയിട്ടുള്ളത്.
പക്ഷേ ഞാൻ വിനീതമായി ചോദിക്കട്ടെ, നുബുവ്വത്തിന്റെ അനുഗ്രഹം എന്നന്നേക്കും അടഞ്ഞുകിടക്കുകയാണെങ്കിൽ ഉമ്മത്തിന് എങ്ങിനെയാണ് സിദ്ദീഖിയ്യത്ത് കിട്ടുക?
ആ പണ്ഡിത സുഹൃത്ത് കണ്ണുകൾ നിറച്ചുകൊണ്ട് പറഞ്ഞു, "എന്നോട് ഇതേവരെ ആരും ഇത് പറഞ്ഞിട്ടില്ല, ഞാനത് ചിന്തിച്ചിട്ടുമില്ല."

**ഹദ്റത് മസീഹ് മൗഊദ്(അ) ആണ് ഈ വിജ്ഞേയമായ സംഗതി ഏറ്റവും ആദ്യം അവതരിപ്പിച്ചത്.**

വനിതാരംഗം

# അഭിപ്രായ സ്വാതന്ത്ര്യം

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

ഹദ്റത്ത് ഉമർ (റ)ന്റെ മകളെ നബി(സ) വിവാഹം ചെയ്തിരുന്നു. ഉമർ(റ) മദീനയ്ക്കടുത്തുള്ള ഒരു ഗ്രാമത്തിൽ താമസിച്ച് കച്ചവടം ചെയ്ത് പോരുകയായിരുന്നു. അദ്ദേഹത്തിന് ഒരു അൻസാരിയുമായി നല്ല സുഹൃദ്ബന്ധമായിരുന്നു. രണ്ടുപേരും മാറി മാറി മദീനയിൽ വരികയും നബി(സ) യുടെ വിവരങ്ങൾ പരസ്പരം കൈമാറുകയും ചെയ്തു പോന്നു. മദീനയിൽ വരുന്നയാൾ എല്ലാ കാര്യങ്ങളും ശേഖരിക്കുമായിരുന്നു. അതായത്, ഇന്നദിവസം നബി(സ)ക്കുണ്ടായ വെളിപാട് ഇപ്രകാരമാണ്, മുസ്‌ലിംകൾക്ക് നൽകിയ ഉപദേശം ഇപ്രകാരമായിരുന്നു എന്നിങ്ങനെ. അങ്ങനെ രണ്ടുപേരുടേയും ദീനീപഠനവും കച്ചവടവും നടന്നിരുന്നു.

ഒരു ദിവസം അൻസാരി മദീനയിൽ നിന്ന് തിരിച്ച് വന്ന് ഉമർ (റ)ന്റെ വീടിന്റെ കതക് മുട്ടാൻ തുടങ്ങി. ഉമർ ഖത്താബെവിടെ എന്ന പരിഭ്രമത്തോടെയുള്ള ശബ്ദം ഉള്ളിൽ നിന്ന് ഉമർ(റ) കേട്ടു. അദ്ദേഹം കരുതി മദീനയിൽ എന്തോ സംഭവിച്ചിരിക്കുന്നു. ആ ദിവസങ്ങളിൽ ഒരു ക്രിസ്തീയ രാജാവ് മദീനയെ അക്രമിക്കാൻ പോകുന്നു എന്ന കിംവദന്തിയും പരന്നിരുന്നു. ഉമർ (റ) പറഞ്ഞു ആ രാജാവ് അക്രമം നടത്തിയിരിക്കുന്നു എന്ന ധാരണയിൽ ഞാൻ വസ്ത്രം ധരിച്ച് പുറത്തിറങ്ങി. അൻസാരിയോട് കാര്യമന്വേഷിച്ചു. അദ്ദേഹം പറഞ്ഞു. നബി(സ) ഭാര്യമാരെ ഉപേക്ഷിച്ചിരിക്കുന്നു. ഉമർ (റ) പറയുന്നു, ഞാൻ ഭയചകിതനായി മദീനയിലേക്ക് പുറപ്പെട്ടു. നബി(സ)ന്റെ സന്നിധിയിലെത്തി കാര്യം തിരക്കി. യാ റസൂലല്ലാഹ്, അങ്ങ് വീട് വിട്ട് വന്നിരിക്കുകയാണോ? നബി(സ) പറഞ്ഞു. അതെ, ഞാൻ വീണ്ടും ചോദിച്ചു. അങ്ങ് ഭാര്യമാർക്ക് തലാഖ് നൽകിയിരിക്കുന്നുവോ? നബി (സ) പറഞ്ഞു, ഇല്ല. ഞാനാർക്കും തലാഖ് നൽകിയിട്ടില്ല. ഞാൻ അപ്പോൾ അൽഹംദുലില്ലാഹ് എന്ന് പറഞ്ഞു. ഞാൻ വീണ്ടും ചോദിച്ചു ഞാൻ അങ്ങയോട് ഒരു കാര്യം പറയട്ടെയോ? നബി (സ)ന്റെ അനുവാദം ലഭിച്ച ശേഷം ഞാൻ പറഞ്ഞു, മക്കയിൽ ഞങ്ങൾ സ്ത്രീകളെ ഞങ്ങളുടെ മുമ്പിൽ വന്ന് സംസാരിക്കാൻ പോലും അനുവദിക്കുമായിരുന്നില്ല. എന്നാൽ എന്റെ ഭാര്യ മദീനയിൽ വന്നതിന് ശേഷം ഓരോ കാര്യത്തിനും എന്നോട് അഭിപ്രായം പറയുന്നു. ഒരു ദിവസം ഇക്കാരണത്താൽ ഞാനവളെ ശകാരിച്ചു. ഇനി നിന്നെ നേരെയാക്കാൻ എനിക്കറിയാമെന്നും ഞാൻ പറഞ്ഞു. അപ്പോൾ ഭാര്യ പറഞ്ഞു. നിങ്ങളുടെ ധാരണ നിങ്ങൾ വലിയ ആളെന്നായിരിക്കും. നബി(സ)ന്റെ ഭാര്യമാർ എല്ലാ കാര്യങ്ങ ൾക്കും അഭിപ്രായം പറയുന്നു. നിങ്ങൾ നബി(സ)യെക്കാളും വലിയ ആളാണോ? ഞാൻ ചോദിച്ചു അങ്ങനെയാണോ? എങ്കിൽ ഇനി എന്റെ മകളുടെ കാര്യം കഷ്ടമാണ്. പിന്നീട് ഞാനെന്റെ മകളുടെ അടുത്തെത്തി അവളോട് പറഞ്ഞു. നോക്ക് നബി(സ)ന്റെ മു മ്പിൽ ഒന്നും സംസാരിക്കരുത്. അങ്ങനെ ചെയ്താൽ നബി (സ) നിനക്ക് തലാഖ് നൽകുന്നതായിരിക്കും. ഹദ് റത്ത് ആയിശാ (റ) അടുത്ത് തന്നെയുണ്ടായിരുന്നു. എന്റെ സംസാരം കേട്ട് അവർ പറഞ്ഞു. നബി (സ)ന്റെ വീട്ടിലെ പ്രശ്നങ്ങളിൽ തലയിടാൻ നിങ്ങളാരാണ്. ഇവിടെ നിന്ന് പോകുക. ഇത് കേട്ടയുടനെ അടുത്ത് തന്നെയുണ്ടായിരുന്ന നബി(സ) ചിരിക്കുകയും അദ്ദേഹത്തിന്റെ ദേഷ്യം തണുക്കുകയും ചെയ്തു. നബി (സ)യെ ഒന്ന് ചിരിപ്പിക്കാൻ വേണ്ടിയാണ് ഉമർ (റ) ഇപ്രകാരം പ്രവർത്തിച്ചത്.

ചില സമുദായങ്ങളിൽ പുരുഷനോടൊപ്പം സംസാരിക്കാൻ സ്ത്രീക്ക് അവകാശം നൽകാറില്ല. സ്ത്രീക്കാണെങ്കിൽസംസാരിക്കാതിരിക്കാനും വയ്യ. ഏത് കാര്യമായാലും അതിന് സ്ത്രീകൾക്ക് ഒരഭിപ്രായമുണ്ടാകും. ഇങ്ങനെ ചെയ്യണം,അങ്ങനെ ചെയ്യരുത് എന്ന വിധത്തിൽ. കുറച്ച് കഴിഞ്ഞാൽ പുരുഷൻ പറഞ്ഞത് സമ്മതിക്കുമെങ്കിലും തന്റെ ഭാഗം ഉയർത്തിപ്പിടിക്കാൻ ശ്രമിക്കും. അത് കൊണ്ട് തന്നെ നബി(സ) ഇപ്രകാരം ഉപദേശിക്കുകയുണ്ടായി. സ്ത്രീയുടെ അന്തസത്തയെ ഇല്ലായ്മയെ ചെയ്യാൻ ഒരിക്കലും ശ്രമിക്കരുത്. ഈ സ്വഭാവം അവരിൽ പ്രകൃത്യാ കാണപ്പെടുന്ന ഒന്നാണ്. അവരുമായി ബന്ധമുള്ള ആളുടെ അഭിപ്രായത്തിന് നേർവിപരീതമായ അഭിപ്രായം നൽകാനാണ് അവർക്ക് താൽപര്യം. അവളുടെ അഭിപ്രായം തെറ്റാണെങ്കിൽ പോലും നിങ്ങൾ ക്ഷമിക്കുക. എന്നാൽ നിങ്ങളവരെ നിശബ്ദരാക്കാൻ തുനിഞ്ഞാൽ അത് അവരെ ബാധിക്കും, അവർ രോഗികളാവും. എത്ര ഉന്നതമായ അദ്ധ്യാപനമാണ് നബി (സ) നൽകിയിരിക്കുന്നത്.

*അവ: സേറെ റൂഹാനി*

*ആശയാനുവാദം: എൻ.ശഫീഖ് അഹ്മദ്*

വീക്ഷണവിശേഷം

ഒബ്സർവർ

# നബിയെ മറന്ന നബിദിനാഘോഷം

റബീഉൽ അവ്വലിൽ നബിദിനം ആഘോഷിക്കാൻ മുസ്‌ലിംകൾ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ കലാജാഥകളും പുലരുവോളം നീളുന്ന കലാപരിപാടികളും, ജാഥകളിൽ ആയോധന പരിപാടികളും, അന്നദാനവും ഒക്കെയായി മുസ്‌ലിം മക്കൾ നബിദിനം ആഘോഷിക്കും!

ജന്മമരണ ദിനാഘോഷങ്ങൾക്ക് ഇസ്‌ലാമിക ദൃഷ്ടിയിൽ യാതൊരു സാധൂകരണവും ഇല്ല. സ്വയം കൃതാർഥനാർഥം നടത്തുന്ന ആഘോഷത്തിൽ ഒരു തലത്തിൽ പോലും നബിദർശനങ്ങൾ വിലമതിക്കപ്പെടുന്നുമില്ല.

അന്യസമുദായങ്ങളെ അനുധാവനം ചെയ്യാനാണ് സംഘടനകൾ മൽസരിക്കുന്നത്. വഴിനീളെ ജാഥകളുമായി യാത്രക്കാർക്കും വാഹനങ്ങൾക്കും തടസമുണ്ടാകുമ്പോൾ, അതിന് എന്ത് നീതീകരണമാണുള്ളത്? നബി(സ) പറഞ്ഞത്, വഴിയിൽ കിടക്കുന്ന മുള്ളെടുത്ത് മാറ്റേണ്ടത് മുസ്‌ലിമിന്റെ ധർമമാണെന്നാണ്. മാത്രമല്ല യുദ്ധവേളയിൽ പോലും വഴിപോക്കർക്ക് തടസമുണ്ടാകും വിധം തമ്പടിക്കാൻ നബി(സ) ഇഷ്ടപ്പെട്ടില്ല. എന്തിനധികം വഴിയിൽ വട്ടംകൂടി സംസാരിച്ചിരിക്കുമ്പോഴും യാത്രക്കാർക്ക് പ്രയാസമാകരുതെന്ന് നബി(സ) നിഷ്കർഷിക്കുകയുണ്ടായി.

മുസ്‌ലിം മക്കൾ റോഡിലൂടെ കലാകായിക പരിപാടികളുമായി നീങ്ങുമ്പോൾ അവിടെ അധഃപതിക്കുന്നത് ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്ന ഉന്നതമായ സംസ്കാരമാണ്. അന്യസമുദായങ്ങൾക്ക് അത് തികച്ചും കോപ്രായങ്ങളായി അനുഭവപ്പെടുന്നു. അന്നദാനമെന്ന ഊട്ടും വാസ്തവത്തിൽ ഇസ്‌ലാമിന്റെ ശോച്യാവസ്ഥയുടെ ദർപ്പണമാണ്. മുസ്‌ലിം ഉമ്മമാരും പെങ്ങൻമാരും കുട്ടികളും റോഡിലൂടെ ഭക്ഷണവുമായി നീങ്ങുന്ന കാഴ്ച എത്ര ദയനീയമല്ല!

പുലരുവോളം നീളുന്ന വയള് പരമ്പരകൾ പലപ്പോഴും വഷള് പറച്ചിലായി മാത്രം മാറുന്നു. മൗലൂദിന്റെ പേരിൽ ഉദരംഭരികളായി ഉലമാവർഗം സുഖിക്കുന്നു. ഇതൊക്കെ വിദ്യാസമ്പന്നതയിൽ ഏറെ മുന്നിൽ നിൽക്കുന്ന കേരളത്തിന്റെ ചിത്രമാണ്.

അയൽ സംസ്ഥാനങ്ങളിലും വടക്കേ ഇന്ത്യയിലും ഇതിലും ദയനീയമാണ് നബിദിനാഘോഷം! നബിദിന ദിവസം പരസ്പരം പോരടിച്ച് മരിക്കുന്ന ചാവേറുകളായി സ്വസഹോദരങ്ങളെ തന്നെ കൊല്ലുന്ന മൃഗീയതയും അയൽരാജ്യങ്ങളിലെ ഹുബ്ബ് റസൂലിന്റെ ഭാഗമായിമാറിയിരിക്കുന്നു! എവിടേയും നൽകപ്പെടുന്ന പേര് നബിദിനാഘോഷമെന്നാണ്.

ഇത്തരം പരിപാടികൾക്ക് തിരുനബി ദർശനങ്ങളുമായി എന്ത് ബന്ധമാണുള്ളത്?

മുസ്‌ലിം ഉമ്മത്ത്, പേരിൽ മാത്രം അവശേഷിക്കുമെന്നും, മുസ്‌ലിം വേഷവിധാനവും ഇസ്‌ലാമിക പാഠങ്ങളുമൊക്കെ പറയുമെങ്കിലും അതൊക്കെ നരകത്തിലേക്കുള്ള വിളിയാണെന്നും നബി(സ) വ്യക്തമാക്കിത്തന്നിരുന്നു. അത്തരം സന്ദർഭത്തിൽ ജമാഅത്തുൽ മുസ്‌ലിമിനേയും അവരുടെ ഇമാമിനേയും പിൻപറ്റാനാണ് നബി(സ) ഉപദേശിച്ചത്. അങ്ങനെ കാലത്തിന്റെ ഇമാമായി തിരുനബി(സ)ന്റെ ദർശനങ്ങളുടെ വെളിച്ചത്തിൽ ഹദ്റത് അഹ്മദ്(അ) ആഗതരാവുകയും തിരുനബിയെ ശരിയായ രീതിയിൽ മനസിലാക്കിത്തരുകയും ചെയ്തിരിക്കുന്നു.

അദ്ദേഹം വിളിക്കുന്നു:

***ഖൗമ് കെ ലോഗോ ഇധർ ആവോ കെ നിക്‌ലാ ആഫ്താബ്***
***വാദിയെ ളുൽമത്ത് മേ ക്യാ ബയ്ഠേ ഹോ തും ലൈലോ നഹാർ***

സമുദായത്തിലെ ജനങ്ങളേ, ഇങ്ങോട്ടു വരുവിൻ ഇതാ സൂര്യനുദിച്ചിരിക്കുന്നു. അന്ധകാരത്തിന്റെ താഴ്‌വരയിൽ എന്തിനാണ് രാപ്പകൽ കഴിച്ചുകൂട്ടുന്നത്?

**ഗുട്ടൻസ്**


നബിദിനാഘോഷം വേണ്ടെന്നാണ് നവോഥാന പ്രസ്ഥാനങ്ങളുടെ പോളിസിയും പ്രഖ്യാപനങ്ങളും. എങ്കിലും പ്രവാചകത്വ പരിസമാപ്തിയിൽ അഹ്മദികളെ എതിർക്കാൻ എല്ലാവരും ഒരേ പ്ലാറ്റ്ഫോമിൽ തന്നെ!

**തഹ്സബുഹും ജമീഅ ഖുലൂബുഹും ശത്താ** (വി.ഖു)

അവർ ഒറ്റക്കെട്ടാണെന്ന് നീ കരുതുന്നു, വാസ്തവത്തിൽ അവരുടെ ഹൃദയങ്ങൾ ശിഥിലമാണ്!

തഹ്‌രീക് ജദീദ്: സുവർണമുദ്രകൾ
സമ്പാദക: എസ്. സുൽത്താന

# ഗാമ്പിയ



Ahmadiyya Muslim Mosque
Burock,Foli Kansala-Gambia

1954 ൽ നൈജീരിയയിലെ മിഷനറി ആയ ഹംസ ഒസാൻയാലോ ഗാമ്പിയയിൽ മൂന്നു മാസത്തെ പര്യടനം നടത്തി. ഈ ചുരുങ്ങിയ സമയത്ത് ഒരു പാട് പേർ അഹ്മദിയ്യത്തിൽ പ്രവേശിക്കുകയും അമീറിനെ നിശ്ചയിക്കുന്നതിനായി തെരഞ്ഞെടുപ്പുകൾ നടത്തുകയും ചെയ്തു.

1960 ജൂലൈ 30 ന് ഗിബ്രയേൽ സഈദ് സാഹിബ് ഘാനയിൽ നിന്ന് ഗാമ്പിയായിൽ എത്തി.

മിഷനറിയെ നിയോഗിക്കാൻ ഗവൺമെന്റിൽ നിന്ന് അനുവാദം ലഭിച്ചതിനെ തുടർന്ന് 1961 മാർച്ച് 9ന് ചൗധരി മുഹമ്മദ് ഷരീഫ് സാഹിബ് ഗാമ്പിയയിലേക്ക് നിയോഗിക്കപ്പെട്ടു.



ഗാമ്പിയയിലെ പ്രസിദ്ധനായ മതപണ്ഡിതൻ അൽഹാജ് ഉസ്മാൻ ദൗദ് നെജെ 1961 മേയിൽ അഹ്മദിയ്യാ ജമാഅത്ത് സ്വീകരിച്ചു.

1963 മേയിൽ ഫാരെമാൻ മുഹമ്മദ് സുഗാത്തേ സാഹിബ് അഹ്മദിയ്യത്ത് സ്വീകരിച്ചു. ഗാമ്പിയക്ക് സ്വാതന്ത്ര്യം ലഭിച്ച ശേഷം ഇംഗ്ലണ്ടിലെ രാജ്ഞി അദ്ദേഹത്തെ കെയർ ടേക്കർ ഗവർണർ ജനറൽ ആയി നിയോഗിച്ചിരുന്നു.ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ വാഗ്ദത്ത മസീഹിന്റെ ഒരു വസ്ത്രം അദ്ദേഹത്തിന് നൽകി.സംഗാത്തേ സാഹിബ് ഫെരാഫെനയിലെ തന്റെ സ്വന്തം സ്ഥലത്ത് ഒരു പള്ളി പണികഴിപ്പിച്ചു. അതായിരുന്നു ഗാമ്പിയയിലെ ആദ്യത്തെ മസ്ജിദ്.

1970 മേയ് 2നും 5നും ഇടയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ ഗാമ്പിയ സന്ദർശിച്ചു. മേയ് 2ന് ഹുസൂർ പ്രസിഡന്റ് സർ. കെ. ജവാരയെ കണ്ട് അദ്ദേഹത്തിന് വിശുദ്ധ ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷ സമ്മാനിച്ചു. മേയ്3 ന് ഹുസൂർ ബനോങ്ക കാണ്ടയിൽ പുതിയ പള്ളിക്കും ബൻജാലിൽ നുസ്റത്ത് സെക്കണ്ടറി സ്ക്കൂളിനും ഹുസൂർ തറക്കല്ലിട്ടു.


ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ 1988 ജനുവരിയിൽ ഗാമ്പിയ സന്ദർശിച്ചു. ജനുവരി 22 ന് സബയിൽ തന്റെ ജുമുഅ ഖുത്വുബയിൽ നുസ്റത്ത് ജഹാൻ പദ്ധതിയുടെ രണ്ടാം ഘട്ടം വിളംബരം ചെയ്തു കൊണ്ട് ഹുസൂർ പറഞ്ഞു. അല്ലാഹുവിന്റെ ശ്രേഷ്ഠമായ നീക്കങ്ങളിലൂടെ നുസ്റത്ത് ജഹാൻ പദ്ധതിയുടെ ആദ്യഘട്ടം ഈ രാജ്യത്ത് വിളംബരം ചെയ്യപ്പെടുവാനുള്ള ഭാഗ്യം ഗാമ്പിയക്ക് ഉണ്ടായി. അല്ലാഹുവിന്റെ മഹത്തായ ശക്തിയുടെ വെളിപ്പെടുത്തലെന്നോണം ഈ പദ്ധതിയുടെ രണ്ടാം ഘട്ടവും ഇവിടെ വിളംബരം ചെയ്യപ്പെടുകയാണ്.



Nusrat High School


പര്യടനത്തിൽ ഹുസൂർ രണ്ട് പള്ളികൾ ഉദ്ഘാടനം ചെയ്യുകയും രണ്ടു മിഷൻ ഹൗസുകൾക്കും ഒരു ക്ലിനിക്കിനും തറക്കല്ലിടുകയും ചെയ്തു.

# ഐവറി കോസ്റ്റ്



Ahmadiyya Mosque, Cote d'Ivoire

1961 ജൂലൈ 2 ന് ഖുറേഷി മഖ്ബൂൽ അഹ്മദ് സാഹിബ് ഐവറി കോസ്റ്റിലെ അഹ്മദിയ്യാ പ്രചാരണ പ്രവർത്തനവുമായി ആബിദ് ജാനിൽ എത്തി.





1962 ൽ അദ്ദേഹം പ്രസിഡന്റിനെ സന്ദർശിച്ച് അഹ്മദിയ്യാ സാഹിത്യങ്ങൾ സമ്മാനിച്ചു.

1963 നവംബറിൽ ഖുറേഷി മുഹമ്മദ് അഫ്ദാൻ സാഹിബ് മുബല്ലിഗായി നിയോഗിക്കപ്പെട്ടു.

അദ്ദേഹം അവിടെ സ്ഥലം വാങ്ങി പള്ളി പണികഴിപ്പിക്കുകയും, 1967 ൽ അത് ഉദ്ഘാടനം ചെയ്യപ്പെടുകയുമുണ്ടായി.

1970 ഏപ്രിൽ 27 നും 29നും ഇടയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ ഐവറികോസ്റ്റ് സന്ദർശിച്ചു.

1988 ഫെബ്രുവരിയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ ഐവറികോസ്റ്റ് സന്ദർശിച്ചു.



Ahmadiyya Mosque, Dagara
Cote d'Ivoire


# ബെനിൻ


1957 ലാണ് ബെനിനിൽ അഹ്മദിയ്യത്ത് പ്രചരിച്ചത്.
1974 ജനുവരി 27 ന് ഒരു പള്ളിക്ക് തറക്കല്ലിടപ്പെട്ടു. 1974 ആഗസ്റ്റ് 25 ന് അത് പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യപ്പെട്ടു.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ 1981 ൽ അഹ്മദി ഷംശീർ സോക്കിയ സാഹിബിനെ ബെനിനിലെ മിഷനറി ആയി നിയോഗിച്ചു.




Ahmadiyya Mosque Papatia


Ahmadiyya Mosque Togouihoue


Ahmadiyya Mosque Angonlin


Ahmadiyya Mosque Godogossoun



Ahmadiyya Mosque Lalo

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ 2004 ഏപ്രിൽ 4 ന് ബെനിൻ സന്ദർശിച്ചു. അവിടെ ജമാഅത്തിനെ അഭിസംബോധന ചെയ്തുകൊണ്ട് ഹുസൂർ പറഞ്ഞു, ഇവിടെ ജമാഅത്ത് സ്ഥാപിതമായിട്ട് അധിക കാല മായിട്ടില്ലെങ്കിലും ഇവിടുത്തെ സ്നേഹവും സദ്ഭാവനയും എന്നെ വള രെയധികം സ്വാധീനിച്ചിരിക്കുന്നു. ഖിലാഫത്തിനോടുള്ള നിങ്ങളുടെ സ്നേഹവും കൂറും കാരണ മാണ് നിങ്ങൾ ഇവിടെ ഒത്തു ചേർന്നിരിക്കുന്നത്.
ഏപ്രിൽ 5 ന് ഹുസൂർ പോർട്ടോ നോവോയിൽ പുതിയ പള്ളിക്ക് തറക്കല്ലിട്ടു. ഏപ്രിൽ 6 ന് അലാഡാ രാജാവിനെ അദ്ദേഹ ത്തിന്റെ കൊട്ടാരത്തിൽ ചെന്ന് ഹുസൂർ സന്ദർശിച്ചു.








അന്ന് വൈകിട്ട് ഹുസൂർ പരാകൗവിലെ ഗവർണറെ ഗവർണർ ഹൗസിൽ സന്ദ ർശിച്ചു.
ഏപ്രിൽ 7 ന് ഹുസൂർ പരാകൗവിലെ ആദ്യത്തെ പള്ളി ഉദ്ഘാടനം ചെയ്യു കയും അഹ്മദിയ്യാ ആശു പത്രിക്ക് തറക്കല്ലിടുകയും ചെയ്തു. ഏപ്രിൽ 8ന് ഹുസൂർ ബെനിൻ പ്രസി ഡന്റിനെ സന്ദർശിച്ചു. അന്നുതന്നെ അബ്ദു സ്സലാം ഇന്റർനാഷണൽ സെന്ററും സന്ദർശിച്ചു.


Ahmadiyya Muslim Mosque Koudougou, Burkina Faso

# ബുർക്കിന ഫാസോ



1951 ലാണ് ബുർക്കിന ഫാസോയിൽ അഹ്മദിയ്യത്ത് പ്രചരിച്ചത്.
ഘാനയിലെ അഹ്മദിയ്യാ ജമാഅത്ത് പ്രസിഡന്റ് അബ്ദുൽ വഹാബ് ആദം സാഹിബാണ് അവിടെ ജമാഅത്ത് സ്ഥാപിച്ചത്.
1990 ജനുവരിയിൽ മുഹമ്മദ് ഇദ്രീസ് ഷാഹിദ് സാഹിബ് ആദ്യത്തെ മിഷ്ണ റിയായി നിയോഗിക്കപ്പെട്ടു.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാ മൻ 2004 മാർച്ച് 25 ന് രാജ്യത്ത് പര്യ ടനം ആരംഭിച്ചു. ഹുസൂർ പ്രധാനമന്ത്രി യേയും പ്രസിഡന്റിനേയും സന്ദർശിച്ചു.
ഹുസൂർ ബുർക്കിനാ ഫാസോ ജൽസാ സലാനായിലും പങ്കെടുത്തു.
മാർച്ച് 30 ന് രാജ്യത്തെ ആദ്യത്തെ അഹ്മദിയ്യാ പ്രൈമറി സ്കൂൾ ഹുസൂർ ഉദ്ഘാടനം ചെയ്തു. അഹ്മദിയ്യാ മിഷൻ ഹൗസിന് തറക്കല്ലിടുകയും ചെയ്തു. ഏപ്രിൽ 1 ന് ഹുസൂർ ബോബോ ജലാസയിലെ അഹ്മദിയ്യാ റേഡിയോ സ്റ്റേഷൻ സന്ദർശിച്ചു.
അവിടെ വെച്ച് ഹുസൂർ പ്രേക്ഷകർക്കായി തൽസമയം സന്ദേശം നൽകി.
ഏപ്രിൽ 3 ന് ഹുസൂർ വഗാഡോയിൽ അഹ്മദിയ്യാ ആശുപത്രി ഉദ്ഘാ ടനം ചെയ്തു.


Al-Mahdi Mosque Ouagadougou - Burkina Faso





# 120-ാം വാർഷിക ജൽസ വിജയകരമായി സമാപിച്ചു

സ്വന്തം ലേഖകൻ

**ഖാദിയാൻ:** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 120-ാം വാർഷിക ജൽസ ദാറുൽ ആമാനിൽ വിജയകരമായി സമാപിച്ചു.


26ന് കാലത്ത് സദ്ർ, സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഭാരത് മൗലാനാ ഹകീം മുഹമ്മദുദ്ദീൻ സാഹിബ് ഇസ്‌ലാമിന്റെ ശ്യാമള പതാക ഉയർത്തി. തുടർന്ന് ചേർന്ന സമ്മേളത്തിൽ അദ്ദേഹം ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചുകൊണ്ട് ഉദ്ഘാടന പ്രഭാഷണം നിർവഹിച്ചു.

വ്യത്യസ്ത സെക്ഷനുകളിൽ മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോരി (നാസിർ അഅ്‌ലാ ഖാദിയാൻ), സാഹിബ് സാദാ മിർസാ ഖുർശിദ് അഹ്മദ് സാഹിബ്(നാസിർ അഅ്‌ലാ റബ്‌വ), മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യർ (സദ്ർ തഹ്‌രീക് ജദീദ് അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ), ചൗധരി ഹമീദുല്ലാഹ് സാഹിബ് (വക്കീലുൽ അഅ്‌ലാ, റബ്‌വ), അഡ്വ. സയ്യിദ് തൻവീർ അഹ്മദ് സാഹിബ് (സദ്ർ വഖ്ഫെ ജദീദ് അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ) എന്നിവർ അധ്യക്ഷം വഹിച്ചു.




**പ്രഭാഷണങ്ങൾ**

മൗലാനാ സഹീർ അഹ്മദ് സാഹിബ് ഖാദിം, മൗലാനാ മുഹമ്മദ് കലീംഖാൻ സാഹിബ്, മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോരി, മൗലാനാ ഖുർശിദ് അഹ്മദ് സാഹിബ് അൻവർ, മൗലാനാ ഇനായത്തുല്ലാഹ് സാഹിബ്, മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് ശാഹിദ്, മൗലാനാ സയ്യിദ് ആഫ്താബ് അഹ്മദ് സാഹിബ്, മൗലാനാ ഗ്യാനി തൻവീർ അഹ്മദ് സാഹിബ് ഖാദിം, മൗലാനാ മുബശിർ അഹ്മദ് സാഹിബ് അയാസ് റബ്‌വ, മുനീർ അഹ്മദ് സാഹിബ് ഹാഫിസാബാദി എം.എ, മൗലാനാ ബുർഹാൻ അഹ്മദ് സാഹിബ് സഫർ എന്നിവർ വ്യത്യസ്ത വിഷയങ്ങളെ അധികരിച്ച് പ്രഭാഷണങ്ങൾ നടത്തി.





**വിശിഷ്ടാതിഥികൾ**




ഗുർദാസ്പൂർ എം.പി. പ്രതാപസിംഗ് ബാജ്‌വ സമ്മേളനത്തെ അഭിസംബോധന ചെയ്ത് പ്രസംഗിച്ചു. കൂടാതെ വ്യത്യസ്ത മതപ്രതിനിധികളും ഹ്രസ്വപ്രഭാഷണങ്ങൾ നടത്തുകയുണ്ടായി.

**മുആയിന കാർകുനാൻ**


22ന് കാലത്ത് നാസിർ സാഹിബ് അഅ്‌ലാ മുആയിന കാർകുനാനി(വളണ്ടിയർമാരുടെ ഇൻസ്പെക്ഷൻ)ൽ പങ്കെടുത്ത് നിർദേശങ്ങൾ നൽകുകയുണ്ടായി.

**നിക്കാഹ്**



ഈ വർഷം ജൽസയോടനുബന്ധിച്ച് 28 നിക്കാഹുകളുടെ വിളംബരം നാസിർ സാഹിബ് അഅ്‌ലാ നിർവഹിച്ചു.









**വിദേശപ്രതിനിധികൾ**

അയ്യായിരത്തിലധികം പാക്കിസ്ഥാൻ പ്രതിനിധികൾക്ക് പുറമേ ഇന്തോനേഷ്യ, റഷ്യ, യു.കെ. ബംഗ്ലാദേശ്, ശ്രീലങ്ക, അമേരിക്ക, ജർമനി, കനഡ തുടങ്ങി 33 രാജ്യങ്ങളുടെ പ്രതിനിധികളും ജൽസയിൽ പങ്കെടുത്തു.



**തഹജ്ജുദ് / ദർസ്**

മസ്ജിദ് അഖ്സക്ക് പുറമേ നാസിറാബാദ്, ദാറുൽ അൻവാർ, മസ്ജിദ് നൂർ തുടങ്ങി അതിഥികൾ താമസിച്ചിരുന്ന സ്ഥലങ്ങൾക്കടുത്തുള്ള എല്ലാ മസ്ജിദിലും ജമാഅത്തായി തഹജ്ജുദ് നിസ്കാരവും ദർസും ഉണ്ടായിരുന്നു.





**സമാപനം**

ഖാദിയാനിൽ ചേർന്ന സമാപന യോഗത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വഫാത്തായ മൂസികളുടെ പേരുവിവരങ്ങൾ വായിക്കുകയും അവർക്കു വേണ്ടി ദുഃആക്കപേക്ഷിക്കുകയുമുണ്ടായി. സമാപന യോഗത്തിൽ അഡ്വ. തൻവീർ അഹ്മദ് സാഹിബ് ആയിരുന്നു അധ്യക്ഷൻ. നാസിർ അഅ്ലാ ഖാദിയാൻ നന്ദിപ്രകടനം നടത്തി. ഇജ്തിമാഈ ദുഃആക്ക് യോഗാധ്യക്ഷൻ നേതൃത്വം നൽകി. ഖാദിയാനിൽ 17300 പ്രതിനിധികൾ ജൽസയിൽ സംബന്ധിച്ചു.



**ലണ്ടനിൽ**

സമാപന ദിവസം ലണ്ടനിൽ ജൽസയോടനുബന്ധിച്ച് പ്രത്യേകം സമ്മേളനം ചേർന്നു. 4000 പേരാണ് ഇതിൽ പങ്കെടുത്തത്.



**ബയ്അത്ത്**

ജൽസയോടനുബന്ധിച്ച ദിവസങ്ങളിൽ 170 പേർ ബയ്അത്ത് ചെയ്യുകയുണ്ടായി. ഇതിൽ കേരളത്തിലെ ഒരു കുടുംബവും ഉൾപ്പെടുന്നു.




**തർജുമ**

മലയാളം, തമിഴ്, കന്നഡ, തെലുങ്ക്, അറബി, ഇന്തോനേഷ്യൻ, റഷ്യൻ, ഇംഗ്ലീഷ് ഭാഷകളിൽ ജൽസ പരിപാടികൾ തൽസമയ തർജുമക്കുള്ള സംവിധാനം ഉണ്ടായിരുന്നു.









# മനുഷ്യാവകാശ സമ്മേളനം

**മാത്തോട്ടം:** പ്രാദേശിക ഖുദ്ദാം അൻസാർ വിഭാഗങ്ങൾ സംയുക്തമായി സ്പോർട്സ് കൗൺസിൽ ഹാളിൽ വെച്ച് മനുഷ്യാവകാശ സമ്മേളനം നടത്തി. കോഴിക്കോട് മേഖലാ അമീർ അഹ്മദ്കോയ സാഹിബിന്റെ അദ്ധ്യക്ഷതയിൽ മുക്താർ അഹ്മദ് സാഹിബിന്റെ തിലാവത്തോടുകൂടിയാണ് സമ്മേളനം ആരംഭിച്ചത്.




പ്രൊഫസർ ഹമീദ് ചേന്ദമംഗലൂർ, ഡോ.മാധവൻ കുട്ടി, പ്രൊഫസർ ആർ. സുരേന്ദ്രൻ, സത്യദൂതൻ പത്രാധിപർ എ.എം. മുഹമ്മദ് സലീം സാഹിബ് എന്നിവർ പ്രസംഗിച്ചു.

ഭരണകൂടങ്ങളും അധികാരസ്ഥാപനങ്ങളും സംഘടിത സമൂഹങ്ങളും മനുഷ്യന്റെ അവകാശങ്ങൾ നിരന്തരം ലംഘിച്ചുകൊണ്ടിരിക്കുകയാണ്. മുസ്‌ലിം രാജ്യങ്ങളിലെ പ്രത്യേകിച്ച് പാക്കിസ്താനിലെയും ഇന്തോനേഷ്യയിലെയും അഹ്മദി മുസ്‌ലിംകൾ, പലസ്തീനിലെ അറബ് ജനത, ചില രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ, കറുത്ത വർഗ്ഗക്കാർ ഉപ, ദേശീയ ജനവിഭാഗങ്ങൾ, അസംഘടിതരായ പാവപ്പെട്ടവർ ദുർബ്ബല ജനവിഭാഗങ്ങൾ, ഗോത്രവർഗ്ഗക്കാർ മുതലായവർക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുകയും പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. എല്ലാവരുടെയും മനുഷ്യാവകാശങ്ങൾ ഉറപ്പുവരുത്താനും, അവകാശങ്ങൾ നിഷേധിക്കപ്പെട്ട ഇരകളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടുമാണ് ഈ സമ്മേളനം സംഘടിപ്പിച്ചത്. മാത്തോട്ടം ഖാഇദ് എം. ജലീൽ അഹ്മദ് സാഹിബ് സ്വാഗതവും, അൻസാറുല്ലാ സഈം കെ. ഇബ്രാഹിം സാഹിബ് കിനാലൂർ നന്ദിയും പറഞ്ഞു. കോഴിക്കോട് ജില്ലാ ഖാഇദ് ബി.എം. ഷൗക്കത്തലി സാഹിബ് പരിപാടികൾ നിയന്ത്രിച്ചു.

# അൽഖുർആൻ എക്സിബിഷൻ ഉദ്ഘാടനം ചെയ്തു

**ഖാദിയാൻ :** നശ്‌റോ ഇശാഅത്ത് കോംപ്ലക്സിൽ ആരംഭിച്ച അൽഖുർആൻ എക്സിബിഷൻ ഡിസം.25ന് സദ്ർ അഞ്ചുമൻ അഹ്മദിയ്യാ സദ്ർ മൗലാനാ ഹകീം മുഹമ്മദുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്തു.



വിശുദ്ധഖുർആന്റെ അവതരണഘട്ടം മുതൽ വ്യത്യസ്ത വിഷയങ്ങളെ അധികരിച്ചുകൊണ്ടുള്ള വർണബോർഡുകൾ സന്ദർശകരെ ഏറെ ആകർഷിക്കുന്നവയാണ്.

ഹ. ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) യുടെ സഹധർമിണി ഡോ. സയ്യിദ ഖാലിദ സാഹിബ, എക്സിബിഷൻ നവ്യമായൊരു ആത്മീയവിരുന്നാണെന്ന് സന്ദർശക പുസ്തകത്തിൽ രേഖപ്പെടുത്തുകയുണ്ടായി.

ഉദ്ഘാടന പരിപാടിയിൽ, ഇന്ത്യയിലേയും വിവിധ രാജ്യങ്ങളിലെയും പ്രധാന ജമാഅത്തി ഭാരവാഹികളും സംബന്ധിച്ചിരുന്നു. നശ്‌റോ ഇശാഅത്ത് എം.ടി.എ സെക്ഷനാണ് എക്സിബിഷൻ തയ്യാറാക്കിയത്.




# വഖ്ഫെ ജദീദ് പുതുവത്സര വിളംബരം

## ഇന്ത്യക്ക് ആറാംസ്ഥാനം

**സംസ്ഥാനങ്ങളിൽ കേരളവും ജമാഅത്തുകളിൽ കോഴിക്കോടും ഒന്നാം സ്ഥാനത്ത്**

**ലണ്ടൻ :** ഹദ്റത് അമീറുൽ മുഅ്മിനീൻ ജനുവരി 6ന് ചെയ്ത ജുമുഅ ഖുത്ബയിൽ വഖ്ഫെ ജദീദിന്റെ 55-ാം പുതുവത്സരം പ്രഖ്യാപിച്ചു.

ദൈവമാർഗത്തിൽ ചെയ്യുന്ന ധനത്യാഗങ്ങളെ അനുസ്മരിച്ചുകൊണ്ട് ചെയ്ത ഖുത്ബയിൽ പുതുതലമുറയേയും നവാഗതരേയും അതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും ഹുസൂർ ആഹ്വാനം ചെയ്തു.

കഴിഞ്ഞ ഒരു വർഷത്തെ വഖ്ഫെ ജദീദ് ചന്ദയിൽ പാക്കിസ്ഥാൻ ഒന്നാമതെത്തി. മറ്റ് സ്ഥാനങ്ങൾ 2. അമേരിക്ക, 3. യു.കെ, 4.ജർമനി, 5.കനഡ, 6. ഇന്ത്യ, 7.ഓസ് ട്രേലിയ, 8. ഇന്തോനേഷ്യ, 9. ബെൽജിയം, 10. സ്വിറ്റ്സർലന്റ്.

**ഇന്ത്യയിൽ ആദ്യ പത്ത് സ്ഥാനത്ത് എത്തിയ സംസ്ഥാനങ്ങൾ.**

1. കേരള, 2.തമിഴ്നാട്, 3.ജമ്മു കശ്മീർ, 4.ആന്ധ്രപ്രദേശ്, 5.വെസ്റ്റ് ബംഗാൾ, 6.കർണാടക, 7. പഞ്ചാബ്, 8. ഒറിസ്സ, 9. ഉത്തർ പ്രദേശ്, 10. മഹാരാഷ്ട്ര.

**വസൂലിയനുസരിച്ച് ഇന്ത്യയിലെ പത്ത് ജമാഅത്തുകൾ.**

1.കോഴിക്കോട്, 2.കരുളായി, 3. കണ്ണൂർ ടൗൺ, 4.ഖാദിയാൻ, 5.ഹൈദരാബാദ്, 6.കോയമ്പത്തൂർ, 7.കൊൽക്കത്ത, 8.ചെന്നൈ, 9. ബാംഗ്ലൂർ, 10. ഋഷിനഗർ, കരുനാഗപള്ളി.



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പഴങ്ങാടിയുടെ ആഭിമുഖ്യത്തിൽ ഏഴോം,മാട്ടൂൽ പഞ്ചായത്തുകളിൽ തബ്‌ലീഗ് മീറ്റിംഗ് നടത്തി. മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബ്, മൗലവി മുഹമ്മദ് സലീം സാഹിബ് എന്നിവർ പ്രസംഗിച്ചു.

# തഅ്ലീം തർബിയ്യത്ത് ക്യാംപ്

**കരുളായി:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ യുടെ ആഭിമുഖ്യത്തിൽ തഅ്ലീം തർബിയ്യത്ത് ക്യാംപ് നടത്തി. നാഇബ് ഖാഇദ് ഒ.കെ മൻസൂർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ജമാഅത്ത് പ്ര സിഡന്റ് ടി.കെ മുഷ്താഖ് അഹ്മദ് സാഹിബ് ക്യാംപ് ഉൽഘാടനം ചെയ്തു. നാസിൽ സാഹി



ബിന്റെ തിലാവത്തോടു കൂടിയാണ് യോഗം ആരംഭിച്ചത്. ടി.പി അബ്ദുസ്സലാം സാഹിബ് പദ്യം ചൊല്ലി. റഈസ് അഹ്മദ് ഹദീസ് കേൾ പ്പിച്ചു. കെ.ഷിയാസ് അഹ്മദ് സാഹിബ് പോ ലീസ് ക്യാംപിലെ അനുഭവങ്ങളെക്കുറിച്ച് വിവ രിച്ചു. കെ.റിയാസ്, നബി(സ)യുടെ സഹാബാ ക്കളുടെ ചരിത്രം അവതരിപ്പിച്ചു. തർബിയ്യത്ത് സെഷൻ ഖാഇദിന്റെ അദ്ധ്യക്ഷതയിലാണ് ആരം ഭിച്ചത്. മൗലവി എൻ.ശഫീഖ് അഹ്മദ് സാഹിബ് തർബിയ്യത്ത് ക്ലാസെടുത്തു.

**കണ്ണൂർ സിറ്റി:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കണ്ണൂർ സിറ്റിയുടെ ആഭിമുഖ്യത്തിൽ ഖാഇദിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ടി.നിയാസ് അഹ്മദ് സാഹിബ് ഖുർആൻ പാരായണം നിർവ്വ ഹിച്ചു . അത്ഫാലിന്റെ സംഘഗാനത്തിന് ശേ ഷം ജമാഅത്ത് അമീർ കെ. മുഹമ്മദ് സാലിഹ് സാഹിബ് ക്യാംപ് ഉൽഘാടനം ചെയ്തു. ഇലാ ഖാ ഖാഇദ് റഹീം ശംസ് സാഹിബ് ,ജില്ലാ ഖാഇ ദ് ശഹ്സാദ് അഹ്മദ് സാഹിബ്, സഈം മജ്ലിസ് അൻസാറുല്ലാ ടി.ശറഫുദ്ദീൻ സാഹിബ് എന്നിവർ ആശംസാ പ്രസംഗം നടത്തി. പ്രഫ സർ എം.മുഹമ്മദ് സാഹിബിന്റെ പ്രഭാഷണ ത്തിന് ശേഷം മൗലവി എൻ.ശഫീഖ് അഹ്മദ് സാഹിബ് ക്ലാസെടുത്തു.

# ചെന്നൈ ബുക്ക് ഫെയർ 2012

**ചെന്നൈ:** ബുക്ക് സെല്ലേർസ് ആന്റ് പബ്ലിഷേ ർസ് അസോസിയേഷൻ ഓഫ് സൗത്ത് ഇന്ത്യ നടത്തിയ 35ാം ചെന്നൈ ബുക്ക് ഫെയർ 2012 ൽ ചെന്നൈ അഹ്മദിയ്യാ ജമാഅത്തും പങ്കെ ടുത്തു.




513 സ്റ്റാളുകളുള്ള ഈ വമ്പിച്ച ബുക്ക് ഫെയ റിന്റെ ഉൽഘാടന കർമ്മം നിർവ്വഹിച്ചത് തമി ഴ്നാട് നിയമസഭാ സ്പീക്കറാണ്. മുൻ രാഷ്ട്ര പതി എ.പി ജെ അബ്ദുൽ കലാം മുഖ്യ പ്രഭാ ഷണം നടത്തി.

# എക്സിബിഷൻ അൽ ഖുർആൻ

**ലണ്ടൻ :** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ മാഞ്ചസ്ററർ മെട്രോപോളിറ്റൻ യുണിവേഴ്സിറ്റിയിൽ എക്സിബിഷൻ അൽ ഖുർആൻ നടത്തി. വിവിധ ഭാഷകളിൽ വിവർ ത്തനം ചെയ്യപ്പെട്ട വിശുദ്ധഖുർആൻ പ്രദർശിപ്പി ക്കപ്പെട്ടത് ജനശ്രദ്ധയാകർഷിച്ചു. പ്രദർശന നഗ രിയിലെത്തിയ ആളുകൾക്ക് സൗജന്യമായി വിവിധ വിഷയങ്ങളടങ്ങിയ ലഘുലേഖകൾ വിത രണം ചെയ്തു.

ഈ എക്സിബിഷനെക്കുറിച്ച് പൊതുവിൽ വളരെ നല്ല അഭിപ്രായമാണ് ലഭിച്ച് വരുന്ന തെന്നും മുസ്ലിംകളും അമുസ്ലിംകളും തമ്മി ലുള്ള അകൽച്ച ഇല്ലാതാക്കാൻ ഇത് വളരെ ഉപ കരിക്കുന്നതാണെന്നും സദ്ർ, മജ്ലിസ് ഖുദ്ദാ മുൽ അഹ്മദിയ്യാ യു.കെ ഡോ: ഇംറാൻ ഖാൻ പറഞ്ഞു. ഇസ്ലാമിന്റെ തനതായ മനോഹാരിത തങ്ങൾക്ക് ഇപ്പോഴാണ് മനസ്സിലായതെന്ന് എക്സിബിഷൻ സന്ദർശിച്ചവരിൽ പലരും അഭി പ്രായപ്പെട്ടു.





ഖുദ്ദാമുൽ അഹ്മദിയ്യാ കണ്ണൂർ മേഖലയുടെ ആഭിമുഖ്യത്തിൽ കൂടാളിയിൽ വെച്ച് വോളീ ബോൾ ടൂർണ്ണമെന്റ് നടത്തി.കൂടാളി ജേതാക്കളാ യി. കണ്ണൂർ ടൗൺ മജ്ലിസാണ് ഫസ്റ്റ് റണ്ണറപ്പ്

# അഹ്മദീ ബാലികക്ക് ലോകറിക്കാർഡ്

**റബ്വ:** 11 വയസ്സ് പ്രായമുള്ള സിതാര എന്ന അഹ്മദി ബാലിക ഒ ലെവൽ പരീക്ഷകൾ



പൂർത്തിയാക്കി ലോക റിക്കാർഡിനുടമയായി. സിതാര 9ാം വയസ്സിൽ ഒ ലെവൽ കെമിസ്ട്രിയും പത്താം വയസ്സിൽ ഒ ലെവൽ ബയോളജിയും പാസായിരുന്നു. സിതാര റബ്വയിലാണ് താമസിച്ച് വരുന്നത്. ലോകത്ത് ആദ്യമായാണ് ഇത്ര ചെറുപ്രായത്തിൽ ഒരു ബാലിക ഒ ലെവൽ പരീക്ഷകൾ പൂർത്തി യാക്കുന്നത്.

# വഖാറെ അമൽ



**കടലായി:** ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ കട ലായി സൗത്ത് യു.പി സ്ക്കൂളിൽ നടത്തിയ വഖാറെ അമൽ പ്രധാനാധ്യാപിക ശ്രീമതി റീന ഉൽഘാടനം ചെയ്തു. അൻസാർ -ഖുദ്ദാം അത് ഫാൽ സഹോദരന്മാരുടെ സജീവ സാന്നിദ്ധ്യ മുണ്ടായിരുന്ന പരിപാടിക്ക് ജമാഅത്ത് സദർ ഉസ്മാൻ സാഹിബ്,ഖാഇദ് സമീർ സാഹിബ് എന്നിവർ നേതൃത്വം നൽകി.

The Editor, AL HAQ
C/o Majlis Khuddamul Ahmadiyya
Karulai , Malappuram, Kerala

E.mail: alhaqeditor@gmail.com





# പെൻസിൽവാനിയ അസംബ്ലിയിൽ മൗലാനാ നസീം മഹ്ദിയുടെ പ്രഭാഷണം

**പെൻസിൽവാനിയ**: അഹ്മദിയ്യാ ജമാഅത്ത് അമേരിക്കയുടെ നാഷണൽ വൈസ് പ്രസിഡന്റ് മൗലാനാ നസീം മഹ്ദി സാഹിബ് ഹാരിസ്ബോർഗിൽ നടന്ന ഹൗസ് ഓഫ് റപ്രസൻന്റേറ്റീവ് അസംബ്ളിയിലെ ആദ്യ സെഷനിൽ പ്രഭാഷണം നടത്തി.

മൗലാനാ സാഹിബ് പറഞ്ഞു: അമേരിക്കയിലെ ആദ്യത്തെ ഇസ്‌ലാമിക പ്രസ്ഥാനമായ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതിനിധിയാണ് ഞാൻ. 1920-ലാണ് അമേരിക്കയിൽ അഹ്മദിയ്യാ പ്രസ്ഥാനം എത്തിയത്. ഞങ്ങൾ ഏക ദൈവത്തിൽ വിശ്വസിക്കുന്നവരാണ്.

ഞങ്ങളുടെ മുദ്രാവാക്യം Love for all Hatred for none എന്നതാണ്. ദൈവമാണ് നമ്മെ സൃഷ്ടിച്ചത്. അവനെ നാം സ്നേഹിക്കുകയും ആരാധിക്കുകയും വേണം. അവൻ നമ്മേയും സ്നേഹിക്കുന്നതാണ്.

ഹ. മുഹമ്മദ് നബി(സ) ദേശസ്നേഹം വിശ്വാസത്തിന്റെ ഭാഗമാണെന്ന് പഠിപ്പിക്കുന്നു. ഐക്യത്തോടെ വർത്തിക്കാനാണ് ഇസ്‌ലാം ഉപദേശിക്കുന്നത്. ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റിത്തന്ന ദൈവം നമ്മുടെ ആത്മീയ മാർഗദർശനത്തിന് വേണ്ടി പ്രവാചകന്മാരെ അയക്കുകയും അവർക്ക് ദിവ്യബോധനങ്ങൾ നൽകുകയുമുണ്ടായി. എല്ലാ കാലത്തും ദേശത്തും ദൈവദൂതന്മാർ ആഗതരായിട്ടുണ്ട്. അതിൽ ആദമും, നോഹയും, മോശയും, യേശുവും, ശ്രീകൃഷ്ണനും, സൊരാസ്ട്രരും ഒക്കെ ഉൾപ്പെടുന്നു.

എല്ലാ പ്രവാചകന്മാരും മനുഷ്യത്വത്തെ ഉയർത്തിപ്പിടിക്കാനാണ് ഉപദേശിച്ചത്.

## മജ്‌ലിസ് മുശാവറത്ത്

**ഖാദിയാൻ :** ഫെബ്രുവരി 25,26 തിയ്യതികളിൽ അഖിലേന്ത്യാ മുശാവറത്ത് സംഘടിപ്പിക്കാൻ ഹുസൂർ തിരുമനസ് അനുമതി നൽകി.

ഖിലാഫത്തിന് കീഴിൽ ഏറ്റവും വിശുദ്ധമായ സ്ഥാപനമാണ് മജ്‌ലിസ് ശൂറ. ഒരു വർഷത്തേക്കാണ് ഇതിലെ പ്രതിനിധികൾ തിരഞ്ഞെടുക്കപ്പെടുന്നത്.

സംവിധാന സംബന്ധിയായ കാര്യങ്ങൾ ഒഴിച്ചുള്ള സംഗതികളെ പറ്റി നേരത്തെ തന്നെ അജണ്ട തയ്യാറാക്കി ഹുസൂറിൽ നിന്ന് അനുമതി വാങ്ങുകയും ശൂറ ചർച്ച ചെയ്ത് ഹുസൂറിന്റെ അന്തിമ തീരുമാനത്തിനുവേണ്ടി സമർപ്പിക്കുകയുമാണ് ചെയ്യാറുള്ളത്.

# ആവേശകരമായ അഹ്മദിയ്യാ ബുക്ഫെയർ

- ബി. എ. മുഹമ്മദ് നജീബ്, എറണാകുളം

എറണാകുളം: അന്താരാഷ്ട്ര പുസ്തകോത്സവത്തോടനുബന്ധിച്ച് ഡിസംബർ 2 മുതൽ 11 വരെ എറണാകുളത്ത് സംഘടിപ്പിച്ച അഹ്മദിയ്യാ ബുക്ക് ഫെയർ തബ്‌ലീഗ് രംഗത്ത് പുത്തനുണർവ് പകർന്നു.

സോണൽ അമീർ ബി. ബി. അഹ്ദ് കബീർ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന പരിപാടിയുടെ വിജയത്തിനായി സൗത്ത് ഇലാഖാ ഖാഇദ് ഇ. എച്ച് നജീബ് സാഹിബ്, മൗലവി നാസിർ അഹ്മദ് സാഹിബ്, മൗലവി സുൽത്താൻ നസീർ സാഹിബ്, മൗലവി മുഹയുദ്ധീൻ സാഹിബ്, മൗലവി റിയാസുദ്ദീൻ സാഹിബ്, മൗലവി അബ്ദുൽ മുജീബ് സാഹിബ് എന്നിവരും മറ്റ് ഖാദിം അൻസാർ സഹോദരൻമാരും സജീവമായി രംഗത്തുണ്ടായിരുന്നു. ഏകദേശം അമ്പതിനായിരത്തോളം പേർ സ്റ്റാളുകൾ സന്ദർശിച്ചിട്ടുണ്ടെന്നാണ് കണക്കാക്കുന്നത്. അമ്പതിനായിരത്തോളം രൂപയുടെ പുസ്തകങ്ങൾ വിറ്റഴിക്കുകയും ജമാഅത്തിനെ പരിചയപ്പെടുത്തികൊണ്ടുള്ള അനേകം ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തു. കഴിഞ്ഞ വർഷം സംഘടിപ്പിച്ച ബുക്ക്ഫെയറിൽ നിന്ന് അഹ്മ



ദിയ്യാ സാഹിത്യങ്ങൾ പരിചയപ്പെട്ടിട്ടുള്ള മുൻ മന്ത്രി ജോസ് തെറ്റയിൽ എം.എൽ.എ സ്റ്റാളിലെത്തി കൂടുതൽ പുസ്തകങ്ങൾ വാങ്ങുകയുണ്ടായി. കൂടാതെ സാംസ്കാരിക വകുപ്പുമന്ത്രി കെ.സി.ജോസഫ്, പ്രമുഖ സാംസ്കാരിക പ്രവർത്തകൻ അഡ്വ.ശിവൻ മഠത്തിൽ യുവമോർച്ച സംസ്ഥാന പ്രസിഡന്റ് കെ.സുരേന്ദ്രൻ തുടങ്ങി ഒട്ടനേകം പേർ സന്ദർശകരായി എത്തിയിരുന്നു. രണ്ട് സ്ഥലങ്ങളിലായി ഒരുക്കിയ സ്റ്റാളുകളിൽ മതസൗഹാർദത്തിന് പ്രാധാന്യം നൽകുന്ന ഫ്ളക്സ് ബോർഡുകൾ സന്ദർശകരുടെ പ്രത്യേക ശ്രദ്ധപിടിച്ചുപറ്റി.



കടലായി ഖുദ്ദാം - അത്ഫാൽ അംഗങ്ങൾ പുതുവർഷ ദിനത്തിൽ മുഴപ്പിലങ്ങാട് ബീച്ചിൽ

## ഉമ്മഹാത്തുൽ മുഅ്മിനീൻ

1. ഹദ്റത്ത് ഖദീജ(റ) D/o ഖുവയ്‌ലിദ്
2. ഹദ്റത്ത് സൗദ(റ) D/o ഹംസ
3. ഹദ്റത്ത് ആയിശ(റ) D/o ഹദ്റത്ത് അബൂബക്കർ(റ)
4. ഹദ്റത്ത് ഹഫ്സ(റ) D/o ഹദ്റത്ത് ഉമർ(റ)
5. ഹദ്റത്ത് സയ്നബ(റ) D/o ഖുസയ്മ
6. ഹദ്റത്ത് ഉമ്മുസൽമ(റ) D/o അബൂഉമയ്യത്ത്
7. ഹദ്റത്ത് ജുവയ്‌രിയ്യ(റ) D/o ഹാരിസ്
8. ഹദ്റത്ത് സയ്നബ(റ) D/o ജഹ്ശ്
9. ഹദ്റത്ത് ഉമ്മു ഹബീബ(റ) D/o അബൂസുഫ്‌യാൻ
10. ഹദ്റത്ത് സഫിയ്യ(റ) D/o ഹുയയ്യ്ബിനു അഖ്തബ്
11. ഹദ്റത്ത് മയ്മൂന(റ) D/o ഹാരിസ്
12. ഹദ്റത്ത് മാരിയത്തുൽ ഖിബ്തിയ്യ(റ) - മിസ്റിലെ രാജകുടുംബാംഗം

## നബി(സ)യുടെ പെൺമക്കൾ

1. ഹ. സയ്യിദ സയ്നബ് (റ) W/o : അബുൽആസ് ബിൻ റബിഅ് (റ)
2. ഹ. സയ്യിദ റുഖിയ്യ (റ) W/o : ഉസ്മാൻ (റ)
3. ഹ. സയ്യിദ ഉമ്മുകുൽസും (റ) W/o : ഉസ്മാൻ (റ)

(ഹ. റുഖിയ്യയുടെ വിയോഗത്തിനുശേഷം വിവാഹം കഴിച്ചു)

4. ഹ. സയ്യിദ ഫാത്വിമത്തുസ്സുഹ്റ (റ) W/o : അലി (റ)

## നബി(സ)യുടെ ആൺമക്കൾ

1. ഖാസിം 2. തയ്യിബ്, 3. ത്വാഹിർ ( മാതാവ് ഹ. ഖദീജ(റ) )
4. ഹ. ഇബ്റാഹിം ( മാതാവ് ഹ. മാരിയത്തുൽ ഖിബ്തിയ്യ(റ) )

## തിരുനബിയുടെ ഖലീഫമാർ

1. ഹ. അബൂബക്കർ(റ) 2. ഹ. ഉമർ(റ)
3. ഹ. ഉസ്മാൻ(റ) 4. ഹ. അലി(റ)

## നബി(സ)ന്റെ വസ്ത്രം

- വെള്ള വസ്ത്രം ഇഷ്ടപ്പെട്ടിരുന്നു.
- പരുത്തിവസ്ത്രങ്ങളും ധരിച്ചിരുന്നു
- പച്ചനിറമുള്ള യമനീ പുതപ്പ് ഇഷ്ടമായിരുന്നു
- തൊപ്പിയും ധരിച്ചിരുന്നു

## തിരുനബി(സ)ന്റെ വഹ്‌യ് എഴുത്തുകാരിൽ ചിലർ

1. ഹ. അബൂബക്കർ(റ) 2. ഹ. ഉമർ (റ) 3. ഹ. ഉസ്മാൻ(റ)
4. ഹ. അലി(റ) 5. ഹ. സുബയ്ർ(റ) ബിനുൽ അവ്വാം,
6. ഹ. സുബയ്ർ(റ)ബിനു സാബിത് 7. ഹ. ഉബയ്യ്(റ)ബ്നു കഅ്ബ്

## തിരുനബി(സ)ന്റെ വചനങ്ങളും കർമങ്ങളും

പിന്നീട് ക്രോഡീകരിച്ചതാണ് ഹദീസുകൾ

**സിഹാഹുസ്സിത്ത:** (ആധികാരികമായ 6 ഹദീസ് ഗ്രന്ഥങ്ങൾ)

1. സ്വഹീഹുൽ ബുഖാരി
2. സ്വഹീഹ് മുസ്‌ലിം
3. ജാമിഉത്തിർമിദി
4. ഇബ്നുമാജ
5. നസായി
6. അബൂദാവൂദ്

## മറ്റുചില ഹദീസ് ഗ്രന്ഥങ്ങൾ

- മുഅത്വാ ഇമാം മാലിക്
- മുസ്നദ് അഹ്മദ്
- ദാറുഖുത്നി





**മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല. പക്ഷേ, അദ്ദേഹം, അല്ലാഹുവിന്റെ ദൂതനും എല്ലാ പ്രവാചകന്മാരുടെയും മുദ്രയുമാകുന്നു. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിയുന്നവനാകുന്നു.** (33:41)



പൊതുവിജ്ഞാനം

വിജ്ഞാനം വിശ്വാസിയുടെ നഷ്ടപ്പെട്ട മുതലാകുന്നു. അത് എവിടെ നിന്ന് കിട്ടിയാലും സ്വായത്തമാക്കുക. (നബിവചനം)


# അന്തരീക്ഷ മലിനീകരണം




## കാർബൺഡൈ ഓക്സൈഡ് $CO_2$

മീഥേൻ (CH2)മുതലായ ഹരിത വാതകങ്ങളും (Green house gases) ക്ലോറോഫ്ളൂറോ കാർബണുകൾ (Chloro fluro carbons - CFC) തുടങ്ങിയ ഓസോൺ പാളി നാശകാരികൾ, സൾഫർ ഡൈ ഓക്സൈഡ് (SO2) നൈട്രജൻ ഓക്സൈഡുകൾ (NO, NO2) കാർബൺ മോണോ ക്സൈഡ് (CO) മുതലായ വ്യാവസായിക വിഷവാതകങ്ങൾ (Industrial Poison Gases) പൊടിപടലങ്ങൾ (Dust) ഇവയെല്ലാം അന്തരീക്ഷ മലിനീകരണത്തിന് കാരണമാണ്.

വ്യാവസായിക കാർബൺ ഡൈ ഓക്സൈഡിന്റെ 75%വും പുറം തള്ളുന്നത് വികസിത രാഷ്ട്രങ്ങളാണ്. ഇതിന് പ്രധാനകാരണം കൽക്കരിയുടെയും പെട്രോളിയത്തിന്റെയും അമിതോപയോഗമാണ്. മറ്റുഭാഗത്ത് വനനശീകരണം കാരണം, ഉത്പാദിപ്പിക്കപ്പെടുന്ന മുഴുവൻ കാർബൺഡൈ ഓക്സൈഡും ആഗിരണം ചെയ്യാൻ മാത്രം സസ്യസമ്പത്ത് ഇല്ലാതാവുകയും ചെയ്തു.




Methane

## മീഥേൻ

കൃഷിയിടങ്ങളിലെ വൈക്കോൽ മുതലായവ ചീയുമ്പോഴും, കന്നുകാലികളുടെ വിസർജ്യ വസ്തുക്കൾ അഴുകുമ്പോഴും മീഥേൻ ബഹിർഗമിക്കുന്നു. വൻകിട അണക്കെട്ടുകൾ മൂലം വനഭൂമി വെള്ളത്തിൽ ആഴ്ന്നു നശിക്കുമ്പോഴും മീഥേൻ ഉണ്ടാകുന്നു.

## ഓസോൺ

ഭൗമാന്തരീക്ഷത്തിൽ വളരെ കുറഞ്ഞ സാന്ദ്രതയിൽ കാണപ്പെടുന്ന വാതകമാണ് ഓസോൺ (Ozone) ഇത് ഓക്സിജന്റെ ഒരു അപരരൂപമാണ്. (Allotrope).


Allotrope

ഓസോണിൽ മൂന്ന് ഓക്സിജൻ തന്മാത്രകളാണുള്ളത് - O3. ഭൂമിയുടെ ഏകദേശം 16-50 കി.മീ. ഉയരത്തിലുള്ള മധ്യരേഖാ വായു മണ്ഡലത്തിൽ നിന്ന് (Equatorial atmosphere) ഇത് അൽപം കൂടുതലാണ്. ഏകദേശം 20-25 കി.മീ ഉയരത്തിലാണ് കൂടിയ സാന്ദ്രത. അത് ഏകദേശം 10ppm (പത്തുലക്ഷത്തിൽ ഒരംശം - Part Per Million) മാത്രമാണ്. ഇതാണ് ഓസോൺ പുതപ്പ് അഥവാ ഓസോൺ പാളി (Ozone Blanket or Ozone Layer).

ധ്രുവ പ്രദേശങ്ങളിലെ അന്തരീക്ഷത്തിൽ ഏതാണ്ട് 10 കി.മീ ഉയരത്തിലാണ് ഓസോൺ പാളി. ഭൂമിയിൽ ജീവൻ നിലനിർത്തുന്നത് ഓസോൺ പുതപ്പാണ്. ഇതില്ലായിരുന്നെങ്കിൽ സൂര്യരശ്മിയിലെ മാരകമായ അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിൽ നേരിട്ട് പതിക്കുകയും ക്രമേണ ഭൂമിയിൽ ജീവൻ തന്നെ അപ്രത്യക്ഷമാവുകയും ചെയ്യുമായിരുന്നു.


Ozone Layer



Equatorial atmosphere




O3

എല്ലാ അൾട്രാ വയലറ്റ് രശ്മികളും മാരകമല്ല. ചില പ്രത്യേക തരംഗ ദൈർഘ്യത്തിലുള്ള അപകടകാരികളായ രശ്മികളെ ഓസോൺ പാളി ആഗിരണം ചെയ്ത് ഭൂമിയിലെത്താതെ രക്ഷിക്കുന്നു.

- വ്യവസായങ്ങൾ പുറംതള്ളുന്ന വാതകങ്ങൾ പ്രധാനമായും ക്ളോറോഫ്ളൂറോ കാർബണുകൾ ഓസോൺ പാളിക്ക് വിള്ളലുകൾ വീഴ്ത്തുന്നു.

ആരോഗ്യം



# ഈസാനബിയും ഹൃദയ ശസ്ത്രക്രിയയും




ഡോക്ടർ മുഹമ്മദ് മസ്ഊദുൽ ഹസൻ സാഹിബ് നൂരി


ഹൃദയശസ്ത്രക്രിയയെ സംബന്ധിച്ച എന്റെ ഗവേഷണത്തിൽ കണ്ടെത്തിയ ശ്രദ്ധേയമായ ഒരു സംഗതി വിവരിക്കാം. അമേരിക്കയിലെ പല ഡോക്ടർമാരുമായി ഇത് പങ്കുവെച്ചിട്ടുമുണ്ട്.

ഹദ്റത് ഈസാനബി(അ)മിനെ കുരിശിൽ തറക്കുന്ന സ്ഥലത്തേയ്ക്ക് കൊണ്ടുവരുമ്പോൾ തലയിൽ മുൾകിരീടം വെച്ചിരുന്നു. അത് ചിലപ്പോൾ വീണുപോവുകയും വീണ്ടും തലയിൽ വെക്കുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ ശരീരത്തിന്റെ പല ഭാഗത്തും മുള്ളുകൾ തറയ്ക്കാൻ ഇടയായി. അതിലൊന്ന് നെഞ്ചിൽ ഹൃദയത്തിന്റെ ഭാഗത്താണ് തറച്ചത്.

ഇതിലൊരു കാര്യം ഓർക്കേണ്ടത്, ഹൃദയത്തിനുചുറ്റും രണ്ട് പാളികളുണ്ട്. അതിനുള്ളിൽ വെള്ളത്തിന്റെ നേർത്തപാളിയുമുണ്ട്. ഹൃദയമിഡിപ്പുള്ളപ്പോൾ ഹൃദയം പുറംഭാഗവുമായി ഉരസാതിരിക്കാൻ ഇതു സഹായിക്കുന്നു. അല്ലെങ്കിൽ ഹൃദയം മിഡിക്കുന്നതിനനുസരിച്ച് അതിന്റെ പുറത്തേക്ക് കയറിവരുന്നതാണ്. ചുരുക്കത്തിൽ ഇതൊക്കെ അല്ലാഹുവിന്റെ വലിയൊരു അനുഗ്രഹമാണ്.

ഹദ്റത് ഈസാനബി(അ)ന്റെ ഹൃദയത്തിൽ മുള്ള് തറച്ചപ്പോൾ ഈ പാളികൾക്കിടയിൽ രക്തം വന്നുനിറയാൻ തുടങ്ങി. അങ്ങിനെ പതിയെപ്പതിയെ ഹൃദയമിടിപ്പ് കുറയാൻ തുടങ്ങി. ബ്ലഡ് പ്രഷറും കുറയാൻ തുടങ്ങി. അങ്ങനെ അദ്ദേഹം മോഹാലസ്യപ്പെട്ടു. വെള്ളിയാഴ്ച ഉച്ചയ്ക്ക് ശേഷമാണ് കുരിശിൽ തറച്ചത്. പെട്ടന്ന് അതിശക്തമായ കാറ്റ് അടിക്കുകയും അസ്തമയ പ്രതീതി ഉണ്ടാവുകയും ചെയ്തു. അതായത് ആകാശത്ത് ഇരുൾ വ്യാപിക്കുമ്പോൾ രാത്രിയാകുന്നതുപോലെ തോന്നുന്നത് സ്വാഭാവികമാണ്. അതാണ് അന്ന് സംഭവിച്ചത്.












ഈസാ (അ) കുരിശിൽ തൂങ്ങിക്കിടന്നത് കേവലം രണ്ട് രണ്ടര മണിക്കൂറുകളാണ്. അപ്പോഴേക്കും ഹൃദയത്തിനു ചുറ്റും രക്തം നിറഞ്ഞിരുന്നു. അടുത്തുണ്ടായിരുന്ന പടയാളി അദ്ദേഹം മരിച്ചോ എന്ന് ഉറപ്പിക്കാൻ നെഞ്ചിനു അൽപ്പം താഴേയായി എല്ലുകൾക്കിടയിൽ കുന്തംകൊണ്ട് കുത്തി. അപ്പോൾ ശരീരത്തിൽ നിന്നും രക്തവും വെള്ളവും തുളിച്ചുവന്നു. ഇതിൽ നിന്നും മനസ്സിലാവുന്നത് ആ സമയത്ത് അദ്ദേഹത്തിന് ജീവനുണ്ടായിരുന്നുവെന്നും ഹൃദയം മിഡിച്ചിരുന്നുവെന്നുമാണ്. മറ്റൊന്ന് കുന്തംകൊണ്ട് കുത്തിയപ്പോൾ ഹൃദയത്തിനുചുറ്റും കൂടിയ രക്തവും വെള്ളവും പുറത്തേയ്ക്ക് വരാൻ ഇടയായി. സാവധാനത്തിലായിരുന്ന ഹൃദയമിഡിപ്പ് അങ്ങനെ വർദ്ധിക്കാൻ ഇടയായി. പിന്നെ ചരിത്രത്തിൽ പറയുന്നതു പോലെ അദ്ദേഹത്തെ കുരിശിൽനിന്നും ഇറക്കുകയും കല്ലറയിൽ വെച്ച് ശുശ്രൂഷിക്കുകയുമാണ് ഉണ്ടായത്.

എന്റെ അഭിപ്രായത്തിൽ ഇതായിരുന്നു ചരിത്രത്തിലെ ആദ്യത്തെ ഹൃദയശസ്ത്രക്രിയാ കേസ്. കൃത്യമായ ആസൂത്രണത്തോടുകൂടി ശസ്ത്രക്രിയ നടന്നില്ലെങ്കിൽ തന്നെയും അത് ദൈവികമായി തന്നെ സംഭവിക്കുകയായിരുന്നു.




ഇന്നും ഇത്തരം കേസുകൾ വരാറുണ്ട്. കുറച്ചു ദിവസം മുമ്പ് ഒരു കുട്ടി ക്രിക്കറ്റ് കളിക്കിടയിൽ റൺ എടുക്കുന്നതിനിടയിൽ ക്രീസിൽ വീണ് നെഞ്ചിൽ ആണി തറച്ചതുകാരണം വന്നിരുന്നു.

ആണി കാരണം രക്തം പുറത്തേക്ക് വന്നില്ല. പക്ഷേ വേദന അനുഭവപ്പെടുന്നുണ്ടായിരുന്നു. കുറച്ചുസമയത്തിനകം ശ്വാസം മുട്ടുന്നതായി പറഞ്ഞു. ആശുപത്രിയിൽ എത്തിച്ച് ആണി എടുത്തുമാറ്റി. എക്സ്റേ എടുത്ത് നോക്കിയപ്പോൾ ഹൃദയത്തിന്റെ രൂപം അൽപം വലുതായിട്ടുണ്ടായിരുന്നു. പിന്നെയാണ് ഞങ്ങളുടെ ആശുപത്രിയിലേക്ക് കൊണ്ടുവന്നത്. അതായത് ഏകദേശം ഒന്നര മണിക്കൂറിന് ശേഷം.

അപ്പോഴേക്കും ഹൃദയം വീർക്കുകയും ഹൃദയത്തിനുചുറ്റും രക്തം ഒരുമിച്ചുകൂടുകയും ചെയ്തിരുന്നു. അതുകൊണ്ട് തന്നെ ഹൃദയം ശരിയായനിലയിൽ രക്തം പമ്പുചെയ്യുന്നുണ്ടായിരുന്നില്ല. ഞാനൊരു സിറിഞ്ച് എടുത്ത് നെഞ്ചിനിടയിലൂടെ കടത്തി അവിടെ കൂടിയിട്ടുണ്ടായിരുന്ന രക്തം പുറത്തേയ്ക്ക് എടുത്തു. കുട്ടി സുഖമാവുകയും ചെയ്തു. തുടർന്ന് ഓപ്പറേഷൻ ചെയ്യുമ്പോൾ എനിക്ക് ഈസാ(അ)മിന്റെ സംഭവമാണ് ഓർമ്മ വന്നത്.

# തിരുനബി(സ)യെ അനുധാവനം ചെയ്യുക അനുഗ്രഹങ്ങൾ സ്വായത്തമാക്കാം

ഹദ്റത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V (അയ്യദഹുല്ലാഹ്)

**ലണ്ടൻ** : തിരുനബി(സ)യെ പൂർണമായും അനുധാവനം ചെയ്യുന്നതിലൂടെ മാത്രമേ ദൈവികാനുഗ്രഹങ്ങൾ സ്വായത്തമാക്കാൻ കഴിയൂ എന്ന് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് ഹദ്റത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് പ്രസ്താവിച്ചു. ഇവിടെ ലണ്ടൻ ബയ്ത്തുൽ ഫുത്തൂഹിൽ എം.ടി.എ മുഖേന ഖാദിയാൻ ജൽസാ സാലാനയുടെ സമാപന പ്രഭാഷണം നടത്തുകയായിരുന്നു ഹുസൂർ. തിരുനബി(സ)ന്റെ സന്ദേശം സമാധാനത്തിന്റെയും സൗഹാർദ്ദത്തിന്റേതുമാണെന്നും അത് ജനഹൃദയങ്ങളിലെത്താൻ അവിശ്രാന്ത പരിശ്രമം നടത്തണമെന്നും ഹുസൂർ ആഹ്വാനം ചെയ്തു. അഹ്മദിയ്യത്തിനെതിരെയുള്ള എല്ലാ പദ്ധതികളും തീർച്ചയായും പരാജയത്തിൽ കലാശിക്കുമെന്നും അന്തിമ വിജയം അഹ്മദിയ്യത്തിന്റേതാണെന്നും അദ്ദേഹം പറഞ്ഞു.






- ലണ്ടനിൽ ചേർന്ന പ്രത്യക സമ്മേളനത്തിൽ നാലായിരം പേർ പങ്കെടുത്തു. അതേ സമയം എം.ടി.എ മുഖേന ലോകം മുഴുവനും ഹുസൂറിന്റെ പ്രഭാഷണം സംപ്രേഷണം ചെയ്യുകയുണ്ടായി.
- തുടക്കത്തിൽ ഹാനി ത്വാഹിർ സാഹിബ് വിശുദ്ധഖുർആനിൽ നിന്ന് തിലാവത്ത് ചെയ്തു. മൗലാനാ അബ്ദുൽ മുഅ്മീൻ സാഹിബ് ത്വാഹിർ പരിഭാഷ കേൾപിച്ചു.

Chairman Management & Editorial Board : C. Zameem

Printer & Publisher : T.K.Mushtak Ahmad
Manager : B.M.Shoukath Ali
Chief Editor : H.Shamsuddin
Editor : T.K.Mubashir Ahmad
Members : M.P.Abdul Latheef, N.Shafeeq Ahmad
Layout : Quraish

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtak Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut